# ജോമോന്റെ ചേച്ചി

Jomonte Chechi | Author : Jomon | www.kambistories.com

ഞാൻ ആദ്യമായിയാണ് ഒരു കഥ എഴുതുന്നത് അത്കൊണ്ട് അതിന്റെതായ പോരായ്മകൾ ഒണ്ടാവും

എന്നെ പരിചയപ്പെടുത്തുന്നതിന് മുൻപ് നിങ്ങളെന്റെ വീടും വീട്ടുകാരെയും പറ്റി അറിഞ്ഞിരിക്കണം

എന്റെ പേര് ജോമോൻ എന്നാണ്...അതികം ആരുമറിയാത്ത ഒരു പക്കാ ഗ്രാമപ്രദേശത്തു ആണ് വീട്

അവിടെ അപ്പനും അമ്മയും പിന്നെയൊരു ചേട്ടനും ഒണ്ട്

അല്ലറചില്ലറ സ്ഥലക്കച്ചവടവും വീടിന് പിന്നിലായി കൊറച്ചു സ്ഥലത്തെ വാഴകൃഷിയുമൊക്കെയായി ജീവിച്ചു പോകുന്ന ഒരു മനുഷ്യൻ ആണ് എന്റപ്പൻ ജേക്കബ്

ഒരു മിഡിൽ ക്ലാസ്സ് ക്രിസ്ത്യാനി കുടുംബം ആയിട്ട് പോലും യാതൊരു അല്ലലും അറിയിക്കാതെ ആണ് അപ്പൻ ഞങ്ങളെ വളർത്തിയത്

നിത്യവും പള്ളിയിൽ പോക്ക് മുടക്കാത്ത ദൈവവിശ്വാസി ആണ് എന്റെ അമ്മ ലിസി

പണ്ടു മുതൽക്കേ എന്റെ റോൾ മോഡൽ ആയിരുന്നു ചേട്ടൻ ജോയൽ

പള്ളിയിൽ ആയാലും സ്കൂളിൽ ആയാലും അവനെക്കുറിച്ചു നല്ലൊരു വാക്ക് അല്ലാതെ മറ്റുള്ളവർ പറയില്ലായിരുന്നു

പക്ഷെ ചെറിയ ക്ലാസ്സിൽ നിന്നും അവൻ വളരുന്തോരും അവന്റെ സ്വഭാവവും ശീലങ്ങളും മാറി വന്നു

ഞങ്ങൾ തമ്മിൽ 5 വയസ്സിനു വ്യത്യാസം ഉണ്ടായിരുന്നു

അതുകൊണ്ട് ആകുമെന്ന് തോന്നി അവൻ വളർന്നു കഴിഞ്ഞപ്പോ എന്നെ അവഗണിക്കുന്നത് പോലെ തോന്നി

ചിലപ്പോ ഞാനൊരു കുട്ടിയായത് കൊണ്ടായിരിക്കും എന്ന് കരുതി

കോളേജിൽ പോകാൻ തുടങ്ങിയപ്പോഴേക്കും അവന് ഒരുപാട് കൂട്ടുകാർ ആയി... അങ്ങനെ ഒരിക്കൽ ഞങ്ങൾ നാല് പേര് മാത്രമുള്ള കുടുംബത്തിലേക്ക് പുതിയൊരാൾ കൂടെ കടന്നുവന്നു

അന്ന് ഞാൻ പത്താം ക്ലാസ്സിലെ അവസാന പരീക്ഷയും കഴിഞ്ഞു വീട്ടിലേക്ക് വരികയായിരുന്നു

വീടിനടുത്തെത്തുന്തോറും മുറ്റത്തു ചെറിയൊരു ആൾക്കൂട്ടം കണ്ടു

ഇത്രയും ആളുകളെന്താ വീടിനുമുന്നിൽ എന്ന് ആലോചിച്ചുകൊണ്ട് ഞാൻ അവർക്കിടയിലേക്ക് ഓടി കയറി

മുറ്റത്തു ആളുകൾക്ക് നടുവിൽ നിന്ന് അച്ഛൻ വേറെ ആരോടൊക്കെയോ സംസാരിക്കാൻ ശ്രമിക്കുന്നത് ഞാൻ കണ്ടു

രണ്ട് മൂന്ന് പേര് അച്ഛനോട് ശബ്ദത്തിൽ സംസാരിക്കുന്നതും കാണാം.. ഇടയിൽ ഞങ്ങളുടെ വാർഡിലെ മെമ്പർ രവിച്ചേട്ടനും സംസാരിക്കുന്നുണ്ട്

പെട്ടെന്ന് കേറി വന്നത് കൊണ്ട് എനിക്കു ഒന്നും മനസിലായില്ല.. പക്ഷെ അവിടെ കൂടി നിന്നവരുടെ സംസാരത്തിൽ നിന്ന് എനിക്ക് ഏറെക്കുറെ കാര്യങ്ങളുടെ കിടപ്പ് മനസിലായി

ഇവിടുന്ന് ഡിഗ്രി എടുത്തു പഠിക്കാൻ പോയ എന്റെ ചേട്ടൻ അവിടെ അടുത്ത് തന്നെ ഉള്ള ഒരു പെണ്ണിനെയും കൊണ്ട് ഒളിച്ചോടി... പക്ഷെ ഒളിച്ചോടി വന്നത് വീട്ടിലേക്ക് ആണെന്ന് മാത്രം

പുതിയതായി വന്ന അതിഥിയെ കാണാൻ ഞാൻ വീടിനകത്തേക്ക് കയറി

__________

5 വർഷങ്ങൾക്ക് ശേഷം

ഇന്നെന്റെ കോളേജിലെ ഫസ്റ്റ് ഡേ ആണ്

ആദ്യത്തെ ദിവസം തന്നെ വൈകിച്ചെല്ലേണ്ട എന്ന് കരുതി ഞാൻ രാവിലെ തന്നെ എന്റെ പണികൾ ഒക്കെ കഴിഞ്ഞു ഒരുങ്ങി ഇറങ്ങി

14 മത്തെ നിലയിൽ നിന്ന് താഴെ എത്തിയപ്പോൾ തന്നെ ഒരു പരുവം ആയിരുന്നു ഞാൻ

തിരക്ക് നിറഞ്ഞ സിറ്റി ആയത് കൊണ്ട് തന്നെ യാത്രക്ക് എളുപ്പം സ്കൂട്ടർ ആണെന്ന് തോന്നി

ഞാൻ ആണെങ്കിൽ ഫ്ലാറ്റിന് വെളിയിൽ ഇറങ്ങുന്നത് തന്നെ വല്ലപ്പോഴും ആയിരുന്നു

ഇനിയിപ്പോ അത് പറ്റില്ലല്ലോ

പാർക്കിംഗ് ഏരിയയിൽ നിന്ന് സ്കൂട്ടി എടുത്തു ഞാൻ പുറത്തേക്ക് ഓടിച്ചു

വഴി നിറയെ ആളുകളും തിരക്കും

നേരത്തെ ഇറങ്ങിയത് നന്നായി എന്ന് അപ്പോൾ തോന്നി

ബാംഗ്ലൂർ നഗരത്തിലൂടെ കോളേജ് ലക്ഷ്യമാക്കി ഞാൻ വണ്ടി ഓടിച്ചു

കഴിഞ്ഞ ഒരു വർഷം മുഴുവൻ ഫ്ലാറ്റിലും ജിമ്മിലുമായി കഴിഞ്ഞതിന്റെ ലക്ഷണങ്ങൾ എല്ലാം എന്റെ ശരീരത്തിൽ കാണാൻ കഴിയും

റോഡരിൽ വണ്ടി കാത്തു നിൽക്കുന്ന പല തരുണീ മണികളുടെയും നോട്ടം എന്നിലേക്കെത്തുന്നത് ഞാൻ അറിഞ്ഞു

എല്ലാം ആസ്വദിക്കാൻ ശ്രമിച്ചുകൊണ്ട് ഞാൻ വണ്ടിയോടിച്ചു... പക്ഷെ ഒന്നും മുഴുവനായും ആസ്വദിക്കൻ എനിക്ക് കഴിയുന്നില്ല

ആ തിരക്കിൽ ഇഴഞ്ഞിഴഞ്ഞു ഞാൻ കോളേജിന്റെ ഗേറ്റ് കടന്നു

വിദ്യാർത്ഥികൾക്ക് വേണ്ടിയായി ഒരു പ്രത്യേക പാർക്കിങ് ഉണ്ടായിരുന്നു... ഒരു ട്രെയിൻ കണക്കെ വണ്ടികൾ അവിടെ നിരന്നു കിടന്നിരുന്നു

പറ്റിയൊരു സ്ഥലം നോക്കി ഞാൻ വണ്ടി ഒതുക്കി

പുതിയ സ്ഥലം പുതിയ ആൾക്കാർ...ഒരു വർഷം ആയിട്ട് പഠിക്കാൻ പോലും ശ്രമിക്കാത്ത ഭാഷയും

എന്ത് ചെയ്യണം എങ്ങോട്ട് പോകണം എന്നറിയാതെ ഞാനവിടെ ഒരു മരച്ചുവട്ടിൽ നിന്നു

ആരോടു ചോദിക്കും എന്റെ ഡിപ്പാർട്മെന്റ് എവിടെ ആണെന്ന്

കേട്ടറിവ് മാത്രം വെച്ചാണ് ഞാൻ BA എടുക്കാൻ തീരുമാനിച്ചത്.. ഇതിപ്പോ ഒന്നും വേണ്ടായിരുന്നെന്ന് തോന്നുന്നു

കൊറച്ചു നേരം ഫോണിൽ നോക്കി നിന്നു...

സമയം പോയികൊണ്ടേ ഇരിന്നു.. ഇനിയും നിന്നാൽ ശെരിയാവില്ലെന്ന് കരുതി ഞാൻ അകത്തേക്ക് നടന്നു

വരാന്തയിലൂടെ കൊറച്ചു കറങ്ങി നടന്നപ്പോൾ ആണ് ദൂരെ നിന്ന് ഒരുത്തൻ വായി നോക്കുന്നത് കണ്ടത്

പുറത്തുകൂടെ നടന്നു പോകുന്ന കൊറച്ചു പെൺപിള്ളേരെ നോക്കി വായും പൊളിച്ചു നിൽക്കുന്നു

കറുപ്പിൽ ചുവന്ന മഷി കോരി ഒഴിച്ചത് പോലൊരു കളറുള്ള ഒരു ഷർട്ടും കറുത്ത പാന്റും ഇട്ട് തൂണിൽ ചാരിയാണ് നിൽപ്പ്

പുറത്ത് ചെറിയൊരു ബാഗും തൂക്കി ഇട്ടിട്ടുണ്ട്

കണ്ടപ്പോഴേ മനസിലായി ഇവനീ കോളേജിലെ ഒരു പ്രധാന കോഴി ആവാൻ സാധ്യത ഉണ്ടെന്നു

എന്തായാലും ഇവനോട് എന്റെ ക്ലാസ്സ് അറിയാമോന്ന് ചോദിക്കാം എന്ന് കരുതി അവന്റെ അടുത്തേക്ക് നടന്നു

അവന്റെ പിറകിൽ എത്തിയിട്ട് പോലും അവൻ അറിഞ്ഞില്ല... ചെയ്യുന്ന ജോലിയിൽ നീതി പുലർത്തുന്ന ഒരുത്തൻ ആണെന്ന് തോന്നുന്നു അവൻ

"ഹലോ...."

അവന്റെ തോളിൽ തോണ്ടി നോക്കി

"ആരടെ..?

പെട്ടെന്ന് തിരിഞ്ഞു നിന്നോകൊണ്ടവൻ ചോദിച്ചു... ലവൻ മലയാളി ആയിരുന്നോ

ചുമ്മാതല്ല...പരിസരബോധം പോലും ഇല്ലാതെ വെള്ളമിറക്കി നിന്നത്

"Bro മലയാളി ആണല്ലേ...?

"അതേ..നീയും മലയാളി ആണല്ലേ..."

ആദ്യമായി ഒരു മലയാളിയെ കണ്ട ഫീൽ ആണ് അപ്പൊ അവന്റെ മുഖത്തു

സന്തോഷവും അത്ഭുതവും ഒക്കെ നിറഞ്ഞൊരു ഭാവം

"മച്ചാനെ ഇവിടൊരു മലയാളിയെ കാണുമെന്നു ഞാൻ സ്വപ്നത്തിൽ പോലും കരുതിയില്ല... വന്നപ്പോ തൊട്ട് ഞാനീ കോളേജ് ഒരു 3-4 വട്ടം കറങ്ങി.. മരുന്നിനു പോലും ഒറ്റ എണ്ണത്തിനെ കിട്ടിയില്ല..."

അവൻ എന്നോട് പറഞ്ഞു.. നന്നായി സംസാരിക്കുന്ന കൂട്ടത്തിൽ ആണെന്ന് തോന്നുന്നു അവൻ

"അതിന് ആരോടെങ്കിലും ചോദിക്കണം.. അല്ലാണ്ട് ഇതുപോലെ വായി നോക്കി നിന്നാൽ എങ്ങനെ കിട്ടാനാ.."

"ചോദിച്ചതാ മച്ചാനെ.. അപ്പോ ഒണ്ട് തിരിച്ചു ഹിന്ദിയിലും കന്നഡയിലും ഒക്കെ ഉത്തരം വരുന്നു... തുളു വരെ ഉണ്ടായിരുന്നു ഇടക്ക്.."

"തുളുവോ...?

"ആന്നെ... ഞാൻ കേൾക്കാത്ത ഏതൊക്കെയൊ ഭാഷ... ഇനിയും എന്തൊക്കെ കേൾക്കേണ്ടി വരുമോ എന്തോ.."

അവൻ മുകളിലേക്ക് നോക്കി പറഞ്ഞു

"ആദ്യമായിട്ടാണോ ബാംഗ്ലൂർ...?

"ആദ്യമായിട്ടാ...ചിലപ്പോ അവസാനമായിട്ടും... ഇങ്ങനെ പോയാൽ ഇവിടെ പിടിച്ചു നിൽക്കുമെന്ന് എനിക്ക് തോന്നുന്നില്ല.."

"നിന്റെ പേരെന്താ.. ചോദിക്കാൻ മറന്നു..?

"അഖിൽ എന്ന... സ്ഥലം കണ്ണൂരാ..നാട്ടിലെ പടുത്തം ഒക്കെ കഴിഞ്ഞപ്പോ വീട്ടിൽ നിന്ന് മാറി നിൽക്കാമെല്ലോ എന്ന് കരുതിയ BA എടുത്തു ഇങ്ങോട്ട് പൊന്നേ... ഇതിപ്പോ പട്ടിക്ക് മുഴുവൻ തേങ്ങ കിട്ടിയ അവസ്ഥ ആയി.."

"BA ആണോ..ഞാനും... ഇനിയും ഇവിടെ നിക്കണ്ട വാ ക്ലാസ്സ് കണ്ടു പിടിക്കാ.."

അവനെയും കൂട്ടി ഞാൻ മുൻപോട്ട് നടന്നു

"എന്റെ പേര് ജോമോനെന്നാ...കോഴിക്കോട് ആണ് വീട്.."

ഞാൻ എന്നെ പരിചയപ്പെടുത്തി

അവനതെല്ലാം കേട്ടു നിന്നു.. ഒടുക്കം അവിടെ നിന്ന ചിലരോടൊക്കെ ചോദിച്ചു ക്ലാസ്സ് കണ്ടുപിടിച്ചു കേറി

പിന്നെ ഒന്ന് ഫ്രീ ആകാൻ പറ്റിയത് ഉച്ചക്ക് ആയിരുന്നു

അല്പം മണിക്കൂറുകൾ മാത്രം പരിചയമുണ്ടായിരുന്നെങ്കിലും ഞാനും അഖിലും തമ്മിൽ ജന്മങ്ങൾ നീണ്ടു നിന്ന ഒരു ബന്ധം പോലെ തോന്നി

വേറെ കൂട്ടുകാർ ആരും അവിടെ ഇല്ലാത്തത് കൊണ്ടായിരിക്കും.. അവനും അത് പറഞ്ഞു

ഇൻട്രോഡക്ഷൻ ക്ലാസ്സ് ആയത് കൊണ്ട് തന്നെ ഉച്ച കഴിഞ്ഞു ക്ലാസ്സിൽ കേറാൻ നിൽക്കാതെ ഞാൻ പുറത്തേക്ക് പോന്നു

പാർക്കിംഗ് ഏരിയയിലേക്ക് നടക്കുമ്പോൾ അഖിൽ പിറകിൽ നിന്ന് ഓടി വന്നു

"ജോ ഞാനുമുണ്ട്.."

"നീ എവിടെക്കാ...?

"നിന്റെ ഫ്ലാറ്റിന് അടുത്ത് തന്നെ ഉള്ള ഏരിയയിൽ ആണ് എന്റെ ഹോസ്റ്റലും...എന്നെ ആ വഴിയിൽ വിട്ടാൽ മതി.."

അവൻ പറഞ്ഞുകൊണ്ട് എന്റെ വണ്ടിയിൽ കയറി.. ഇനി അവിടെ വരെ ഇവൻ കമ്പനി തരുമെന്ന ആശ്വാസത്തിൽ ഞാൻ വണ്ടി എടുത്തു

"ജോ നീ ഇവിടെ ഒറ്റക്ക് ആണോ..?

"അല്ലേടാ.. എന്റെ ചേച്ചിയും ഒണ്ട് കൂടെ..."

"ചേച്ചിയോ...? അപ്പോ നാട്ടിൽ ആരൊക്കെ ഒണ്ട്..?

അവൻ എന്റെ ഫാമിലിയെക്കുറിച്ചു അറിയാനായി ചോദിച്ചു...

"അവിടെ അച്ഛനും അമ്മയും ഒണ്ട്... നിന്റെ വീട്ടിൽ ആരൊക്കെ ഒണ്ട്..?

"നാട്ടിൽ അമ്മയും പപ്പയും ഒരു പെങ്ങളും ഒണ്ടെടാ...പപ്പയും അമ്മയും ഡോക്ടർമാർ ആണ്..പെങ്ങളിപ്പോ പത്താം ക്ലാസ്സിൽ പഠിക്കുവാ... നിന്റെ ചേച്ചി എന്ത് ചെയ്യുവാ ഇവിടെ.. ജോലി ആണോ..?

"അതേടാ.. ഇവിടൊരു പ്രൈവറ്റ് കമ്പനിയിൽ അസിസ്റ്റന്റ് മാനേജർ ആണ് ഇപ്പൊ."

"ഓ.. അപ്പൊ നിങ്ങൾ ഇവിടെ വന്നിട്ട് കൊറേ ആയല്ലേ....?

"ഹാ.. ഒരു ഒന്നൊന്നര വർഷം ആയിക്കാണും.."

അപ്പോളേക്കും അവന്റെ ഹോസ്റ്റലിന്റെ മുൻപിൽ എത്തിയിരുന്നു..അവനെ അവിടെ ഇറക്കിയ ശേഷം ഞാൻ ഫ്ലാറ്റിലേക്ക് പോയി

ഒറ്റക്ക് ലിഫ്റ്റിൽ നിൽകുമ്പോൾ മനസ്സിനാകെ ഒരു വല്ലായിക ആയിരുന്നു.. ഇത്ര നേരം അഖിൽ കൂടെ ഉള്ളതോണ്ട് മറ്റൊന്നും ആലോചിക്കാതെ ഇവിടെ വരെ എത്തി

ഇനി.......

കയ്യിലെ സ്പെയർ കീ ഉപയോഗിച്ച് ലോക്ക് തുറന്നു അകത്തു കയറി

ഫ്രിഡ്ജിൽ നിന്ന് കൊറച്ചു തണുത്ത വെള്ളം കുടിച്ചിട്ട് നേരെ എന്റെ റൂമിലേക്ക് പോയി

ഡ്രസ്സ് പോലും മാറാൻ നിൽക്കാതെ ഞാൻ കയറി കിടന്നു

ഷീണം കൊണ്ടാണോ എന്തോ അപ്പോൾ തന്നെ മയങ്ങിപ്പോയി....

______________

അമ്മയെ ആണ് ഞാൻ ആദ്യമേ വീട്ടിൽ കയറിയപ്പോ തിരഞ്ഞത്

പുതിയതായി വന്ന ആളും കൂടെ കാണുമെന്നു എനിക്ക് ഉറപ്പായിരുന്നു

ഊഹം തെറ്റിയില്ല.. അമ്മയുടെ മുറിക്ക് മുൻപിൽ പെണ്ണുങ്ങളുടെ ഒരു പട തന്നെ ഉണ്ടായിരുന്നു

അവർക്കിടയിലൂടെ ഞാൻ അകത്തേക്ക് കയറി

അവിടെ കണ്ടു അമ്മയുടെ തോളിൽ മുഖമമർത്തി കരയുന്ന ഒരു പെണ്ണികുട്ടിയെ

അവിടെ കൂടി നിന്നവർ പറയുന്നത് കേട്ടാണ് ഞാൻ അറിഞ്ഞത് അവർക്ക് ഏകദേശം ഇരുപത് വയസ്സിനടുത്തു പ്രായം ഉണ്ടെന്നു.. പക്ഷെ കണ്ടാൽ അത്ര പോലും തോന്നുകയുമില്ല

വെളുത്തു മെലിഞ്ഞു നല്ല നീളമുള്ള മുടിയുള്ള ഒരു പാവം ചേച്ചി.. പാവം ആയതു കൊണ്ടാവുമല്ലോ ഇങ്ങനെ കരയുന്നത്... ഇങ്ങനെ ഒക്കെ മനസ്സിൽ കരുതി ഞാൻ എന്റെ മുറിയിലേക്ക് നടന്നു

അവിടെ അമ്മാവന്മാരുടെ ഒരു കൂട്ടം തന്നെ ഉണ്ടായിരുന്നു

അവർക്കൊക്കെ നടുവിൽ തലക്ക് കയ്യും കൊടുത്തിരിക്കുന്ന ചേട്ടനും

ഇങ്ങനെ ഒക്കെ ജീവിതത്തിൽ ആദ്യമായി കാണുന്ന ഞാൻ എല്ലാവരെയും നോക്കിക്കൊണ്ട് അവിടെ കറങ്ങി നടന്നു

ചിലർ കരയുന്നു.. ചിലർ ദേഷ്യപ്പെടുന്നു.. വേറെ ചിലർ കുറ്റങ്ങൾ കണ്ടു പിടിച്ചുകൊണ്ടു നടക്കുന്നു

എല്ലാം ഒന്ന് കെട്ടടങ്ങിയത് രാത്രിയോടെ ആയിരുന്നു

ഒടുക്കം അമ്മയുടെ മടിയിൽ കിടന്നപ്പോ അമ്മ പറയുന്നത് കേട്ടു

ആ ചേച്ചിയെ ഇനി അവരുടെ വീട്ടുകാർക്ക് വേണ്ടെന്ന്.. അത് പറഞ്ഞായിരുന്നു ഉമ്മറത്തു നിന്ന് കൊറച്ചു പേർ ഉച്ചത്തിൽ സംസാരിച്ചത്

പിന്നെ ആണ് അച്ഛൻ പറഞ്ഞത് എന്റെ മോൾ ആയി തന്നെ ഇവിടെ ഞാൻ വളർത്തിക്കോളാം..ചേട്ടന് കല്യാണപ്രായം ആകുമ്പോൾ അവരെ കെട്ടിച്ചോളാം എന്നൊക്കെ

"അപ്പൊ ആ ചേച്ചി ഇവിടെ ആണോ അമ്മേ ഇനി നിൽക്കാൻ പോണത്..?

അമ്മയോട് ഞാൻ ചോദിച്ചു.. അതിന് അമ്മ ഒന്ന് ചിരിക്കുക മാത്രം ചെയ്തു.. എന്റെ മുടി ഇളക്കികൊണ്ട് ചേച്ചിയുടെ പേര് എന്നോട് പറഞ്ഞു

"ദയ.... ദയ എന്നാ ആ ചേച്ചിയുടെ പേര്.... ഇനിതൊട്ട് ചേച്ചി ഇവിടെ ഒണ്ടാവും..."

അമ്മ എന്നോട് പറഞ്ഞു.... അന്ന് മുതൽ എനിക്ക് ഒരു ചേച്ചിയെ കിട്ടി.. പക്ഷെ ആകെ ഉണ്ടായിരുന്ന ഒരു ചേട്ടൻ പുറത്തായി

രണ്ട് പേരും ഒരുമിച്ചു നിന്നാൽ ശെരിയാവില്ല എന്ന് പറഞ്ഞുകൊണ്ട് അച്ഛൻ ചേട്ടനെ കൊറച്ചു ദൂരെ മാറിയൊരു ഹോസ്റ്റലിൽ ചേർത്തു

അതായിരുന്നു അച്ഛൻ ചെയ്ത ഒരു തെറ്റ്...

ആദ്യമൊക്കെ ചേട്ടൻ മാസത്തിലൊരിക്കൽ വീട്ടിൽ വന്നു ചേച്ചിയെയും ഞങ്ങളേയുമൊക്കെ കാണുമായിരുന്നു

പിന്നെ പിന്നെ വരവ് കുറഞ്ഞു...ഇടക്ക് കോളേജിൽ ചെന്നപ്പോ അറ്റണ്ടൻസ് കുറവും പഠിപ്പിൽ ശ്രദ്ധയില്ലെന്നുമൊക്കെ ടീച്ചർമാർ പറഞ്ഞു

പക്ഷെ എനിക്ക് ചേട്ടൻ ഇല്ലാത്തതത്തിന്റെ ഒരു കുറവും അനുഭവപ്പെട്ടില്ല... കാരണം ആ പോസ്റ്റിലേക്ക് പുതിയ ഒരാളെ എനിക്ക് കിട്ടിയിരുന്നു

ആദ്യമൊക്കെ കരഞ്ഞു വിഷമിച്ചു നടന്നിരുന്ന ദയേച്ചി മെല്ലെ മെല്ലെ വീട്ടുകാരുമായി കമ്പനിയായി

പിന്നെ എന്നോട് അടുത്തു.. ഒരു ചേച്ചിയുടെ സ്നേഹം ഞാൻ അന്ന് ആണ് അനുഭവിച്ചു തുടങ്ങിയത്

എനിക്ക് പ്ലസ് വൺ അഡ്മിഷൻ കിട്ടി വൈകാതെ തന്നെ.. ഒരു വർഷമായി പഠിപ്പ് നിർത്തിയിരുന്ന ചേച്ചിക്ക് അച്ഛൻ തന്നെ അടുത്തുള്ള ഒരു കോളേജിൽ അഡ്മിഷൻ വാങ്ങി കൊടുത്തു

പഠിക്കാൻ ബുദ്ധിമുട്ടുള്ള വിഷയങ്ങളിൽ ചേച്ചി എന്നെ സഹായിച്ചു.. പകരം ആരുമില്ല എന്ന തോന്നൽ ഇല്ലാത്ത വിധം ഞാൻ ചേച്ചിയെ കൊണ്ട് നടന്നു

അങ്ങനെ ഇരിക്കെ ആണ് ഒരു ദിവസം ടിവി കണ്ടുകൊണ്ടിരുന്ന എന്റെ അടുക്കൽ ചേച്ചി വന്നിരുന്നത്

ചേച്ചിയെ ശ്രദ്ധിക്കാതെ ഞാൻ ടിവിയിൽ മാത്രം നോക്കിക്കൊണ്ടിരിന്നപ്പോ സ്വാഭാവികമായും കുശുമ്പിന്റെ അസുഖമുള്ള ദയേച്ചി എന്റെ കയ്യിൽ കടിച്ചു

എന്റെ ശ്രദ്ധ മാറ്റാൻ ചെയ്തത് ആണെങ്കിലും ഞാനത് കാര്യമാക്കി എടുത്തു

പിന്നെ നടന്നതൊരു യുദ്ധം തന്നെ ആയിരുന്നു

വീടിനകം ചുറ്റും ഞാൻ ചേച്ചിയെ ഓടിച്ചു.. പിടി തരില്ലെന്ന ഭാവത്തിൽ ചേച്ചിയും

ഒടുക്കം ഓടി ഞാൻ മുൻവശത്തു എത്തിയതും പെട്ടെന്ന് വെളിയിൽ നിന്ന് കേറിവന്ന അച്ഛന്റെ ദേഹത്തു ഞാൻ തട്ടി

കാര്യമായി ഒന്നും തന്നെ ഇരുവർക്കും പറ്റിയില്ല.. പക്ഷെ വേറെന്തോ ചിന്തയിൽ ആയിരുന്നു അച്ഛൻ അന്ന് ആദ്യമായി എന്നെ തല്ലി.. ഒരുപാട് ചീത്ത വിളിയും... കൂടുതലും ചേട്ടനെ ആയിരുന്നു ചീത്ത വിളിച്ചത് അത് എന്തിനായിരുന്നെന്ന് അപ്പോൾ എനിക്ക് മനസിലായില്ല

പക്ഷെ ആദ്യമായി കിട്ടിയ അടിക്ക് വേദന ഒന്നും ഇല്ലായിരുന്നെങ്കിലും മനസ്സിലെവിടെയോ ഒരു നീറ്റൽ

ഞാൻ മുറിയിൽ കയറി ബെഡിൽ കമിഴ്ന്നു കിടന്നു

എന്തോ അച്ഛൻ എന്നെ തല്ലിയത് എന്നെ ശെരിക്കും വിഷമിപ്പിച്ചു

കരയുക അല്ലായിരുന്നു ഞാൻ പക്ഷെ ഞാൻ പോലും അറിയാതെ കണ്ണിൽ നിന്ന് കണ്ണുനീർ ഒഴുകുന്നുണ്ടായിരുന്നു

അല്പം നേരം കഴിഞ്ഞപ്പോ ശബ്ദത്തിൽ ഉള്ള ഏങ്ങലടിയുടെ ശബ്ദം കേട്ടു

ഞാനല്ല എന്താലും.. പിന്നെ ആരാ..?

തിരിഞ്ഞു നോക്കിയപ്പോ കണ്ടു ദയേച്ചി വാതിക്കൽ നിന്ന് മുഖം പൊത്തി കരയുന്നത്

കണ്ടപ്പോ തന്നെ എനിക്ക് പാവം തോന്നി... അന്ന് ഇവിടെ വന്ന ദിവസം കരഞ്ഞത് അല്ലാതെ വേറെ ഒരു കാര്യത്തിനും എന്റെ ചേച്ചിയെ ഞാൻ കരയിച്ചിട്ടില്ല.. ഇടക്ക് പീരിയഡ് ഒക്കെ ആവുമ്പോൾ വേദന സഹിക്കാനാവാതെ എന്റെ തോളിലൂടെ തലയിട്ട് കിടക്കുമ്പോൾ കണ്ണിൽ നിന്ന് കണ്ണുനീർ പോകുന്നതല്ലാതെ ഇതുപോലെ നിന്ന് കരയുന്നത് എനിക്ക് സഹിക്കില്ല

ഞാൻ വേഗന്ന് തന്നെ ചേച്ചിയെ വിളിച്ചു കട്ടിലിൽ ഇരുത്തി കണ്ണ് തുടച്ചു

"അയ്യേ.. ദയേച്ചി എന്തിനാ പിള്ളേരെ പോലെ കിടന്നു കാറുന്നെ..?

ഞാൻ കളിയാക്കികൊണ്ട് ചോദിച്ചു.. ചേച്ചിയെ കളിയാക്കുമ്പോഴും എന്റെ കണ്ണ് നിറയുന്നുണ്ടായിരുന്നു എന്നത് വേറെ കാര്യം

"ആര് കരഞ്ഞു.. നിനക്ക് തോന്നിയതാവും.."

പെട്ടെന്ന് കണ്ണ് തുടച്ചുകൊണ്ട് ചേച്ചി പറഞ്ഞു

"ഉവ്വ.. ഞാൻ കണ്ടാരുന്നു... പത്തിരുപത് വയസ്സ് ആയല്ലോ ചേച്ചി.. എന്നിട്ടും നാണമില്ലേ ഇങ്ങനെ കിടന്നു മോങ്ങാൻ.."

ചേച്ചിയുടെ മൂഡ് മാറ്റാൻ വേണ്ടി ഞാൻ പറഞ്ഞു.. പക്ഷെ അത് ഏറ്റില്ല

ഞാൻ പറഞ്ഞത് കൂടെ കേട്ട് ഡാം പൊട്ടിയത് പോലെ ഒരൊറ്റ കരച്ചിൽ ആയിരുന്നു

എന്റെ തോളിലേക്ക് കിടന്നു കൊണ്ട് ഒടുക്കത്തെ കരച്ചിൽ..ഏങ്ങലടിയും പദം പറച്ചിലും വേറെ

എന്തൊക്കെയോ കരഞ്ഞുകൊണ്ട് പറയുന്നുണ്ട്.. എനിക്ക് ആണേൽ ഒന്നും മനസിലാവുന്നുമില്ല

ഇടക്ക് സോറി പറയുന്നതും ഞാൻ കാരണം ആണ് എന്നൊക്കെ സ്വയം പഴി ചാരുന്നതുമൊക്കെ കേൾക്കാം

ഞാൻ എല്ലാം കേട്ടിരുന്നു.. അല്ലാതെ ഇതിനിടയിൽ കേറി എന്തെങ്കിലും പറഞ്ഞാൽ വീണ്ടും ചിലപ്പോ ആദ്യം മുതൽക്കേ തുടങ്ങും

കരച്ചിൽ ഒക്കെ ഏകദേശം ഒന്ന് കെട്ടടങ്ങിയപ്പോ ഞാൻ ചേച്ചിയെ തട്ടി വിളിച്ചു

ആളിപ്പോഴും എന്റെ തോളിൽ തലവച്ചു കിടക്കുക ആണ്.. ശബ്ദം ഒന്നുമില്ല.. ഇടക്ക് മൂക്ക് വലിക്കുന്ന ശബ്ദം കേൾകാം

"ചേച്ചി..."

"മ്മ്..."

"എടി ദയേച്ചി.."

"മ്മ്.."

രണ്ട് തവണ വിളിച്ചിട്ടും മൂളൽ മാത്രം ആയിരുന്നു ഉത്തരം... എന്റെ തോളത്തു തലവച്ചു കിടക്കുന്നത് അല്ലാതെ വേറെ അനക്കമൊന്നുമില്ല.. ഇനി അവിടെ കിടന്നെങ്ങാനും ഉറങ്ങിപ്പോയോ

"എന്ത് കുംന്ന്...? വാ തുറന്ന് വല്ലതും പറയെടി ചേച്ചി..."

നീണ്ടു കിടക്കുന്ന ചേച്ചിയുടെ മുടിയിൽ പിടിച്ചു വലിച്ചുകൊണ്ട് ഞാൻ ചോദിച്ചു

"ആഹ്... ഒന്ന് അടങ്ങി ഇരിക്ക് ജോമോനെ..."

എന്റെ കഴുത്തിലേക്ക് പല്ലുകൾ ഇറക്കിക്കൊണ്ട് ചേച്ചി പറഞ്ഞു

കാര്യം വലുതായി കടിക്കുക ഒന്നുമില്ലെങ്കിലും അവളുടെ വായിൽ രണ്ട് സൈഡിലുമായി പ്രേതങ്ങളുടെത് പോലെ അല്പം നീണ്ട രണ്ട് കൂർത്ത പല്ലുകൾ ഒണ്ട്

ഇടക്ക് അത് കൊണ്ട് കടി കിട്ടി ശീലമുണ്ടെങ്കിലും ഓരോ തവണ കടി കിട്ടുമ്പോഴും ഒരു പ്രത്യേക സുഖമുള്ള ഒരു വേദന ആണ്

"നീയെന്തിനാടി ചേച്ചി കരഞ്ഞേ..?

ചേച്ചിയുടെ നീളമുള്ള മുടിയിൽ തഴുകികൊണ്ട് ഞാൻ ചോദിച്ചു

"നീ എന്തിനാ ജോമോനെ കരഞ്ഞേ..?

ഞാൻ ചോദിച്ച അതേ രീതിയിൽ തന്നെ മറുചോദ്യം എത്തി

"വെറുതെ... അച്ചൻ എന്നെ തല്ലിയപ്പോ എന്തോ ഒരു..."

പറഞ്ഞു വന്നത് മുഴുവിപ്പിക്കാതെ ഞാൻ നിർത്തി

തോളിൽ ചാരി കിടന്ന ചേച്ചി തലയുയർത്തി എന്നെ നോക്കി

എന്നെത്തന്നെ നോക്കി നില്കുന്നത് കണ്ട് എന്താണെന്നു ഞാൻ ചോദിച്ചു

"ഏയ്.. ഒന്നുമില്ല...ഒരു മാസം കൂടെ കഴിഞ്ഞാൽ പ്ലസ് ടുവിലെ പരീക്ഷ എഴുതേണ്ട ചെക്കനാ... അവനാണ് അച്ഛൻ തല്ലിയെന്ന് പറഞ്ഞു മോങ്ങുന്നത്..."

ചേച്ചി എന്നെ കളിയാക്കിക്കൊണ്ട് പറഞ്ഞു

"അതൊക്കെ ശെരി തന്നെ.. പക്ഷെ ചേച്ചി എന്നാത്തിനാ കരഞ്ഞേ

"അത് പിന്നെ നീ കരയുന്നത് കണ്ടപ്പോ..."

എന്നെ നോക്കി ചിരിച്ചു കൊണ്ട് അവൾ പറഞ്ഞു

"അഹ് കൊള്ളാം..."

കരഞ്ഞത് കൊണ്ടാണോ എന്തോ രണ്ടാൾക്കും നല്ല വിശപ്പ് തോന്നിയിരുന്നു അതുകൊണ്ട് ഞാൻ ചേച്ചിയെ കൂട്ടി താഴേക്കിറങ്ങി

ഹാളിൽ ഈ സമയം ടീവി കണ്ടിരിക്കുന്ന അച്ഛനെയും അമ്മയെയും കാണേണ്ടത് ആയിരുന്നു

പക്ഷെ ഇന്ന് ആരെയും കാണുന്നില്ല

"എന്താ ചേച്ചി ഇന്ന് സീരിയൽ ഒന്നുമില്ലേ..?

ആരെയും കാണാത്തത് കൊണ്ട് ഞാൻ ചേച്ചിയോട് ചോദിച്ചു

അവളും അതേ സംശയത്തിൽ എന്നെ നോക്കി

എന്തായാലും ഞങ്ങൾ കഴിക്കാൻ തീരുമാനിച്ചു അടുക്കളയിലേക്ക് നടന്നു

ചേച്ചി വല്ലപ്പോഴുമേ ഹാളിൽ ഇരുന്നു കഴിക്കു അല്ലാത്തപ്പോ എല്ലാം അടുക്കളയിൽ ഇരുന്നാണ് കഴിക്കാർ

അപ്പോഴൊക്കെ ഞാനും കൂടെ ഇരിക്കും

ചോറ് തിന്നാൽ തോന്നാത്തത് കൊണ്ട് വൈകുന്നേരം അമ്മ ഉണ്ടാക്കിയ ദോശ ചൂടാക്കി തരാമെന്ന് പറഞ്ഞു അവൾ അടുക്കളയിൽ പണി തുടങ്ങി

ഞാൻ അടുത്ത് തന്നെ ഒരു കസേരയിൽ ഇരുന്നു അവളോട് കോളേജിലെ വിശേഷങ്ങൾ ചോദിച്ചു

അന്ന് നടന്ന കാര്യങ്ങൾ എല്ലാം വള്ളി പുള്ളി വിടാതെ എന്നോടവൾ പറഞ്ഞു

ഞങ്ങൾക്ക് രണ്ട് പേർക്കുമുള്ള ഭക്ഷണമായി കഴിക്കാൻ ഇരുന്നപ്പോൾ ആണ് അമ്മ അടുക്കയിലേക്ക് വന്നത്

വന്നതേ ഞങ്ങളെ ഒന്നും നോക്കാതെ കഴുകാൻ ഉള്ള പാത്രങ്ങൾ കഴുകി വെക്കാൻ തുടങ്ങി

മുഖമെല്ലാം മാറി കരഞ്ഞ ലക്ഷണമുണ്ട്

അത് കണ്ടതെ എന്തോ പ്രശ്നം ഉണ്ടെന്നു എനിക്ക് തോന്നി

അത് ചേച്ചിയോട് പറയാൻ തിരിഞ്ഞപ്പോ അവളും അമ്മയെ തന്നെ നോക്കി ഇരിക്കുവാണ്

അവൾക്കും തോന്നിയിരിക്കണം എന്തോ പ്രശ്നം ഉണ്ടെന്നു

"എന്ത് പറ്റിയമ്മേ...?

ഞാൻ അമ്മയോട് ചോദിച്ചു

"ഒന്നുമില്ലെടാ ചെറിയൊരു തലവേദന... നീ വേഗം കഴിച്ചിട്ട് പാത്രം ഇങ് താ.. കഴുകിയിട്ടു വേണം ഒന്ന് കിടക്കാൻ.."

"അമ്മ കിടന്നോ.. പാത്രം ചേച്ചി കഴികിക്കോളും.."

അത് മാത്രം പറഞ്ഞതെ ഓർമ ഉള്ളു.. കഴുകികൊണ്ടിരുന്ന പാത്രം സിങ്കിലേക്ക് എറിഞ്ഞുകൊണ്ട് അമ്മ എന്നോട് ദേഷ്യപ്പെട്ടു

"അവളില്ലായിരുന്നെങ്കിൽ നീ എന്ത് ചെയ്തേനെ.. എന്ത് പറഞ്ഞാലും ചേച്ചി ചേച്ചി...ഇനിയെല്ലാം സ്വയം ചെയ്യാൻ പഠിച്ചോ മര്യാദക്ക്.."

അതും പറഞ്ഞമ്മ അകത്തേക്ക് പോയി

എന്താ ഇപ്പൊ ഉണ്ടായേ എന്ന് മനസിലാവാതെ ഞാനും ചേച്ചിയും മുഖമുഗം നോക്കി

അമ്മയും കൂടെ ദേഷ്യപ്പെട്ടപ്പോൾ എനിക്ക് ഉണ്ടായിരുന്ന വിശപ്പും കൂടെ പോയി

എണീക്കാൻ പോയ എന്നെ പിടിച്ചിരുത്തി ചേച്ചി രണ്ട് ദോശ കൂടി കഴിപ്പിച്ചു

അമ്മയുടെയും അച്ഛന്റെയും പെരുമാറ്റം അവളിലും നല്ല വിഷമം ഉണ്ടാക്കിയെന്ന് എനിക്ക് അറിയാവുന്നത് കൊണ്ട് ഒന്നും പറയാതെ അവൾ തന്നത് മുഴുവൻ ഇരുന്നു കഴിച്ചു.. വെറുതെ എന്തിനാ ഞാൻ കൂടെ അവളെ വിഷമിപ്പിക്കുന്നത്

പാത്രമെല്ലാം കഴുകി കഴിയുന്നത് വരെ ഞാൻ അവളുടെ കൂടെ തന്നെ ഇരുന്നു

കിടക്കാനായി പോകുമ്പോൾ അവൾ അമ്മയുടെ മുറിയിലേക്ക് പോകുന്നത് കണ്ടു

ഞാനും കൂടെ പോയാലോ എന്ന് ആലോചിച്ചു പിന്നെ വേണ്ടെന്ന് വച്ചു ഞാൻ റൂമിൽ കേറി

ഓരോന്ന് ആലോചിച്ചു വെറുതെ കിടന്നു

പിന്നെ ചേട്ടൻ പണ്ട് ഉപയോഗിച്ചിരുന്ന ഒരു ഫോൺ ഉണ്ടായിരുന്നു എന്റേൽ

അവൻ പുതിയത് എടുത്തപ്പോൾ എനിക്ക് തന്നതാണ്

വലിയ സ്പീഡ് ഒന്നും ഇല്ലാത്ത നെറ്റ് ആണേലും ആവശ്യത്തിന് ഉപയോഗിക്കാൻ പറ്റുന്ന ഒരു സംസാങ്ങിന്റെ ഒരു സെറ്റ് ആണത്

ഫേസ്ബുക്കിൽ കേറി വെറുതെ ഓരോ പ്രൊഫൈലും നോക്കിക്കൊണ്ട് ഇരിക്കുമ്പോൾ ആണ് ചേച്ചി റൂമിലേക്ക് വന്നത്

എന്റെ റൂമിന്റെ ഒപോസിറ്റ് തന്നെ ആണ് അവളുടെ റൂമും കമ്പിസ്റ്റോറീസ്.കോം

രാത്രി ഇടക്ക് എന്റെ റൂമിൽ വന്നിരിക്കുന്ന പതിവ് അവൾക്കുണ്ട്.. അല്ലെങ്കിൽ ഞാൻ അവളുടെ റൂമിൽ പോയിരിക്കും

പക്ഷെ അമ്മയുടെ റൂമിലേക്കു പോയപ്പോൾ ഉള്ള മുഖമല്ല അവൾക്ക്.. മുഖത്തു ചെറിയൊരു സന്തോഷവും അതുപോലെ തന്നെ സങ്കടവും നിഴലിച്ചു കിടന്നിരുന്നു

എന്റെ കാലിനടുത്തവൾ വന്നിരുന്നു

നിലത്തേക്ക് നോക്കിയാണ് ഇരുപ്പ്

"ടി ചേച്ചി.."

"മ്മ്..."

"അമ്മ എന്ത് പറഞ്ഞു.."

"ഒന്നും പറഞ്ഞില്ല.."

ആ പറഞ്ഞത് കള്ളമാണെന്ന് എനിക്ക് അറിയാമായിരുന്നു

"ഒന്നും പറയാതെ അവിടെ കഥകളി കളിക്കാൻ ആണോ നീ പോയത്.. നീ കാര്യം പറയെടി ചേച്ചി.."

അവളുടെ മുടിയിൽ വലിച്ചുകൊണ്ട് ഞാൻ പറഞ്ഞു... മുടിയിൽ വലിക്കുന്നത് ചേച്ചിക്ക് നല്ല ദേഷ്യം വരുന്ന കാര്യം ആണ്.. വേറെ ആരെങ്കിലും ആണെങ്കിൽ ഇപ്പൊ ഒരടി കഴിഞ്ഞേനെ

"ഈ ചെക്കനിത്.. ഞാൻ പറയാം.."

"അങ്ങനെ വേണം നല്ല കുട്ടികൾ ആയാൽ.."

"അയ്യെടാ.. മോനാദ്യം മുടിയിൽ നിന്ന് കയ്യെടുക്ക്.. "

ഞാൻ മുടിയിൽ നിന്ന് കൈ വിട്ട് അവൾ എന്താണ് പറയാൻ പോകുന്നതെന്ന് കേൾക്കാൻ കട്ടിലിൽ നേരെയിരുന്നു

"അത് നിന്റെ ചേട്ടനെക്കുറിച്ചു പറയാൻ ആയിരുന്നു.."

"എന്റെ ചേട്ടനോ.. എപ്പോ തൊട്ടാ അത് എന്റെ മാത്രം ചേട്ടൻ ആയതു..."

ഞാൻ വെറുതെ ഒരു തമാശക്ക് വേണ്ടി ചോദിച്ചു

"ദേ ചെക്കാ ഞാൻ പറയണത് ആദ്യം കേൾക്ക്.. അല്ലേ ഞാൻ പോവാ നാളെ ക്ലാസ്സ് ഉള്ളതാ..."

അവൾ കട്ടിലിൽ നിന്ന് എണീറ്റ് പോകാൻ തുടങ്ങി

എങ്ങനെയൊക്കെയോ പറഞ്ഞു വന്നതായിരുന്നു..വെറുതെ ഓരോന്ന് ചോദിച്ചു നശിപ്പിച്ചു

ഞാൻ വേഗം ചേച്ചിയുടെ കൈ പിടിച്ചു കട്ടിലിൽ ഇരുത്തി

"ഞാൻ ഒന്നും ഇടയിൽ കേറി പറയില്ലിനി.. ചേച്ചി ബാക്കി പറ.."

"പറയാൻ മാത്രം ഒന്നുമില്ല.. നിന്റെ ചേട്ടന്റെ കല്യാണം കഴിഞ്ഞു.."

ചേച്ചി പറഞ്ഞ കാര്യം കേട്ട് ഞാൻ ശെരിക്കും ഞെട്ടിപ്പോയി.. പക്ഷെ അതിനേക്കാൾ എന്നെ അത്ഭുതപ്പെടുത്തിയത് ചേച്ചിയുടെ ഭാവം ആയിരുന്നു

വളരെ കൂൾ ആയിട്ട് ആണ് അവൾ എന്റെ ചേട്ടനെക്കുറിച്ചു സംസാരിച്ചത്

ഒരു തരി വിഷമം പോലും എനിക്കാ മുഖത്തു കാണാൻ കഴിഞ്ഞില്ല

"ജോ..?

ചേച്ചിയെ തന്നെ നോക്കി വാ പൊളിച്ചിരിക്കുന്ന എന്നെ അവൾ തട്ടി വിളിച്ചു

"സത്യം ആണോ പറഞ്ഞെ.. ചുമ്മാ കളിപ്പിക്കല്ലേ.."

എങ്ങനെയൊക്കെയോ ഞാൻ പറഞ്ഞൊപ്പിച്ചു

മറുപടിയായി എന്റെ രണ്ടു കയ്യും അവളുടെ കയ്യിൽ പിടിച്ചവൾ പറഞ്ഞു

"സത്യം ആണ് ജോ..ജോയലേട്ടൻ കല്യാണം കഴിച്ചു..അവന്റെ തന്നെ കോളേജിലെ ഏതോ ജൂനിയർ കൊച്ചിനെ... അത് കഴിഞ്ഞിട്ടിപ്പോ ഒരാഴ്ചയായി.."

"നിനക്ക് വിഷമമില്ലേ ചേച്ചി...?

ഞാൻ ചോദിച്ചു.. ഒരു തരം നിർവികാര ഭാവം ആയിരുന്നു എനിക്കപ്പോ

"ഒണ്ട്..അത് നിന്റെ ചേട്ടൻ കല്യാണം കഴിച്ചത് കൊണ്ടല്ല.. ഇനി നിങ്ങളെയൊക്കെ വിട്ട് എനിക്ക് പോണ്ടേ.."

എന്നെനോക്കി ചിരിക്കാൻ ശ്രമിച്ചുകൊണ്ട് ചേച്ചി പറഞ്ഞു.. അവളുടെ കണ്ണൊക്കെ ചെറുതായി നിറഞ്ഞിരുന്നു

"എവിടേക്ക് പോകാൻ..?

മനസിലാവാതെ ഞാൻ ചോദിച്ചു.. അതിനവൾ ചിരിച്ചു കൊണ്ട് പറഞ്ഞു

"ഇനി ഞാൻ എങ്ങനെയാ ജോ ഇവിടെ നിൽക്കുന്നെ.. എന്ത് പറഞ്ഞു നിൽക്കും.. ഇന്നലെ വരെ പറയാൻ ഒരു കാരണം ഉണ്ടായിരുന്നു.. ജോയലിന്റെ പെണ്ണ് ആണെന്ന്.. ഇന്നോ.."

അവൾ പറഞ്ഞതിലും കാര്യമുണ്ട്.. വേഗന്ന് തന്നെ ഞാൻ അവളുടെ കൈ തട്ടി മാറ്റി കട്ടിലിൽ നിന്ന് ഇറങ്ങി അമ്മയുടെയും അച്ഛന്റെയും മുറി ലക്ഷ്യമാക്കി നടന്നു

"ഇനി ഞാൻ എങ്ങനെയാ ജോ ഇവിടെ നിൽക്കുന്നെ.. എന്ത് പറഞ്ഞു നിൽക്കും.. ഇന്നലെ വരെ പറയാൻ ഒരു കാരണം ഉണ്ടായിരുന്നു.. ജോയലിന്റെ പെണ്ണ് ആണെന്ന്.. ഇന്നോ.."

അവൾ പറഞ്ഞതിലും കാര്യമുണ്ട്.. വേഗന്ന് തന്നെ ഞാൻ അവളുടെ കൈ തട്ടി മാറ്റി കട്ടിലിൽ നിന്ന് ഇറങ്ങി അമ്മയുടെയും അച്ഛന്റെയും മുറി ലക്ഷ്യമാക്കി നടന്നു

ഇരുന്നിടത്ത് നിന്ന് ഒന്ന് അനങ്ങാൻ കൂടെ ശ്രമിക്കാതെ ചേച്ചി ആ ഇരിപ്പ് തുടർന്നു

അമ്മയുടെ റൂമിലേക്ക് ഓടി കയറിയ ഞാൻ കണ്ടത് കട്ടിലിൽ ഇരുന്ന് എന്തോ സംസാരിക്കുന്ന അച്ഛനെയും അമ്മയെയും തന്നെ ആണ്

ചേട്ടനെക്കുറിച്ചാണ് അവർ സംസാരിക്കുന്നതെന്ന് എനിക്ക് തോന്നി

എന്നെ കണ്ടതും സംസാരം നിർത്തിയവർ എന്നെ നോക്കി

"എന്താ ജോ നീ ഉറങ്ങിയില്ലേ.. നാളെ ക്ലാസ്സിൽ പോണ്ടേ നിനക്ക്.."

വളരെ ശാന്തനായി എന്നോട് അച്ഛൻ ചോദിച്ചു

എന്നെ തല്ലിയ വിഷമം അച്ഛന് ഉണ്ടെന്ന് എനിക്ക് തോന്നി.. എങ്കിലും അച്ഛനെ നോക്കാതെ ഞാൻ അമ്മയോട് ചോദിച്ചു

"ചേട്ടന്റെ കല്യാണം കഴിഞ്ഞോ..?

"മ്മ്.."

അമ്മ ഒന്ന് മൂളുക മാത്രം ആണ് ചെയ്തത്

"അപ്പൊ ഇനി ചേച്ചിയുടെ കാര്യമോ... ചേച്ചി ഇനി എങ്ങോട്ട് പോകും.."

ഉള്ളിലെ സങ്കടത്തിലും ദേഷ്യത്തിലും എന്റെ ശബ്ദം ഇടറിയിരുന്നു

അതിന് അമ്മ ഒന്നും പറഞ്ഞില്ല.. അടുത്തിരുന്ന അച്ഛന്റെ മുഖത്തേക്ക് നോക്കി ഇരുന്നു

ഞാൻ അച്ഛനെ നോക്കി

എന്റെ ചോദ്യത്തിനുള്ള മറുപടി അച്ഛൻ ആണ് തന്നത്

"നിന്റെ ചേച്ചി എങ്ങോട്ട് പോകാൻ..?

ങേ.. ഇനി ഇവർക്ക് ഞാൻ ചോദിച്ചത് മനസിലായി കാണില്ലേ

"ചേട്ടൻ കെട്ടുമെന്ന ഒറപ്പിൽ അല്ലേ ഇത്രയും കാലം ചേച്ചി ഇവിടെ നിന്നത്.. ഇനി അത് നടക്കില്ലല്ലോ.."

ഞാൻ ചോദിച്ചു.. അതിന് അച്ഛന്റെയും അമ്മയുടെയും മുഖത്തു ഒരു ചിരി മാത്രം ആയിരുന്നു മറുപടി

ഇതിപ്പോ എല്ലാത്തിനും വട്ടായോ.. അതോ എനിക്ക് മാത്രം വട്ടായത് ആണോ.. ഇവിടെ രണ്ടു പേരിരുന്ന് ചിരിക്കുന്നു.. അവിടെ റൂമിൽ ഒരുത്തിയിരുന്നു കരയുന്നു

"ദയ എവിടേക്കും പോണില്ല തല്കാലം... ചേട്ടനെക്കൊണ്ട് കെട്ടിക്കാമെന്ന് പറഞ്ഞല്ല ഞാനവളെ ഇവിടെ നിർത്തിയത്... എന്റെ സ്വന്തം മോളായി തന്നെ നോക്കിക്കോളാം എന്ന് പറഞ്ഞാണ് ഞാൻ ഇവിടെ നിർത്തിയത്...ഇനി അവൾക്ക് പോണമെന്നു പറയുന്ന കാലം വരെ അവൾ ഇവിടെ തന്നെ നിൽക്കും.. അതുകൊണ്ട് നീ കൂടുതൽ ഒന്നും ആലോചിക്കാതെ പോയി കെടക്കാൻ നോക്ക്.."

അച്ഛനത് പറഞ്ഞു കഴിഞ്ഞപ്പോ സ്വർഗം കിട്ടിയ ഫീൽ ആയിരുന്നു എനിക്കപ്പോ.. നഷ്ടപ്പെട്ടത് എന്തോ തിരിച്ചു കിട്ടിയത് പോലെ

ഞാൻ തിരിഞ്ഞു റൂമിലേക്കു നടക്കാൻ തുടങ്ങി.. അപ്പോൾ ആണ് അമ്മ പിറകിൽ നിന്ന ചോദിച്ചത്

"അവൾ നിന്നോട് ഇതൊന്നും പറഞ്ഞില്ലേ...?

"എന്ത് പറഞ്ഞില്ലേന്ന്..?

ഞാൻ സംശയത്തോടെ തിരിഞ്ഞു നിന്നു

"അവളോടും കൊറച്ചു മുന്നേ അച്ഛൻ ഇതേ കാര്യം പറഞ്ഞാണല്ലോ വിട്ടത്.. എന്നിട്ട് അത് നീയറിഞ്ഞില്ലേ...ഏതായാലും ഇപ്പൊ അറിഞ്ഞല്ലോ.. ഇനി നീ പോയി കിടക്ക്.. രാവിലെ വിളിക്കുമ്പോൾ എണീറ്റില്ലെങ്കിലാണ് ഞാൻ ബാക്കി പറയാൻ പോണത്.."

ഞാൻ തിരിച്ചു റൂമിലേക്ക് നടന്നു

ചേച്ചിക്ക് ഇപ്പൊ അച്ഛൻ പറഞ്ഞതെല്ലാം അറിയാമായിരുന്നു.. പിന്നെ എന്തിനാ അവിടെ വന്നിരിന്നു കരഞ്ഞത്

റൂമിലെത്തിയപ്പോ അവിടെ ആരെയും കണ്ടില്ല.. ചേച്ചിയുടെ റൂമിലേക്ക് നടന്നപ്പോൾ ആണ് ടെറസ്സിലേക്കുള്ള വാതിൽ തുറന്നു കിടക്കുന്നത് കണ്ടത്

അപ്പൊ ആളവിടെ കാണുമെന്നു എനിക്ക് മനസിലായി

ഞാൻ സ്റ്റെപ്പ് കയറി മുകളിലേക്ക് നടന്നു

ഒരു മൂലയിലായി ഒരു രൂപം നിൽക്കുന്നത് ചെറിയ വെളിച്ചത്തിൽ കാണാം

പിറകെ ചെന്നു പേടിപ്പിച്ചാലോ എന്ന് ആദ്യം കരുതി..പിന്നെഞ്ഞാനും ചേട്ടനോടുള്ള ദേഷ്യത്തിൽ എന്നെപ്പിടിച്ചു താഴേക്ക് ഇട്ടാലോ എന്ന പേടിയിൽ ഞാനവിടെ നിന്നു..പോത്തുപോലെ വളർന്നെന്ന് പറഞ്ഞിട്ട് കാര്യമില്ല ഇപ്പോഴും ഒരു അരവട്ടത്തി ആണ്

"നീയെന്താ അവിടെ തന്നെ നിക്കണേ..?

തിരിഞ്ഞു നോക്കാതെ ചേച്ചി ചോദിച്ചു

ഇവളെന്നെ എങ്ങനെ കണ്ടു..

"ഞാൻ വന്നതെങ്ങനെ ചേച്ചി അറിഞ്ഞു..?

അവളുടെ അടുത്തേക്ക് നടന്നുകൊണ്ട് ഞാൻ ചോദിച്ചു

"നീയാ സ്റ്റെപ്പ് മുഴുവൻ ചവിട്ടികുലുക്കി കേറി വന്നാൽ എങ്ങനെ അറിയാതിരിക്കും ജോ.."

എന്നെ കളിയാക്കിക്കൊണ്ട് ചേച്ചി പറഞ്ഞു

"ശബ്ദം കേട്ട് എങ്ങനെ അറിയാൻ പറ്റും.. വേറെ ആരെങ്കിലും ആയിരുന്നെങ്കിലൊ.."

"അതൊക്കെ അറിയാൻ പറ്റും...കമ്പിസ്റ്റോറീസ്.കോം  നിന്നെ കാണാൻ തുടങ്ങിയിട്ട് കൊറച്ചായല്ലോ.."

"ഹ്മ്മ്... അത് വിട്.. അച്ഛൻ നിന്നെ എങ്ങോട്ടും പറഞ്ഞു വിടില്ലെന്ന് നിനക്കറിയാമായിരുന്നല്ലേ.."

ഞാൻ അവളോട് ചോദിച്ചു

ചേച്ചി : അറിയാമായിരുന്നു..

പെട്ടെന്ന് തന്നെ മറുപടിയും എത്തി

"എന്നിട്ടാണോടി ചേച്ചി നീയവിടെ വന്നിരിന്നു കരഞ്ഞത്... എന്നോട് എന്തൊക്കെയാ പറഞ്ഞെ.. ഇവിടുന്ന് പോകുവാ വരുവാ എന്നൊക്കെ.."

ചേച്ചി : അത് ഞാൻ നിന്നെ ചുമ്മാ കളിപ്പിക്കാൻ പറഞ്ഞതല്ലേ ചെക്കാ..വെറുതെ നിന്റെ റിയാക്ഷൻ എന്താണെന്ന് അറിയാൻ വേണ്ടി അങ്ങനെയൊക്കെ പറഞ്ഞപ്പോഴേക്കും നീ ഇറങ്ങി ഓടിയില്ലേ..

എന്നെനോക്കി ഒരു ആക്കിയ ചിരിയോടെ അവൾ പറഞ്ഞു.. പറഞ്ഞത് സത്യം തന്നെ ആണ്... അങ്ങനെ ഒക്കെ കേട്ടപ്പോ വേറെ എന്ത് ചെയ്യണമെന്ന് എനിക്ക് അറിയില്ലായിരുന്നു

"മ്മ്... മതി ഇവിടെ നിന്നത്..തണുപ്പടിക്കും.."

അവളോട് ഞാൻ അകത്തേക്ക് കയറാൻ പറഞ്ഞു.. രാത്രി ആയാൽ ചെറിയ രീതിയിൽ മഞ്ഞു വീഴുമായിരുന്നു.. പിന്നെ നല്ല തണുപ്പുള്ള കാറ്റും

ചേച്ചി : ഒരഞ്ചു മിനിറ്റ് കൂടെ ജോമോനെ.. എത്ര നാളായെന്ന് അറിയോ മനസ്സറിഞ്ഞൊന്ന് ഇങ്ങനെ നിന്നിട്ട്..

കൈ രണ്ടും കൂട്ടി കെട്ടി ആകാശം നോക്കി ചേച്ചി അവിടെ നിന്നു

"ചേച്ചി.. ഞാനൊരു കാര്യം ചോദിക്കട്ടെ..?

ചേച്ചി : എന്താടാ..?

"അല്ല വെറുതെ ചോദിക്കുവാ.. ചേട്ടൻ വേറൊരു കല്യാണം കഴിച്ചെന്നു അറിഞ്ഞിട്ടും നിനക്കെന്താ ഒരു വിഷമം ഇല്ലാത്തത്.. ശെരിക്കും ജോയലിനോട് ഇഷ്ടം ഒണ്ടായിരുന്നോ..?

ഒരുപാട് നാളായി ഉണ്ടായിരുന്ന ഒരു സംശയം ഞാൻ തുറന്നു ചോദിച്ചു

ചോദിച്ചു കഴിഞ്ഞപ്പോ എന്നെ തന്നെ നോക്കി നിൽക്കുന്ന ചേച്ചിയെ ആണ് ഞാൻ കണ്ടത്.. മുഖത്തു ചെറിയൊരു ചിരിയും ഉണ്ടായിരുന്നു

ചേച്ചി : നിനക്ക് അറിയില്ലേ സത്യം..?

മുഖത്തെ ചിരി വിടാതെ തന്നെ അവൾ എന്നോട് ചോദിച്ചു

"എനിക്ക് അറിയില്ല.. നീ തന്നെ പറ..?

ചേച്ചി : ശെരി.. ഇത്രയും ആയില്ലേ ഇനി ഞാൻ തന്നെ പറയാം... ആദ്യമൊക്കെ ഇഷ്ടം ആയിരുന്നു നിന്റെ ചേട്ടനെ... അതിന് കാരണം ചോദിച്ചാൽ അന്നത്തെ എന്റെ അവസ്ഥയൊക്കെ നിനക്ക് അറിയാവുന്നത് അല്ലായിരുന്നോ.. അങ്ങനത്തെ ഒരവസ്ഥയിൽ നിന്ന് ഇങ്ങനെ ഒരു കുടുംബത്തിലേക്ക് എന്നെ കൊണ്ട് വന്നതിന് നിന്റെ ചേട്ടനോട് എനിക്ക് തീർത്താൽ തീരാത്ത കടപ്പാടുണ്ട്.. ആ ഒരു ഇഷ്ടം ആയിരുന്നു അവനോടുണ്ടായിരുന്നത്.."

അവൾ പറയുന്നത് കേട്ട് ഞാൻ നിന്നു.. ഇതൊക്കെ എനിക്ക് ആദ്യമേ തോന്നിയ കാര്യങ്ങൾ ആയിരുന്നു

ദുരിതം പിടിച്ചൊരു കുടുംബത്തിൽ നിന്ന് രക്ഷിച്ചു ഇതുപോലൊരു അച്ഛനെയും അമ്മയെയും കൊടുത്തതിന്റെ കടപ്പാടിന്റെ പുറത്തുള്ള ഒരിഷ്ടം

"എന്നിട്ട്...?

ചേച്ചി : എന്നിട്ടെന്താ... നിന്റെ ചേട്ടന്റെ സ്വഭാവം മാറുന്നതൊക്കെ എനിക്ക് പണ്ട് മുതൽക്കേ അറിയാമായിരുന്നു.. കോളേജിൽ പല പെണ്ണുങ്ങളുടെ പിറകെ പോണ കാര്യമൊക്കെ ഞാൻ അപ്പോൾ തന്നെ അറിഞ്ഞിരുന്നു..

വല്യ എന്തോ കാര്യം കണ്ട് പിടിച്ചത് പോലെ അവൾ എന്നോട് പറഞ്ഞു

"എങ്ങനെ അറിഞ്ഞു..അവന്റെ കോളേജും ചേച്ചിയുടെ കോളേജും തമ്മിൽ കൊറേ ദൂരമുണ്ടല്ലോ...നീ അവിടെ പോയി അന്വേഷിച്ചോ..?

ചേച്ചി : ഒന്ന് പോടാ.. അവിടെ പോയി അന്വേഷിക്കാൻ എനിക്ക് പ്രാന്തല്ലേ... എന്റെ കൂടെ പഠിക്കണ ഒരു പെണ്ണിന്റെ ചേട്ടൻ അവന്റെ കോളേജിലാ.. അങ്ങനെ അറിഞ്ഞതാ

"ഓഹ്.. അങ്ങനെ... പിന്നെന്താ നീ അമ്മയോട് പറയാതിരുന്നേ... അന്ന് പറഞ്ഞിരുന്നെങ്കിൽ ഇങ്ങനെ ഒക്കെ സംഭവിക്കുമായിരുന്നോ.. നീയൊരു മണ്ടി തന്നെ ചേച്ചി

അവളെ കളിയാക്കാൻ ഉള്ള ഒരവസരവും ഞാൻ കളഞ്ഞില്ല

ചേച്ചി : ഉണ്ട ആണ്...അന്ന് പറഞ്ഞിരുന്നെങ്കിൽ ഞാൻ സ്വപ്നം കണ്ട ജീവിതം അന്നോടെ കുഴി വെട്ടി മൂടേണ്ടി വന്നേനെ.. ഇന്നിപ്പോ അങ്ങനെ അല്ലല്ലോ...മുൻപിൽ ഇപ്പൊ വല്യ തടസ്സങ്ങൾ ഒന്നുമില്ല

ചെറിയ കാറ്റത്തു നിന്ന് വിറച്ചുകൊണ്ട് ചേച്ചി പറഞ്ഞു

സ്വപനവും തടസ്സവും എന്നൊക്കെ പറഞ്ഞെങ്കിലും ഞാനതൊന്നും കാര്യമാക്കതെ അവളെയും കൂട്ടി വീടിനകത്തു കേറി

അവളെക്കാൾ ഒരു പൊടിക്ക് വലുപ്പം കൂടുതൽ എനിക്കായത് കൊണ്ട് എന്റെ തോളിൽ ചാരിയാണ് ചേച്ചിയുടെ നടപ്പ്

അവളുടെ റൂമിന് മുൻപിൽ എത്തിയിട്ടും അവളാ നിൽപ്പ് തുടർന്നു

കാര്യമായി വേറെന്തോ ആലോചനയിൽ ആണെന്ന് തോന്നി കക്ഷി

"ടി ചേച്ചി... റൂമെത്തി... നീയല്ലേ നാളെ ക്ലാസ്സൊണ്ടെന്ന് പറഞ്ഞു കയറുപൊട്ടിച്ചത്.."

ചേച്ചി : ഓഹ്.. ഞാനത് മറന്നു.. നീ പൊയ്ക്കെ.. രാവിലെ വിളിക്കുമ്പോ എണീറ്റോണം

എനിക്കുള്ള നിർദ്ദേശങ്ങൾ തന്ന് അവൾ അവളുടെ റൂമിലേക്ക് പോയി

ഞാൻ എന്റെ റൂമിലേക്കും

റെക്കോർഡ് എഴുതാൻ ഉണ്ടായിരുന്നെങ്കിലും അതൊക്കെ പിന്നെത്തേക്ക് മാറ്റിവെച്ചു ഞാൻ കേറി കിടന്നു

---------------------------------------------

കോളിങ്ബെൽ അടിക്കുന്ന ശബ്ദം കേട്ടാണ് ഞാൻ എണീറ്റത്

കയ്യിലെ വാച്ച് നോക്കിയപ്പോ സമയം രാത്രി 7 മണി

"ഇത്രയും നേരം ഉറങ്ങിയോ ഞാൻ.."

വേഗം എണീറ്റ് ബാത്റൂമിൽ കയറി മുഖം കഴുകിയിറങ്ങി

അപ്പോളും ബെല്ലടിക്കുന്ന ശബ്ദം കേൾക്കാം

ഏതവന ഇത്രയും മുട്ടി നിൽക്കുന്നെ എന്ന് മനസ്സിൽ പറഞ്ഞുകൊണ്ട് ഞാൻ വാതിലിനരികിലേക്ക് നടന്നു

വാതിൽ പാതി തുറന്നതേ ഒരു ലേഡീസ് ബാഗ് പറന്നു വരുന്നതാണ് കണ്ടത്

നേരത്തെ കണ്ടത് കൊണ്ട് ഞാനത് പിടിച്ചു

അപ്പൊ തന്നെ എന്നെ തള്ളി മാറ്റി കാറ്റ് പോലൊരു സാധനം അകത്തേക്കു പോയി

പോയ വഴിയേ നല്ല പെർഫ്യൂമും വിയർപ്പും കലർന്നൊരു സുഖമുള്ള മണമായിരുന്നു

അത് ആരുടെ ആണെന്ന് മനസിലായപ്പോ ചുണ്ടിൽ താനെ ഒരു ചിരിയൊക്കെ വന്നു

തിരിഞ്ഞു നോക്കിയപ്പോ സോഫയിൽ ഇരുന്നു എന്നെ കലിപ്പിച്ചു നോക്കുന്ന ചേച്ചിയെ ആണ് കണ്ടത്

ചേച്ചി : എന്തടാ തെണ്ടി എത്ര നേരം ബെല്ലടിക്കണം ഈ നടയൊന്ന് തുറന്നു കിട്ടാൻ

വാതിൽ തുറക്കാൻ വൈകിയതിന്റെ കലിപ്പാണ്

"ഞാൻ ഒറങ്ങി പോയേടി ചേച്ചി.. അതാ.."

അവൾക്കരികിൽ വന്നിരുന്നുകൊണ്ട് ഞാൻ പറഞ്ഞു

ചേച്ചി : ഒരങ്ങി പോയി പോലും.. നിന്റെ ഫോണെവിടെടാ..?

"ഹാ..ചൂടാവെല്ലെടി... ഫോൺ ബാഗിൽ ആണ്... വന്നപ്പോ നല്ല ഷീണം തോന്നി.. അതാ കേറി കിടന്നതേ ഉറങ്ങി പോയെ.. അല്ല.. നീ രണ്ടു ദിവസം കൂടെ കഴിഞ്ഞല്ലേ വരുമെന്ന് പറഞ്ഞെ..?

ഞാൻ വിഷയം മാറ്റാനായി ചോദിച്ചു..

ചേച്ചി : ഒന്നും പറയെണ്ടെടാ... മീറ്റിംഗ് ഒക്കെ ഇന്നലെയെ കഴിഞ്ഞു.. പിന്നെ ആ പെണ്ണുമ്പുള്ളക്ക് അവിടെയൊക്കെ ചുറ്റി കറങ്ങാൻ വേണ്ടി ആണ് രണ്ടു ദിവസം കൂടെ പറഞ്ഞത്

സോഫയിലേക്ക് തളർന്നു കിടന്നുകൊണ്ട് അവൾ പറഞ്ഞു

ഒരു കറുപ്പ് പാന്റും വെള്ള ടി ഷർട്ടും ആണ് വേഷം... മുകളിൽ കറുപ്പ് വരകൾ ഉള്ളൊരു ഷർട്ടും തുറന്നിട്ടിട്ടുണ്ട്

ചൂട് ആയത് കൊണ്ടാണെന്നു തോന്നുന്നു ഷർട്ട് ഊരി ഒരേറ് വെച്ചു കൊടുക്കുന്നത് കണ്ടു

ഇതെന്താപ്പോ ഇങ്ങനെ എന്നാ ഭാവത്തിൽ ഞാനവളെ നോക്കി

കാര്യം മനസിലാക്കിയ ചേച്ചി മുൻപിലെ ചെറിയ പല്ലുകൾ മുഴുവൻ കാണിച്ചെന്നെ ചിരിച്ചു കാണിച്ചു

പിന്നെ എന്റെ തോളിലേക്ക് ചാരി കിടന്നു

സംഭവം വേറൊന്നുമല്ല ഈ മുഷിഞ്ഞ തുണിയൊക്കെ തോന്നിയടത്തു കൊണ്ടുപോയി ഇടുന്നത് എന്റെ ശീലമായിരുന്നു.. അതിന്റെ പേരിൽ ആണ് ഞങ്ങൾ തമ്മിൽ കൂടുതലും തല്ല് നടക്കുന്നത്.. ആ ചേച്ചി ആണിപ്പോ റോക്കറ്റ് വിട്ടപ്പോലെ ഒരു ഷർട്ട് വലിച്ചെറിഞ്ഞത്

"നിനക്ക് എന്നാ രണ്ടു ദിവസം കൂടെ നിന്നിട്ട് വന്നാൽ പോരായിരുന്നോ.. അവിടെയൊക്കെ കാണാൻ പറ്റിയ ഒരുപാട് സ്ഥലങ്ങൾ ഒക്കെ ഉള്ളതല്ലേ...?

ചേച്ചി : വയ്യെടാ.. ഒരാഴ്ച ആവാറായില്ലേ പോയിട്ട്...നീ കൂടെ ഇല്ലാഞ്ഞിട്ട് അവടെ ഒടുക്കത്തെ ബോറടി... പിന്നെ ആ തള്ളേടെ ഒടുക്കത്തെ ചളിയടിയും... ഒടുക്കത്തെ കത്തി ആണ് മോനെ.. സഹിക്കുകേല...

തലക്ക് കൈ വെച്ചുകൊണ്ട് അവൾ പറഞ്ഞു

ഞാനതൊക്കെ കേട്ട് ഇരുന്നതെ ഉള്ളു

പെട്ടെന്ന് ആണ് കിടന്നിടത്ത് നിന്ന് ചാടി എണീറ്റുകൊണ്ട് ചേച്ചി ചോദിച്ചത്

ചേച്ചി : നിന്റെ ഫസ്റ്റ് ഡേ അല്ലായിരുന്നോ ഇന്ന്.. പറ.. കേൾക്കട്ടെ വിശേഷങ്ങൾ

ഏതോ സിനിമയുടെ കഥ കേൾക്കാനെന്ന ഭാവത്തോടെ അവൾ എന്റെ മുൻപിൽ ഇരുന്നു

ഇന്ന് നടന്നതൊക്കെ എനിക്ക് മാത്രല്ലേ അറിയൂ.. അതിന്നു എന്ത് പറയാനാ ഇവളോട്

"വിശേഷങ്ങൾ ഒന്നുമില്ലെടി ചേച്ചി.. ചുമ്മാ ബോറൻ ക്ലാസ്സ്.. പിന്നെ ആകെ ആശ്വാസം ഒരു മലയാളി ചെക്കൻ ഉണ്ട് കൂടെ.. അവനുള്ളത്കൊണ്ട് ബോറടിക്കാതെ പോണു

ചേച്ചി : ആ അത് നന്നായി... ഒരാഴ്ച കൊണ്ട് നീയാകെ ഷീണിച്ചു പോയല്ലോ ജോമോനെ..?

എന്റെ കോലം കണ്ട് ചേച്ചി ചോദിച്ചു.. ഒറ്റക്ക് ആയതോണ്ട് ഫുഡ് കഴിക്കൽ ഒക്കെ തോന്നുന്ന സമയത്ത് ആയിരുന്നു

"ഏയ്.. തോന്നുന്നതാവും..."

ചേച്ചി : അല്ല... നീ കൊറച്ചു മെലിഞ്ഞിട്ടുണ്ട്.. വന്നേ ഞാൻ വല്ലതും ഒണ്ടാക്കി തരാം

അവൾ അടുക്കളയിലേക്ക് പോകാൻ എണീറ്റു

"ഇന്ന് ചേച്ചി എന്തായാലും അടുക്കളയിൽ കേറണ്ട... ഇപ്പോ വന്നതല്ലേ ഉള്ളു.. പോയി കുളിക്ക് ഞാൻ അപ്പോഴേക്കും പൊറത്തു നിന്ന് വല്ലതും വാങ്ങി വരാം.."

എണീറ്റ് പോകാൻ നിന്ന ചേച്ചിയുടെ കൈ പിടിച്ചുനിർത്തികൊണ്ട് ഞാൻ പറഞ്ഞു

"ആണോ.. എന്നാ വേഗം ചെല്ല്.. നല്ല വിശപ്പുണ്ട്.."

ചേച്ചി കുളിക്കാൻ വേണ്ടി ഏതോ പഴയ പാട്ടും പാടി ഓടി ചാടി റൂമിലേക്ക് പോയി

എത്ര വർഷം കഴിഞ്ഞെന്ന് പറഞ്ഞാലും ഇതിനൊരു മാറ്റവും ഇല്ല

പേഴ്സും ഫോണും എടുത്തു ഞാൻ പുറത്തേക്കിറങ്ങി

രാത്രിക്കത്തേക്ക് ഫുഡ് ഒക്കെ വാങ്ങി വന്നപ്പോ ചേച്ചി കുളിയൊക്കെ കഴിഞ്ഞു എന്റെ ബനിയനും നിക്കറും ഇട്ട് ടീവി കാണുന്നുണ്ടായിരുന്നു

"ടി.. ഇത് എന്റെ നിക്കറല്ലേ...?

ഞാൻ അവളോട് ചോദിച്ചു..

ചേച്ചി : അതേ...

ഇട്ട നിക്കർ നോക്കിക്കൊണ്ട് അവൾ എന്നോട് പറഞ്ഞു

"ടി ചേച്ചി നിന്നോട് പലപ്രവിശ്യം പറഞ്ഞിട്ടുണ്ട് എന്റെ നിക്കർ ഇട്ടോണ്ട് നടക്കല്ലെന്ന്.."

ചേച്ചി : എടാ ചെക്കാ ഞാനിട്ടാൽ എന്താ പ്രശ്നം... പിന്നെ നിക്കർ ആവുമ്പോൾ അലക്കാനും എളുപ്പാ

അവൾ ടീവിയിലേക്ക് ശ്രദ്ധിച്ചുകൊണ്ട് പറഞ്ഞു

"എന്നാ നിനക്ക് വേണ്ടി രണ്ടു മൂന്നെണ്ണം വാങ്ങി വെച്ചൂടെ..?

ചേച്ചി : അതിലൊരു ത്രില്ലില്ല

ചിരിച്ചുകൊണ്ടവൾ എണീറ്റു അടുക്കളയിലേക്ക് നടന്നു

"അവൾടെയൊരു ത്രില്ല്... ഇനി നീ ഇട്ടോണ്ട് നടക്കെടി ചേച്ചി..ബാക്കി അപ്പൊ കാണിച്ചു തരാം.."

ചേച്ചി : ഹിഹിഹി..നീ എന്ത് കാണിക്കാൻ... നിനക്കിത്ര വിഷമം ആണേൽ നീയെന്റെ ഡ്രസ്സ് എടുത്തിട്ടോടാ... നല്ല രസായിരിക്കും കാണാൻ

അതും പറഞ്ഞവൾ അവിടെ നിന്ന് ചിരിക്കാൻ തുടങ്ങി

"പിന്നെ... എനിക്ക് നിന്റത്രെയും വട്ടില്ല എന്തായാലും.."

ചേച്ചി : എന്നാലേ എനിക്കിത്തിരി വട്ട് കൂടുതലാ.. നീയാ കവറിങ് തന്നെ.. വിശന്നു ചാവും ഞാനിപ്പോ

എന്റെ കയ്യിൽ നിന്ന് ഫുഡ് വാങ്ങി അവൾ കഴിക്കാൻ തുടങ്ങി

എന്റേത് കൂടെ തിന്നുന്നതിന് മുൻപേ ഞാനും കഴിക്കാൻ തുടങ്ങി

ചിക്കൻ പീസൊക്കെ ആദ്യമേ തന്നെ ഞാൻ തിന്നു.. അല്ലെങ്കിൽ എല്ല് മാത്രമേ കിട്ടുവുള്ളു എന്ന് എനിക്കറിയാം

അത് കണ്ടത് കൊണ്ടാണെന്നു തോന്നുന്നു ചേച്ചി എന്നെ നോക്കി ചിരിക്കുന്നുണ്ടായിരുന്നു

കഴിച്ചു കഴിഞ്ഞപ്പോഴേക്കും നല്ല ഉറക്കം വന്നു

വേറൊന്നും ചെയ്യാൻ നിൽക്കാതെ ഞാൻ കേറി കിടന്നു

നല്ലൊരു ഉറക്കം പിടിച്ചു വന്നപ്പോഴേക്കും അടുത്തൊരു കാൽ പെരുമാറ്റം കേട്ടു

ഞാൻ കമിഴ്ന്നാണ് കിടക്കാർ.. പണ്ട് മുതൽക്കേ അങ്ങനെ ശീലിച്ചത് കൊണ്ടാണോ എന്തോ അങ്ങനെ കിടന്നാലേ എനിക്ക് ഉറക്കം വരത്തുള്ളൂ

"ജോ..."

പിറകിൽ നിന്ന് ചേച്ചിയുടെ ശബ്ദം കേട്ടു

"മ്മ്.."

ചേച്ചി : നീ ഉറങ്ങിയോടാ...?

"ഇല്ലെടി... എന്താ.."

കണ്ണടച്ചു കിടന്നുകൊണ്ട് തന്നെ ഞാൻ പറഞ്ഞു

ചേച്ചി : ന്നാ കൊറച്ചു നീങ്ങി കെടക്കെട... എനിക്കും ഒറക്കം വരണുണ്ട്

കട്ടിലിൽ ഇരുന്നുകൊണ്ടവൾ പറഞ്ഞു

"നിനക്ക് നിന്റെ മുറിയിലെങ്ങാനും കിടന്നാൽ പോരെടി പിശാശേ.. എന്റെ ഒറക്കം എന്തിനാ കളയുന്നേ..."

ഉറക്കത്തിൽ എന്റെ ദേഹത്തു കാലും കയ്യും കേറ്റി വച്ചു കിടക്കുന്ന ഒരു ശീലം ചേച്ചിക്കുണ്ട്

ചേച്ചി : നാളെ ലീവാടാ... നിന്നെ വിളിച്ചെണീപ്പിക്കാൻ രാവിലെ ഇവിടെതന്നെ വരണ്ടേ... അതിലും ഭേദം ഞാനിന്നിവിടെ കിടക്കുന്നതല്ലേ..?

"ഒന്ന് പോടീ മടിച്ചി.. രാവിലെ എണീറ്റു വരാൻ നിനക്ക് മടിയായിട്ടല്ലേ.."

ചേച്ചി : അങ്ങനെ എങ്കിൽ അങ്ങനെ.. നീങ്ങി കെടക്കട പട്ടി.. ഒറക്കം വരുമ്പോഴാ അവന്റെ ഒടുക്കത്തെ ജാട

എന്നെ ഒരറ്റത്തേക്ക് തള്ളി മാറ്റി ചേച്ചി കേറി കിടന്നു

നല്ല ഉറക്കം വന്നത് കൊണ്ട് ഞാൻ അപ്പൊ തന്നെ ഉറങ്ങിപ്പോയി

ഇടക്ക് തിരിഞ്ഞു കിടന്നപ്പോ മുകളിലെ സീലിങ്ങിലേക്ക് നോക്കി കണ്ണ് തുറന്നു കിടക്കുന്ന ചേച്ചിയെ ആണ് കണ്ടത്

"നീ ഉറങ്ങിയില്ലെടി ചേച്ചി.."

ചേച്ചി : ഇല്ലെടാ..

"ഉറക്കം വരുവാണെന്ന് പറഞ്ഞു കിടന്നിട്ട് നീ പിന്നെ എന്ത് ആലോചിച്ചു കിടക്കുവാ..?

ചേച്ചി : ഒന്നുമില്ലെടാ... നിന്റെ കോളേജ് ഞാൻ മുൻപ് കണ്ടിട്ടുണ്ട്.. ഒരുപാട് പിള്ളേരൊക്കെ ഉണ്ടല്ലെടാ....?

ഇവളിതെന്താ എപ്പോ ഇതൊക്കെ ചോദിക്കുന്നെ...

"ഒണ്ട്... അതിനിപ്പോ എന്ത് പറ്റി..?

ചേച്ചി : വെറുതെ ഓരോന്ന് ആലോചിച്ചു നോക്കിയതാ ജോ... ഒരുപാട് പെൺപിള്ളേരൊക്കെ ഉണ്ടാവുമല്ലേ അവിടെ

എന്റെ മുഖത്തു നോക്കാതെ മുകളിലേക്ക് നോക്കി കിടന്നുകൊണ്ടാണവൾ ഇതൊക്കെ പറയുന്നത്

"ഒണ്ട്..ക്ലാസ്സൊക്കെ ബോറിങ് ആണെങ്കിലും പിള്ളേരൊക്കെ അടിപൊളിയാ...ഒന്നിനെ എങ്കിലും സെറ്റ് ആക്കണം.."

അവളെപ്പോലെ തന്നെ തിരിഞ്ഞു കിടന്നുകൊണ്ട് ഞാൻ പറഞ്ഞു

ചേച്ചി : സെറ്റ് ആക്കാനോ... എന്ത്..?

"എത്ര കാലമെന്ന് വെച്ചാ ഇങ്ങനെ സിംഗിൾ ആയി നടക്കുന്നെ... ഇടക്ക് ഒക്കെ എന്തെങ്കിലും ഒരു എന്റർടൈൻമെന്റ് വേണ്ടേ ചേച്ചി..."

ചേച്ചി : അതൊന്നും വേണ്ട

പതിഞ്ഞ സ്വരത്തിൽ ആണ് അവൾ പറഞ്ഞത്...പറഞ്ഞത് മനസിലാവാതെ ഞാൻ ചേച്ചിയെ തിരിഞ്ഞു നോക്കി

അപ്പോഴേക്കും അവൾ എനിക്ക് എതിർവശമായി തിരിഞ്ഞു കിടന്നിരുന്നു

"ടി ചേച്ചി.. കേട്ടില്ല... ന്തേലും പറഞ്ഞായിരുന്നോ...?

പിറകിലേക്കിട്ട അവളുടെ മുടിയിലൂടെ വിരലോടിച്ചുകൊണ്ട് ഞാൻ ചോദിച്ചു

ചേച്ചി : നിന്നെ പഠിക്കാനാ വിട്ടത്.. അല്ലാതെ കണ്ടവളുമാരെ നോക്കാനല്ല...

പെട്ടെന്ന് എനിക്ക് നേരെ തിരിഞ്ഞു കിടന്നുകൊണ്ട് ചേച്ചി പറഞ്ഞു

മുഖമൊക്കെ ആകെ ചുവന്നിരുന്നു അപ്പോളേക്കും

"അതെന്താടി അങ്ങനെ... എപ്പോഴും പഠിച്ചോണ്ടിരുന്ന എങ്ങനാ ശെരിയാവുന്നെ... ഈ ടൈമിൽ അല്ലേ ഇതൊക്കെ ഒന്ന് ട്രൈ ചെയ്തു നോക്കേണ്ടത്.."

ഞാൻ അവളുടെ കൈ പിടിച്ചു കൊണ്ട് പറഞ്ഞു.. സാധാരണ ഇങ്ങനെ സോപ്പിട്ടാൽ അവൾ വീഴേണ്ടത് ആണ്.. പക്ഷെ ഇപ്രാവശ്യം എന്റെ കണക്കുകൂട്ടലുകൾ എല്ലാം തെറ്റി

എന്റെ കൈ രണ്ടും തട്ടി മാറ്റികൊണ്ടവൾ ചാടി എണീറ്റു

ചേച്ചി : ജോ അവസാനമായി പറയുവാ.. പഠിക്കാൻ വിട്ടാൽ പഠിച്ചോണം...വേറെ എന്തെങ്കിലും കുരുത്തക്കേട് അവിടെ കാണിച്ചെന്ന് ഞാൻ അറിഞ്ഞാൽ...

അതും പറഞ്ഞു ചേച്ചി മുറിവിട്ടിറങ്ങി പോയി

അപ്പുറത്തു നിന്നവളുടെ മുറിയുടെ വാതിൽ വലിച്ചടക്കുന്ന ശബ്ദവും കേട്ടു

ഇത്രയും ദേഷ്യപ്പെടാൻ മാത്രം ഞാനൊന്നും പറഞ്ഞില്ലല്ലോ... കോളേജിൽ ഒക്കെ പഠിക്കുമ്പോൾ പ്രേമിക്കണമെന്ന് തോന്നുന്നതൊക്കെ സ്വാഭാവികം അല്ലേ

ചിലപ്പോൾ ചേട്ടനെ പോലെ ഞാനും എന്തെങ്കിലും പൊട്ടത്തരം കാണിച്ചാലോ എന്ന് പേടിച്ചിട്ടാവും... അല്ലേലും മുതിർന്നവരെ കണ്ടല്ലേ താഴെ ഉള്ളവർ പഠിക്കുക

സമയം വൈകിയത് കൊണ്ട് ഞാൻ കേറി കിടന്നു

രാവിലെ ചേച്ചി വന്നു തട്ടി വിളിച്ചപ്പോ ആണ് എണീറ്റത്

ചേച്ചി : ജോ.. ടാ... എണീറ്റെ... സമയം 8 കഴിഞ്ഞുട്ടോ...

ഉറക്കച്ചടവിൽ കണ്ണ് തുറന്നപ്പോ കണ്ടത് കുളിയൊക്കെ കഴിഞ്ഞു ചിരിച്ച മുഖത്തോടെ എന്നെ നോക്കി നിൽക്കുന്ന ചേച്ചിയെ ആണ്

"ഒരഞ്ചു മിനിറ്റ് കൂടി ചേച്ചി..."

പുതപ്പ് എടുത്തു തല വഴി മൂടിക്കൊണ്ട് ഞാൻ പറഞ്ഞു

നല്ല തണുപ്പുള്ള കാലാവസ്ഥ ആണിപ്പോ ഇവിടെ.. അതുകൊണ്ട് തന്നെ രാവിലെ പുതച്ചു മൂടി കിടക്കാൻ നല്ല സുഖമാണ്

ചേച്ചി : അഞ്ചു മിനിറ്റ് മാത്രം.. കേട്ടല്ലോ ജോ.. അത് കഴിഞ്ഞിട്ടും നീ എണീറ്റില്ലേ അരിയിടാൻ വെച്ച നല്ല തിളച്ച വെള്ളമുണ്ട് അടുപ്പേൽ... തല വഴി കോരിയൊഴിക്കും ഞാൻ

രാവിലെ തന്നെ നല്ലൊരു ഭീഷണിയും തന്ന് ചേച്ചി അടുക്കളയിലേക്ക് പോയി

കൃത്യം അഞ്ചു മിനിറ്റ് കഴിഞ്ഞപ്പോ തന്നെ അടുത്ത വിളിയെത്തി

രാവിലെ തന്നെ എന്തിനാ തിളച്ച വെള്ളത്തിൽ കുളിക്കുന്നെ എന്ന് കരുതി ഞാൻ എണീറ്റു

പല്ല് തേക്കാൻ ബ്രെഷും വായിൽ വെച്ചു തിരിഞ്ഞപ്പോ ആണ് എന്നെ നോക്കി വാതിൽ ചാരി നിൽക്കുന്ന ചേച്ചിയെ കണ്ടത്

ഇന്നലത്തെ ബനിയനും നിക്കറും തന്നെ ആണ് വേഷം

കുളി കഴിഞ്ഞതോണ്ട് മുടി പിറകിലേക്ക് കെട്ടി വെച്ചിട്ടുണ്ട്

എന്താ നോക്കുന്നെ എന്നാ ഭാവത്തിൽ ഞാൻ അവളെ നോക്കി

അത് കണ്ട് ചിരിച്ചുകൊണ്ട് എന്റെ മുൻപിൽ വന്ന് എന്റെ മുടിയൊക്കെ പിടിച്ചു വലിച്ചു നോക്കി

അത്യാവശ്യം നീളമുള്ള മുടി ആയതോണ്ട് അതൊക്കെ മുകളിലേക്ക് പൊക്കി അളവെടുക്കുവാണ് ചേച്ചി

ചേച്ചി : ശെരിക്കും നിനക്ക് പ്രേമിക്കാൻ ഒക്കെ ഉള്ള പ്രായമായോ ജോ..?

എന്നെ നോക്കി ചിരിച്ചുകൊണ്ട് ആണ് ചോദ്യം

"പിന്നെ മുടിയുടെ നീളം നോക്കിയല്ലേ പ്രായം നോക്കുന്നെ... നീ ഇങ്ങോട്ട് മാറി നിന്നെടി ചേച്ചി.."

അവളുടെ വയറിൽ കുത്തി ഇക്കിളിയാക്കിക്കൊണ്ട് ഞാൻ പറഞ്ഞു

വയറിൽ തൊട്ടാൽ അപ്പോ ചേച്ചിക്ക് ചിരി പൊട്ടും

കൈ കൊണ്ട് വയറു രണ്ടും പൊത്തി പിടിച്ചുകൊണ്ടവൾ മാറി നിന്നു

ചേച്ചി : അതല്ല ജോമോനെ.. ഞാൻ ഇന്നലെ വേറെ എന്തെക്കെയോ ആലോചിച്ചു പറഞ്ഞതാ അങ്ങനെയൊക്കെ... നീ പ്രേമിച്ചോടാ.. എനിക്ക് പ്രശ്നമൊന്നുമില്ല.. പക്ഷെ പടുത്തത്തിൽ ഒഴപ്പരുത്...

കൊറച്ചു നേരത്തെ ആലോചനക്ക് ശേഷം ചേച്ചി പറഞ്ഞു

"അതിപ്പോ നീ പറഞ്ഞില്ലേലും നല്ലൊരു കൊച്ചിനെ കണ്ടാൽ ഞാൻ പ്രേമിക്കുമെടി ചേച്ചി.."

അവളെ നോക്കി ഒരല്പം പുച്ഛഭാവത്തിൽ ഞാൻ പറഞ്ഞു.. ചുമ്മാ രാവിലെ തന്നെ ചേച്ചിയെ ദേഷ്യം പിടിപ്പിക്കാൻ തോന്നിയത് കൊണ്ടാണ്

ചേച്ചി : നീ ഒക്കെ എന്ത് വേണേലും കാണിക്ക്.. ഒടുക്കം നിന്റെ ചേട്ടനെപോലെ വിളിച്ചിറക്കികൊണ്ട് വരാതിരുന്നാൽ മതി..

ദേഷ്യത്തോടെ എന്നെ നോക്കിക്കൊണ്ട് അവൾ അടുക്കളയിലേക്ക് പോയി

ഞാൻ ഡ്രസ്സ് ഒക്കെ മാറി ഫുഡ് കഴിക്കാൻ വന്നിരിന്നു.. ചേച്ചിക്കിന്ന് ലീവ് ആയതുകൊണ്ട് രാവിലെ ദോശയൊക്കെ ഉണ്ടാക്കി എന്നെ കാത്തിരിക്കുക ആയിരുന്നു

രാവിലത്തെ ദേഷ്യമൊന്നും മുഖത്തില്ല

ചേച്ചി : ജോ രാവിലെ അമ്മ വിളിച്ചിരുന്നു..

എന്റെ പ്ലേറ്റിലേക്ക് രണ്ടു ദോശ ഇട്ടുകൊണ്ട് ചേച്ചി പറഞ്ഞു

"എന്ത് പറഞ്ഞു.. അല്ലേലും മോനെ വേണ്ടല്ലോ ഇപ്പൊ.. എന്തിനും ഏതിനും മോളെ മതിയല്ലോ.."

ചേച്ചി : ദേ ജോമോനെ വേണ്ടാട്ടോ... നിന്നെ വിളിച്ചിട്ട് കിട്ടാത്തത് കൊണ്ടാ എന്നെ വിളിച്ചത്

"അത് വിട്... ഇത്തവണ എങ്കിലും നാട്ടിൽ പോകാൻ പറ്റുമോ.."

ചേച്ചി : നടപ്പില്ല മോനെ... നിനക്കിപ്പോ ക്ലാസ്സ് തുടങ്ങിയതല്ലേ ഉള്ളു..കൊറച്ചു കൂടെ കഴിയട്ടെ... എന്നിട്ട് പോകാം.. അല്ലെങ്കിലേ നീ ഒഴപ്പും..

എനിക്കരികിൽ തന്നെ ഇരുന്നുകൊണ്ട് ചേച്ചി പറഞ്ഞു

ഞാനതെല്ലാം മൂളിക്കേട്ട് കൊണ്ടവിടെ ഇരുന്നു

നേരത്തെ എണീറ്റെങ്കിലും ചേച്ചിയോട് ഓരോന്നു പറഞ്ഞിരുന്നു സമയം അല്പം വൈകി

വേഗന്ന് തന്നെ ചാവിയെടുത്തുകൊണ്ട് ഞാൻ താഴേക്ക് ഓടി

തിരക്ക് കുറഞ്ഞ റോഡ് നോക്കി ഒരു വിധം കോളേജിൽ എത്തി

പാർക്കിംഗ് ഏരിയയിൽ എത്തിയപ്പോൾ ഉണ്ട് രണ്ടു മൂന്ന് പെണ്ണുങ്ങളോട് സംസാരിച്ചുകൊണ്ട് അഖിൽ നിൽക്കുന്നു

ഓരോ നിമിഷവും ഇവനൊരു കോഴി ആണെന്ന് തെളിയിച്ചുകൊണ്ടിരിക്കുക ആണല്ലോ

വണ്ടി പാർക്ക് ചെയ്തു ഞാനവന്റെ അടുത്തേക്ക് നടന്നു

അഖിൽ : മച്ചാനെ...

ഞാൻ വരുന്നത് കണ്ട അഖിലെന്നെ കൈ ഉയർത്തി കാണിച്ചു

കൂടെ നിൽക്കുന്ന പെണ്ണുങ്ങളുടെ ശ്രദ്ധയും എന്റെമേൽ ആയിരുന്നു അപ്പോൾ

അഖിൽ : ഞാൻ കരുതി മച്ചാനിന്ന് ലീവ് ആയിരിക്കുമെന്ന്.. അതുകൊണ്ട് ഞാനും തിരിച്ചു പോകാൻ ഇറങ്ങിയത അപ്പോളാണ് ഇവരെ കണ്ടത്... നമ്മളൊക്കെ ഒരേ ക്ലാസ്സാണ്

"ഇവരും മലയാളീസ് ആണോ..?

ഞാൻ ചോദിച്ചു.. ഇവരെയാരെയും ഇന്നലെ ഞാൻ ക്ലാസ്സിൽ കണ്ടതായി ഓർക്കുന്നുമില്ലായിരുന്നു

അഖിൽ : അതേട...ഇത് ജെസ്ന.. ഡെൽന..അമിത

കൂടെ നിന്നവരെ അവൻ പരിചയപ്പെടുത്തി

ഞാൻ അവരെയെല്ലാം ഒന്ന് ശെരിക്കും നോക്കി

ജെസ്നയെയും അമിതയെയും കണ്ടാൽ മലയാളികൾ ആണെന്ന് പറയില്ല... മോഡേൺ ഡ്രെസ്സും അത്യാവശ്യം മേക്കപ്പും തേച്ചു ബാംഗ്ലൂർ ബേസ്ഡ് ആയ പെണ്ണുങ്ങളെപ്പോലെ തോന്നി

ഡെൽന അല്പം ഇരുനിറം ആണ്.. എങ്കിലും കാണാൻ നല്ല രസമൊക്കെ തോന്നി.. മറ്റുള്ളവരെപോലെ മേക്കപ്പ് ഇട്ട് ബോറാക്കിയിട്ടില്ല മുഖം

മൂവരും എനിക്ക് കൈ തന്നു

ഞാൻ എന്നെത്തന്നെ അവർക്ക് പരിചയപ്പെടുത്തി

"ഇന്നലെ നിങ്ങളെയാരും ക്ലാസ്സിൽ കണ്ടില്ലല്ലോ...?

ഞാൻ ചോദിച്ചു

അമിത : അത് ജോ ഇന്നലെ ഞങ്ങൾ ഇവിടെ വരെ വന്നതാ... പിന്നെ ഫസ്റ്റ് ഡേ തന്നെ ബോറിങ് ആവുമെന്ന് പറഞ്ഞു സിനിമക്ക് പോയി

"ആഹ്. കൊള്ളാലോ.."

അഖിൽ : നേരാ.. ഇനി പടത്തിന് പോവാൻ കമ്പനി ആയല്ലോ.. അല്ലെട

"നിങ്ങൾ എല്ലാരും നാട്ടിൽ എവിടാ..?

ഡെൽന : ജോ ഞങ്ങളൊക്കെ തിരുവനന്തപുരത്ത് നിന്നാ.. പ്ലസ് ടു മുതൽക്കേ ഒരുമിച്ചാ... So ഇവിടെയും അങ്ങനെ ആവട്ടെന്ന് കരുതി

അഖിൽ : അപ്പൊ താമസവും ഒരുമിച്ചാണോ..?

ജെസ്ന : അതേ.. ഞങ്ങടെ കൂടെ ഒരാൾ കൂടെ ഒണ്ട്.. അവൾടെ അച്ഛന് ഇവിടെ അടുത്ത് തന്നെ ഒരു ഫ്ലാറ്റുണ്ട്... അപ്പൊ പിന്നെ ഞങ്ങൾ സ്റ്റേ ചെയ്യാൻ വേറൊരു സ്ഥലം നോക്കിയില്ല

"ഒരാൾ കൂടെ ഒണ്ടോ..നമ്മുടെ സെയിം ക്ലാസ്സ് ആണോ..?

ഞാൻ ചോദിച്ചു

അമിത : അതേടാ..ഇപ്പൊ വരും... ATM ഇൽ പോയതാ

അഖിൽ : ഓഹോ.. കുത്തി കുത്തി എടുക്കാൻ അതിൽ ഒരുപാട് ഒണ്ടോ

ജെസ്ന : പിന്നല്ലാതെ... ഞങ്ങടെയൊക്കെ പാതി ചിലവും നോക്കുന്നത് അവളാ...

അഖിൽ : അത്രക്ക് റിച്ച് ആണോ...

അമിത : ആടാ...

"അപ്പൊ ജാടയും അതുപോലെ കാണും.."

ഞാൻ വല്യ താല്പര്യമില്ലാത്ത മട്ടിൽ പറഞ്ഞു

ഡെൽന : അങ്ങനെ പറയാതെ ജോ...അതൊരു പാവമാ... ഞങ്ങളൊക്കെ സാമ്പത്തികമായി കൊറച്ചു പിന്നോക്കം ആണ് എന്നിട്ടും ഇവിടെ ഒരു കുറവും ഉണ്ടാവരുതെന്ന് കരുതി ആണ് അവൾ ഞങ്ങൾക്ക് വേണ്ടി ഈ ചിലവൊക്കെ നോക്കിയത്...ജാഡ ഉണ്ടായിരുന്നെങ്കിൽ എന്നെ ഞങ്ങളെ പുറത്താക്കിയേനെ

അമിത : ദേ അവള് വരുന്നുണ്ട്.. ദയവു ചെയ്തു ഇപ്പൊ പറഞ്ഞപോലൊന്നും അവളുടെ മുൻപിൽ വെച്ചു പറഞ്ഞേക്കല്ലേ... അത് മതി ഇന്നവൾക്ക് കരയാൻ

അഖിൽ : കരയാനോ...എന്തോന്നിത് നേഴ്സറിയിലാണോ അവൾ പടിക്കണേ

അഖിൽ എന്നോട് പറഞ്ഞു.. ഞാൻ അപ്പൊ ആണ് മറ്റുള്ളവർ നോക്കുന്ന ഭാഗത്തേക്ക് നോക്കിയത്

പാർക്ക് ചെയ്ത കാറുകൾക്കിടയിലൂടെ ഒരുത്തി ഓടി വരുന്നു

വൈറ്റ് കളർ പാന്റും ചുവന്ന ഒരു ടി ഷർട്ടും ആണ് വേഷം.. തലയിൽ ഒരു കറുത്ത തൊപ്പിയുമുണ്ട്

തൊപ്പി വെച്ചത് കൊണ്ടാണെന്ന് തോന്നുന്നു മുടിയൊക്കെ അഴിച്ചു ചുറ്റിനും ഇട്ടിട്ടുണ്ട്.. ഓടി വരുമ്പോൾ മുടിയൊക്കെ മുകളിലേക്ക് ചാടി കളിക്കുന്നു

നല്ല വെളുത്തു നീണ്ട ചെറിയ ഒരു മുഖം

മേക്കപ്പ് ഒന്നും തന്നെ ഇല്ലെന്ന് ദൂരെ നിന്ന് കാണുമ്പോഴേ അറിയാം.. കണ്ണെഴുതിയിട്ടുണ്ട്

അല്ലാതെ വേറൊന്നും ആ മുഖത്തു കാണാനില്ല

അവളെ നോക്കി കൈ കാണിക്കുന്ന അമിതയുടെ അടുത്ത് ഞാൻ മറ്റാരും കേൾക്കാതെ ചോദിച്ചു

"അവളുടെ പേരെന്താ...?

ഒരു ആക്കിയ ഭാവത്തോടെ അമിത എന്റെ മുഖത്തേക്ക് തന്നെ നോക്കി ചിരിക്കാൻ തുടങ്ങി

അമിത : എന്തിനാ ജോ.. ഈ ജാട പെണ്ണുങ്ങളുടെ പേരൊക്കെ അറിഞ്ഞിട്ട് എന്ത് കിട്ടാനാ...

"അത് പിന്നെ നിങ്ങടെയൊക്കെ പേരറിഞ്ഞില്ലേ... അല്ലേലിപ്പോ എന്താ.. ഒരു പേരല്ലേ ചോദിച്ചുള്ളൂ.. പറയാൻ പറ്റുമെങ്കിൽ പറ.."

കൈ രണ്ടും കെട്ടി ഞാനല്പം മാറി നിന്നു

എനിക്കറിയാമായിരുന്നു അവളെന്റെ അടുത്തേക്ക് വരുമെന്ന്.. ഊഹം തെറ്റിയില്ല അമിത മെല്ലെ എന്റെ അടുക്കലേക്ക് ചേർന്ന് നിന്നുകൊണ്ട് പറഞ്ഞു

അമിത : ചുമ്മാ ചെറിയ പിള്ളേരെപോലെ മാറി നിക്കല്ലേ ജോ....ഞാൻ പേര് പറയാം

"എന്നാ പറ..?

അമിത : അർഷിത... അർഷിതാ നന്ദകുമാർ

ആ പേര് മനസിലെവിടെയോ തട്ടിയപോലെ തോന്നി എനിക്കപ്പോ

അവളുടെ പേര് തന്നെ മനസ്സിൽ വെറുതെ ഉരുവിട്ടുകൊണ്ട് ഇരുന്നപ്പോഴേക്കും അർഷിത ഞങ്ങൾക്കരികിലേക്ക് എത്തിയിരുന്നു

കിതച്ചുകൊണ്ട് കമ്പിയിൽ പിടിച്ചു ശ്വാസമെടുക്കാൻ ശ്രമിക്കുകയാണ് അവൾ

ഞാൻ അവളെ തന്നെ കണ്ണെടുക്കാതെ നോക്കി നിൽക്കുന്നത് ബാക്കി എല്ലാവരും കണ്ടിരുന്നു.. അത് അഖിലെന്നെ തട്ടി വിളിച്ചപ്പോഴാണ് ഞാൻ അറിഞ്ഞത്

അർഷിത : സോറീടി... ATM തപ്പി കൊറേ നടന്നു... അടുത്ത് എങ്ങും ഇല്ല.. പിന്നെ വഴി കണ്ട ഒരു അമ്മാവനോട് ചോദിച്ചു ATM കണ്ട് പിടിച്ചപ്പോ തന്നെ അടുത്ത ജംഗ്ഷൻ എത്തി... ഹോ.. എന്നാ ചൂടാ രാവിലെ

വാ തോരാതെ കൂട്ടുകാരികളോട് സംസാരിച്ചുകൊണ്ടിരിക്കുകയാണവൾ

സംശയം കേട്ടുകൊണ്ടിരിക്കാൻ തന്നെ ഒരു രസം തോന്നി

അമിത : ആദ്യം നീയാ തൊപ്പി ഊരികളാ... എന്നിട്ട് പറ ഇവിടെ ചൂടുണ്ടോ ഇല്ലയോ എന്ന്

അർഷിത : ഓഹ് സോറി

തലയിൽ നിന്ന് തൊപ്പി ഊരികൊണ്ട് അവൾ പറഞ്ഞു

അപ്പോഴേക്കും അഖിൽ അവളെ പരിചയപ്പെടാൻ തുടങ്ങിയിരുന്നു

ഞാൻ എന്തായാലും അവർ സംസാരിക്കട്ടെ എന്നാ ഭാവത്തിൽ അല്പം മാറി നിന്നു

ഇടക്ക് അഖിൽ എന്നെ ചൂണ്ടി കാട്ടി അവളോടെന്തൊക്കെയോ പറയുകയും രണ്ടു പേരും കൂടെ ചിരിക്കുകയും ചെയ്യുന്നുണ്ട്

ഈ നാറി ഇതിനിടയിലൂടെ എനിക്കിട്ട് പണിയുന്നുണ്ടോ എന്നൊരു സംശയം

ഞാൻ മാറി നിൽക്കുന്നത് കണ്ട് അമിത എന്റടുക്കലേക്ക് വന്നു

അമിത : എന്താ ജോ അമ്മുവിനെ ഇഷ്ടയില്ലേ..?

"അമ്മുവോ... അതാര്.. ഇനിയും ഒണ്ടോ ആൾക്കാർ നിങ്ങടെ കൂടെ..?

അമിത : അതല്ല മണ്ടൂസേ..അർഷിതയെ ഞങ്ങൾ അമ്മുവെന്ന വിളിക്കുന്നെ...

അവൾ ഒരു ചിരിയോടെ പറഞ്ഞു

അല്ലേലും അർഷിത എന്ന പേരിനെക്കാൾ വിളിക്കാൻ എളുപ്പം അമ്മു എന്ന് തന്നെ ആണ്

"ഓഹ് അങ്ങനെ... അല്ല ഇവിടെ ഇവന്റെ ചളിയടിയും കേട്ട് നിന്നാൽ മതിയോ.. ക്ലാസ്സിൽ കേറണ്ടേ..?

ഞാൻ അവരോടായി ചോദിച്ചു

ഇടക്ക് അഖിലിനെയൊന്ന് പൊക്കി പറഞ്ഞത് കൊണ്ട് ബാക്കി പെൺപടയെല്ലാം അവനെ നോക്കി ചിരിക്കുന്നുണ്ട്

കൂടെ അമ്മുവും ചിരിക്കുന്നുണ്ടായിരുന്നു.. അത് കണ്ടപ്പോ മനസ്സിലെവിടെയോ ഒരു സന്തോഷം പോലെ

പാർക്കിങ്ങിൽ നിന്ന് ക്ലാസ്സിലേക്ക് നടക്കുമ്പോൾ ഞാൻ ഏറ്റവും പിന്നിലായിരുന്നു നടന്നത്

അഖിലാണേൽ ബാക്കി മൂന്ന് പെണ്ണുങ്ങളുടെ നടുവിലൊരു രാജാവിനെപോലെ നടന്നു പോകുന്നു

ഇടക്ക് ഡെൽനയും ജെസ്നയും എന്നെ തിരിഞ്ഞു നോക്കുന്നുണ്ടായിരുന്നു

ഇവന്റെ വായിൽ തലവച്ചു പോയല്ലോ എന്ന ഒരു ഭാവത്തിൽ.. പാവങ്ങൾ... മൂന്നിന്റെയും തല തിന്നുവാണ് അഖിൽ

ഇവർക്ക് പിറകിൽ നടന്നിരുന്ന അമ്മു പെട്ടന്ന് പിറകിലേക്ക് വന്നു

ഇപ്പം അവളുടെ നടത്തം എന്റെ ഒപ്പമാണ്

ഞാൻ എന്താണെന്ന ഭാവത്തിൽ അവളെ നോക്കിയപ്പോ ഒരു ചിരിയായിരുന്നു മറുപടി

അടുത്ത് നിന്ന് നോക്കുമ്പോൾ അവളുടെ ചിരിയും ചേച്ചിയുടെ ചിരിയും ഒരുപോലെ തോന്നി

അമ്മു : നമ്മൾ പരിചപ്പെട്ടില്ലല്ലോ..?

എന്നോടവൾ ചോദിച്ചു

"എന്നെക്കുറിച്ചെല്ലാം അഖിൽ പറഞ്ഞു കാണുമല്ലോ.."

അമ്മു : എന്നാലും അതല്ലല്ലോ ജോ ഒരു മര്യാദ...ഏത്.. മനസിലായില്ലേ..?

"ഓ അത്.. മനസിലായി.."

ഒരു പ്രത്യേക ശൈലിയിൽ അവളെന്നോട് സംസാരിച്ചു... അതേ രീതിയിൽ തന്നെ ഞാനും മറുപടി പറഞ്ഞു..പറഞ്ഞു തീർന്നതും ഞങ്ങൾ ഒരുമിച്ചു പൊട്ടി ചിരിച്ചു

അവിടെ തുടങ്ങുകയായിരുന്നു എന്റെ കലാലയ ജീവിതത്തിലെ ഒട്ടും മറക്കാൻ കഴിയാത്ത ഒരു സൗഹൃദം

അഖിലും അമ്മുവും ജെസ്നയും അമിതയും ഡെൽനയുമെല്ലാം അന്നൊരു ദിവസം കൊണ്ട് എന്റെ ജീവിതത്തിലെ ഒരു ഭാഗമായി മാറി

അവർക്കും അതുപോലെ തന്നെ ആയിരുന്നു.. പിന്നീടുള്ള ദിവസങ്ങളിൽ ഞങ്ങളെല്ലാം ഒരുപാടടുത്തു

ഒരു മനസ്സും രണ്ടു ശരീരവും എന്ന് ആരോ പറഞ്ഞത് പോലെ പോകെ പോകെ ഞങ്ങളും അതുപോലെയായി വരികയായിരുന്നു

മറ്റുള്ളവരേക്കാൾ ഞാനും അമ്മുവും വല്ലതെ അടുത്തു.. പക്ഷെ കൂട്ടുകാർ എന്ന നിലയിൽ അല്ലാതെ അവളോട് വേറൊരു വികാരവും അവളോടെനിക്ക് തോന്നിയില്ല എന്നതാവും സത്യം

പക്ഷെ ചേച്ചിയെ ദേഷ്യം പിടിപ്പിക്കാൻ വേണ്ടി ഇടക്കിടെ ഞാനവൾക്ക് മറ്റൊരു സ്ഥാനം കൂടി നൽകി

അങ്ങനെ ദിവസവും വഴക്കിടാൻ ഞങ്ങൾക്ക് പുതിയൊരു വിഷയം കൂടെ കിട്ടി

പകൽ സമയം കൂട്ടുകാരുമായി കോളേജ് ലൈഫ് അടിച്ചു പൊളിക്കുകയും അതുപോലെ തന്നെ രാത്രി സമയം ചേച്ചിയുമായുള്ള വഴക്ക് അതിന്റെ മുറക്ക് തന്നെ നടക്കുകയും ചെയ്തു

അങ്ങനെ ഒരു അവധി ദിവസം രാവിലെ തന്നെ ഫോണിന്റെ കാറികൂവൽ കേട്ടാണ് ഞാൻ എണീറ്റത്.. അവധി ആയതോണ്ട് രാവിലെ എണീക്കാൻ പറഞ്ഞുകൊണ്ട് ചേച്ചിയുടെ ശല്യം ഇല്ലായിരുന്നു.. പക്ഷെ അടുക്കളയിൽ പാത്രങ്ങൾ കൂട്ടി മുട്ടി വലിയൊരു യുദ്ധം നടക്കുന്നത് ഞാൻ അറിഞ്ഞു

അഖിലിന്റെയും അമിതയുടെയും മിസ്സ്ഡ് കാൾ മാറി മാറി വന്ന് കിടപ്പുണ്ട്... ബാക്കി ഉള്ളവരുടെ വക കണ്ണ് പൊട്ടുന്ന തെറിയും വാട്സാപ്പിൽ

അമ്മുവിന്റെ അവസാന മെസ്സേജ് ഇന്ന് ഉച്ചക്ക് മുൻപേ അഞ്ചെണ്ണവും എന്റെ ഫ്ലാറ്റിൽ ഹാജർ വെക്കുമെന്ന് ആയിരുന്നു

ഇനി ഇവർ വന്ന് എന്ത് പണി തരുമെന്ന് ആലോചിച്ചു ഞാൻ കട്ടിലിൽ തന്നെ ഇരുന്നു

ഞാൻ വിചാരിച്ചത് പോലൊരു ending എനിക്ക് കിട്ടുന്നില്ല..എങ്കിലും അവസാനിപ്പികയാണ്...

ഇന്നിവരെല്ലാം കൂടെ വന്ന് എന്ത് പ്രശ്നം ആണോ ഉണ്ടാക്കാൻ പോണേ എന്ന് ആലോചിച്ചു ഞാൻ അവിടെ തന്നെ ഇരുന്നു കൊറച്ചു നേരം

മറ്റുള്ളവരേക്കാൾ പ്രശ്നം അമ്മുവാണ്... ചേച്ചിക്ക് പ്രേമം എന്ന് പറഞ്ഞാൽ എന്തോ അലർജി പോലെ ആണിപ്പോ.. അതിന്റെ ബാക്കി ആയിട്ടാണ് അന്ന് ഒരു വഴക്ക് ഞങ്ങൾ തമ്മിൽ നടന്നത്

എങ്കിലും എന്നെ പിണക്കണ്ട എന്ന് കരുതി പ്രേമിക്കാൻ ഒക്കെ അനുവാദം കിട്ടിയെങ്കിലും എന്റെ മനസ്സിന് തോന്നിയ ഒരാളെ കിട്ടിയിരുന്നില്ല എന്നത് ആയിരുന്നു സത്യം

എങ്കിലും ചേച്ചിയോട് വഴക്ക് കൂടാൻ വേണ്ടി ഞാൻ അമ്മുവിനെ ചെറുതായി ഒന്ന് എന്റെ crush ആക്കി മാറ്റി

പക്ഷെ അമ്മുവിനോട് ഇതുവരെ അങ്ങനെ ഒരു വികാരം തോന്നിയിട്ടില്ല താനും

എന്നും രാത്രി ബാക്കി ഉള്ളവർ വിളിക്കുമ്പോഴും ഞാൻ ചേച്ചിയോട് പറഞ്ഞിരുന്നത് അമ്മുവിന്റെ പേരായിരുന്നു

അപ്പൊ കലിപ്പിച്ചൊരു ഒരു നോട്ടം ഉണ്ട് ചേച്ചിയുടെ.. അത് കാണുമ്പോൾ എന്തോ മനസ്സിനൊരു സുഖം ആയതോണ്ട് ഞാനെന്നും അമ്മുവിന്റെ പേര് പറയൽ ഒരു ശീലമാക്കിയിരുന്നു.. ക്ലാസ്സ് കഴിഞ്ഞു വരുമ്പോൾ എന്റെ അന്നത്തെ വിശേഷങ്ങൾ അന്വേഷിക്കാൻ ചേച്ചി വരുമ്പോൾ ഞാനാദ്യം എടുത്തിടുന്നത് അമ്മുവിന്റെ കാര്യമാണ്

അത് കേൾക്കുമ്പോൾ വന്ന സ്പീഡിൽ തന്നെ ചേച്ചി തിരിച്ചു പോകും.. പിന്നെ രാത്രി അതിന്റെ ബാക്കിയായി ഒരു യുദ്ധം

അങ്ങനെ ഉള്ള എന്റെയും ചേച്ചിയുടെയും ഇടയിലേക്കാണിപ്പോ എല്ലാം കൂടെ തുള്ളിച്ചാടി വരാൻ പോണത്

"ഇന്നിവിടെ എന്തെങ്കിലും ഒക്കെ നടക്കും.."

ഒരാത്മഗതം പറഞ്ഞുകൊണ്ട് ഞാൻ ബെഡിൽ നിന്നെണീറ്റു

ആദ്യം ചേച്ചിയെ ഒന്ന് സോപ്പിട്ടു നിർത്തണം

അടുക്കയിൽ നിന്ന് ഏതോ ഇംഗ്ലീഷ് പാട്ട് ചെറിയ ശബ്ദത്തിൽ കേൾക്കാമായിരുന്നു

ഫ്രിഡ്ജിന് മുകളിൽ ചെറിയ സ്പീക്കർ വെച്ചു പാട്ടും കേട്ട് നല്ല പാചകത്തിൽ ആണ് കക്ഷി

ഇടക്ക് പാട്ടിന്റെ ഓരോ വരികൾ പാടി ഉള്ളിന്റെ ഉള്ളിലെ ഇല്ലാത്ത ഗായികയെ പുറത്തു കൊണ്ടുവരാനും ശ്രമിക്കുന്നുമുണ്ട്

ഞാൻ ആദ്യമേ ചെന്നു പാട്ട് ഓഫ് ചെയ്തു

അപ്പൊ തന്നെ പുള്ളിക്കാരി എന്നെ തിരിഞ്ഞു നോക്കി

എന്തടാ പന്നി എന്ന് കണ്ണ് കൊണ്ട് ചോദിക്കുന്നത് പോലെ.. ഏയ്യ് തോന്നിയതാവും

"അത് ഒണ്ടല്ലോ ചേച്ചി.. ഒരു കാര്യം പറയാൻ ഉണ്ടായിരുന്നു..."

ഞാൻ അവളുടെ അടുത്തേക്ക് വന്നുകൊണ്ട് പറഞ്ഞു

ചേച്ചി : അതിന് നീയെന്തിനാ പാട്ട് നിർത്തിയത്..?

കയ്യിലെ സ്റ്റീലിന്റെ തവി പൊക്കിപിടിച്ചുകൊണ്ട് എന്നോട് ചോദിച്ചു... ഞാൻ അവളിൽ നിന്ന് ഒരല്പം വിട്ടു നിന്നു

അതാവും എനിക്ക് നല്ലതെന്ന് തോന്നി

"അതീ പാട്ട് കേട്ട് നിന്നാൽ പിന്നെ ഞാൻ പറയുന്നത് എങ്ങനെ നീ കേൾക്കും..?

ചേച്ചി : അച്ചോടാ... എന്റെ ചെവിക്ക് ഇപ്പോഴും വലിയ പ്രശ്നമൊന്നുമില്ല.. നീ വന്ന കാര്യം പറഞ്ഞിട്ട് പോകാൻ നോക്ക് ചെക്കാ.. എനിക്ക് ഒരുപാട് പണിയുള്ളതാ

അതും പറഞ്ഞു തിരിഞ്ഞു നിന്ന് പാത്രത്തിൽ എന്തോ ഇളക്കാൻ തുടങ്ങി

അടുപ്പിനെ ചൂട് കാരണം ചേച്ചിയുടെ നെറ്റിയിലൊക്കെ വിയർപ്പ് തുള്ളികൾ പറ്റിയിരുന്നു

നല്ല വെളുത്ത നെറ്റിയിൽ ഇതുപോലെ വിയർപ്പ്തുള്ളികൾ നിൽക്കുന്നത് കാണാൻ ഇത്രക്ക് ഭംഗി ഉണ്ടെന്ന് ഞാൻ അന്നാണ് മനസിലാക്കിയത്

പക്ഷെ ആ കാഴ്ച അധികനേരം നീണ്ടു നിന്നില്ല

ഇടതു കൈ കൊണ്ട് ചേച്ചി നെറ്റി തുടച്ചിട്ട് എന്നെ നോക്കി എന്താ എന്ന് ചോദിച്ചു

"നീ രാവിലെ കുളിച്ചില്ലേ..?

അവളെന്നെ ഒന്ന് സംശയഭാവത്തോടെ നോക്കി

ചേച്ചി : അതെന്താ നീ അങ്ങനെ ചോദിച്ചേ..?

"ഒന്നുമില്ല... നെറ്റിയൊക്കെ വിയർത്തത് കണ്ട് ചോദിച്ചതാ..."

ചേച്ചി : അതേ മോനെ ഞാൻ ഫ്രഡ്ജിനകത്തല്ല നിൽക്കുന്നെ... അടുപ്പിന് മുൻപിലാ... അല്ലാ... ഞാനിതു ആരോടാ ഈ പറയുന്നേ...

എന്നെനോക്കി ഒരു പുച്ഛഭാവത്തിൽ ചേച്ചി പറഞ്ഞു

ഞാൻ പിന്നെ മറുത്തൊന്നും പറയാൻ നിന്നില്ല.. നേരെചൊവ്വേ ഒരു ചായപോലും ഉണ്ടാക്കാൻ അറിയാത്ത ഞാനൊക്കെ എന്ത് പറയാനാ

"നീ അത് വിട്.. ഇന്ന് എന്റെ കൊറച്ചു ഫ്രഡ്സ് വരുന്നുണ്ട്..."

ചേച്ചി : അതിന്...?

എന്നെ മൈൻഡ് ചെയ്യാതെ ചെയ്യുന്ന ജോലിയിൽ തന്നെ ശ്രദ്ധ കൊടുത്തുകൊണ്ട് ചേച്ചി പറഞ്ഞു

"അതിന് ഒന്നുമില്ല... അമ്മുവും കാണും കൂടെ.."

അവളുടെ പേര് പറഞ്ഞതെ ചേച്ചി എന്നെ ഇടം കണ്ണിട്ടൊന്ന് നോക്കി.. പിന്നെ വല്യ ഭാവ വ്യത്യാസം ഒന്നുമില്ലാതെ പാചകത്തിൽ ശ്രദ്ധിച്ചു

ചേച്ചി : വരട്ടെ... എനിക്കുമോന്ന് കാണാമല്ലോ നിന്റെ അമ്മുവിനെയൊന്ന്

"അതാ എനിക്ക് പറയാൻ ഉള്ളെ... ഞാൻ ഒരുവിധത്തിൽ കരക്കടിപ്പിച്ചു കൊണ്ടുവരുന്ന തോണിയാ അത്..നീയൊരു പ്രേമവിരോധി ആണെന്ന് കരുതി ഇതിലും ഉടക്കൊന്നും വെക്കരുത്..."

ചേച്ചി : ഓ ഞാനായിട്ട് ഒടക്കാനും ഒടിക്കാനും വരുന്നില്ല... പിന്നെ നിന്റെ അമ്മുവും കുമ്മുവുമൊക്കെ വരുന്നത് കൊള്ളാം.. എന്റെ മെക്കിട്ടേങ്ങാനും കേറാൻ വന്നാൽ... തൂക്കി എടുത്തു വെളിയിൽ കളയും എല്ലാത്തിനെയും..

ഒരു ഭീഷണി സ്വരത്തിൽ ചേച്ചി പറഞ്ഞു

"എടി ചേച്ചി അവരൊന്നും നീ കരുതുന്നത് പോലെ പ്രശ്നക്കാർ ഒന്നുമല്ല... എല്ലാം പാവങ്ങളാ.."

ചേച്ചി : നിന്റെ കൂട്ടുകാരല്ലേ... മനസിലാവും... മോൻ ചെല്ല്.. എനിക്ക് പിടിപ്പത് പണിയുള്ളതാ

ചേച്ചി അതും പറഞ്ഞെന്നെ ഹാളിലേക്ക് തള്ളി വിട്ടു

എന്തായാലും ഇവിടുത്തെ കാര്യം ഓക്കേ ആയി.. ഇനി വരുന്നതുങ്ങളുടെ കാര്യം എന്താവോ എന്തോ

ചേച്ചി : ടാ ഒന്ന് നിന്നെ..

ഓരോന്നാലോചിച്ചു നടക്കുമ്പോ ആണ് ചേച്ചി പിന്നിൽനിന്ന് വിളിച്ചത്

"എന്നാ....?

ചേച്ചി : നീ ഒന്ന് പുറത്തു പോണം.. കൊറച്ചു സാധനങ്ങൾ വാങ്ങാൻ ഒണ്ട്

"ഓ അതാണോ... എന്താ വാങ്ങേണ്ടേ..?

ഗ്യാസ് ഓഫ് ചെയ്ത് ചേച്ചി റൂമിലേക്ക് പോയി

കൊറച്ചു കഴിഞ്ഞു ഒരു പേപ്പറിന്റെ കഷ്ണവുമായി വന്നു

വാങ്ങാൻ ഉള്ള സാധനങ്ങളുടെ ലിസ്റ്റ് ആയിരുന്നത്

"ഇത് ഒരുപാടൊണ്ടല്ലോ..നീയെന്താ ഇവിടെ പച്ചക്കറിക്കട തുടങ്ങാൻ പോണോ..?

ലിസ്റ്റ് കണ്ട് ഞാൻ ചോദിച്ചു

ചേച്ചി : വേണേൽ വാങ്ങിയാൽ മതി.. അല്ലേ നിന്റെ ഫ്രെഡ്സ് വന്നു പച്ചവെള്ളം കുടിച്ചിട്ട് പൊക്കോട്ടെ

ഓ.. ഇത് അവർക്ക് വേണ്ടി ഉള്ളതായിരുന്നല്ലേ

"ശെരി ശെരി... ഞാൻ പോയിട്ട് വരാം.."

ഞാൻ പുറത്തേക്ക് നടന്നു

ചേച്ചി : നിനക്ക് പൈസ വേണ്ടേ..അവിടെപ്പോയി ചിരിച്ചു കാണിച്ചാലൊന്നും സാധനം കിട്ടുകേല

ജോലി ഉള്ളതിന്റെ അഹങ്കാരം കാണിക്കുവാണോ ചേച്ചി... അതും ഈ എന്നോട്

"ഇതൊക്കെ വാങ്ങാൻ ഉള്ള കാശൊക്കെ എന്റേൽ ഉണ്ടെടി ഭൂതമേ.."

അവളെ ഇടക്ക് സ്നേഹം കൂടുമ്പോൾ ഇതുപോലെ ഓരോന്ന് വിളിക്കും.. എന്തോ ചേച്ചിക്ക് അത് കേൾക്കുമ്പോൾ കലി ഇളകും

ചേച്ചി : അത് നിന്റെ മറ്റവളെ പോയി വിളിക്കെടാ..

"കൊറച്ചു കഴിഞ്ഞു വരുന്നുണ്ട്.. നേരിട്ടങ്ങ് വിളിച്ചാൽ മതി.."

അതും പറഞ്ഞു ഞാൻ പുറത്തേക്ക് ഓടി.. അല്ലെങ്കിൽ ഇന്നിവിടെ അടി നടക്കും

വാങ്ങാൻ ഒരുപാട് സാധനങ്ങൾ ഉള്ളത്കൊണ്ട് ഞാൻ കാറെടുത്താണ് ഇറങ്ങിയത്.. അല്ലേലും സ്കൂട്ടിയിൽ ഇത്രയും സാധനങ്ങൾ വച്ച് ഞാൻ എങ്ങനെ വരാനാണ്

കടയിലെ തിരക്ക് കാരണം വിചാരിച്ചതിലധികം സമയമെടുത്തു

ഒരു കടയിൽ കിട്ടാത്തത് വാങ്ങാൻ അടുത്തതിൽ കേറണം.. അവിടെ ആണേൽ ഞാൻ ഉദ്ദേശിച്ച സാധനം കാണാത്തുമില്ല

ഇനി വാങ്ങാതെയെങ്ങാനും തിരിച്ചു പോയാൽ ചേച്ചിയെന്നെ കൊന്ന് കൊലവിളിക്കും

ഒടുക്കം തപ്പി പെറുക്കി എല്ലാ സാധനങ്ങളും വാങ്ങി... അങ്ങനെ പേഴ്സും കാലിയായി

വലിയ ഡയലോഗൊക്കെ അടിച്ചത് കിട്ടുന്ന പോക്കറ്റ് മണിയിൽ നിന്ന് ഞാൻ സ്വരുക്കൂട്ടി വെച്ച കൊറച്ചു പൈസ കണ്ടാണ്.. അങ്ങനെ അതും തീർന്നു

മര്യാദക്ക് അവൾടെ കയ്യീന്ന് പൈസയും വാങ്ങി പോന്നാൽ മതിയാരുന്നു....

രാവിലത്തെ ട്രാഫിക്കിലൂടെ വലിഞ്ഞു വലിഞ്ഞു ഫ്ലാറ്റിൽ എത്തിയപ്പോ തന്നെ സമയം കൊറേ എടുത്തു

ഒന്നാമത് കാറും എടുത്താണ് പോന്നത്.. അപ്പൊ പിന്നെ പറയണ്ടല്ലോ

മൂന്നാല് കവറും പിടിച്ചു എന്റെ ഫ്ലാറ്റിനടുത്ത് എത്തിയപ്പോ തന്നെ കേട്ടു ഉച്ചത്തിൽ ഉള്ള ആരുടെയൊക്കെയോ സംസാരവും ചിരിയും

ഇവര് നേരത്തെ ഇങ് എത്തിയോ

വാതില് തുറന്നകത്തു കേറിയപ്പോ കണ്ടു സോഫയിലിരുന്ന് അഞ്ചെണ്ണവും കൂടെ കലപില സംസാരിക്കുന്നത്.. ഇടക്ക് വഴക്ക് കൂടുന്നുമുണ്ട്

അപ്പോളാണ് ഞാൻ ശ്രദ്ധിച്ചത് ഇതിനൊക്കെ നടുവിലിരുന്നു ചിരി അടക്കി പിടിക്കാൻ പാട് പെടുന്ന ചേച്ചിയെ

രാവിലെ എന്ത് ഷോ കാണിച്ച ആളാണെന്നു നോക്കണേ.. ഇപ്പൊ നേഴ്സറി പിള്ളേരെപോലിരുന്നു കളിയും ചിരിയും

അടുക്കളയിൽ പോയി സാധനങ്ങൾ ഓക്കേ വച്ചു അവരുടെ മുൻപിൽ ഒഴിഞ്ഞ സീറ്റിൽ വന്നിരുന്നപ്പോ ആണ് എല്ലായെണ്ണവും എന്നെ ശ്രദ്ധിക്കുന്നത് തന്നെ

അതുവരെ കളിച്ചു ചിരിച്ചിരുന്ന ചേച്ചിയുടെ മുഖമെല്ലാം മാറി... പയങ്കര ആറ്റിട്യൂട് ഓക്കേ ഇട്ട് എന്നെയൊരു നോട്ടം

ഞാൻ അത് മൈൻഡ് ചെയ്യാൻ പോയില്ല.. ചേച്ചിയുടെ അടുത്തിരുന്ന അമിതയോട് ചോദിച്ചു

"നിങ്ങളൊക്കെ എപ്പോ വന്നു..?

അമിത : വന്നിട്ടധികം ആയില്ലെടാ.. ദയേച്ചിയോട് ചോദിച്ചപ്പോൾ പറഞ്ഞു നീ പുറത്തു പോയതാണെന്ന്

ചേച്ചിയെ മൈൻഡ് ചെയ്യാതെ ബാക്കി ഉള്ളവരോടൊക്കെ സംസാരിക്കുന്നത് ചേച്ചിക്കത്ര പിടിക്കുന്നില്ലെന്ന് എനിക്ക് മനസിലായി

മൂടി കെട്ടിയ മുഖവുമായി ചേച്ചി എന്നെത്തന്നെ നോക്കി ഇരിക്കുന്നുണ്ടായിരുന്നു

ഞങ്ങൾ രണ്ടു പേരുമുള്ള ഈ പിണക്കം അവിടെ മറ്റൊരാളും ശ്രദ്ധിക്കുന്നുണ്ടായിരുന്നു

വേറാരുമല്ല അമ്മു തന്നെ

എന്റെ കാലിൽ അവൾ നുള്ളിയപ്പോ ആണ് ഞാൻ അവളുടെ മുഖത്തേക്ക് നോക്കിയത്

ചേച്ചിയെ നോക്കി എന്താ പ്രശ്നം എന്നവൾ ആരും കേൾക്കാതെ ചോദിച്ചു

"അത് ഒന്നുമില്ലെടി.. ഇവിടെ പതിവാ.."

ചിരിച്ചുകൊണ്ട് ഞാനവളോട് പറഞ്ഞു

അമ്മുവിനോടുള്ള എന്റെ ചിരിയും കളിയും കണ്ടു ചേച്ചി പെട്ടെന്ന് എണീറ്റുകൊണ്ട് ജെസ്നയോട് പറഞ്ഞു

ചേച്ചി : നിങ്ങൾ സംസാരിച്ചിരിക്ക്.. ഞാൻ കുടിക്കാൻ എന്തെങ്കിലും എടുക്കാം..

അതും പറഞ്ഞവൾ തിരിഞ്ഞതും അമ്മുവും കൂടെ എണീക്കാൻ തുടങ്ങി

അമ്മു : ഞാനും വരാം ചേച്ചി

ചേച്ചി : ഏയ് വേണ്ട അമ്മു.. നിങ്ങൾ സംസാരിച്ചിരിക്ക്

"കേട്ടല്ലോ.. നീയിവിടെ ഇരിക്ക്.."

ചേച്ചി പറഞ്ഞതും എണീക്കാൻ തുടങ്ങിയ അമ്മുവിനെ ഞാൻ അവിടെ പിടിച്ചിരുത്തി

അത് കൂടെ കണ്ടപ്പോൾ ചേച്ചി എന്നെ കലിപ്പിച്ചൊരു നോട്ടവും നോക്കി ചവുട്ടിതുള്ളി അകത്തേക്ക് പോയി

ബാക്കി ഉള്ളവർ എന്താ സംഭവം എന്ന് മനസിലാവാതെ അവളെ നോക്കി.. പിന്നെ എന്നെയും

എന്നെ നോക്കിയപ്പോ ഞാൻ എല്ലാവരെയുമൊന്ന് ചിരിച്ചു കാണിക്കുക മാത്രമാണ് ചെയ്തത്

അഖിൽ : എന്താടാ ഇത്.. നീയും നിന്റെ ചേച്ചിയും തമ്മിൽ കീരിയും പാമ്പും ആണെന്ന് തോന്നുന്നല്ലോ

"കീരിയും പാമ്പുമൊക്കെ എത്രയോ ഭേദം ആണ് മോനെ ഇതൊക്കെ വെച്ചു നോക്കുമ്പോൾ... ആ പോയ സാധനമില്ലേ... അതിനെ ഏത് ജീവിയുമായി താരതമ്യം ചെയ്യണമെന്ന് ഇതുവരെ എനിക്ക് മനസിലായിട്ടില്ല..."

ഞാൻ കളിയായി പറഞ്ഞു

അമിത : കഷ്ടം ഒണ്ട് ജോ...ദയേച്ചി എന്ത് പാവമാണെന്ന് അറിയോ..

പാവമോ.. ഇതൊക്കെ എപ്പോ

"നീയൊക്കെ ഇന്ന് കണ്ടതല്ലേ ഉള്ളു അതിനെ.. ഞാനേ മൂന്നാല് കൊല്ലമായി കാണുന്നു.. പാവം ആണ് പോലും.."

അമ്മു : മൂന്നാല് കൊല്ലമോ...? അതെന്താടാ അങ്ങനെ ഒരു കണക്ക്

അപ്പോഴാണ് ഞാൻ എന്താ പറഞ്ഞതെന്ന് എനിക്ക് മനസിലായത്.. ഞാൻ ഇവരോടാരും എനിക്ക് ചേച്ചിയെ എങ്ങനെയാ കിട്ടിയതെന്ന് പറഞ്ഞിട്ടില്ല... അതുകൊണ്ട് തന്നെ ഇവർക്കെല്ലാം ദയ എന്റെ സ്വന്തം ചേച്ചി ആണ്...

"അത് പിന്നെ ചേച്ചി എന്റെ സ്വന്തം ചേച്ചി അല്ല.."

ഒടുക്കം ആ കാര്യം അവരോടു പറയാൻ ഞാൻ തീരുമാനിച്ചു... വെറുതെ മറച്ചുപിടിച്ചിട്ട് എന്തിനാ

ഡെൽന : സ്വന്തം ചേച്ചി അല്ലെന്നോ.. പിന്നെ എങ്ങനാ..

അമ്മു : ജോ ഒന്ന് തെളിച്ചു പറ

എല്ലാവർക്കും എന്താ കാര്യമെന്ന് അറിയാൻ നല്ല ആകാംഷ ഉള്ളതായി തോന്നി... നാല് വർഷം മുൻപ് ചേച്ചിയെ ഞാൻ ആദ്യമായി കണ്ടത് മുതൽ ഉള്ള കാര്യങ്ങൾ അവരോട് പറഞ്ഞു

അഖിൽ : അല്ല മോനെ.. ഇതിനിടക്ക് ഒരു വർഷം നീ എന്ത് ചെയ്യുവായിരുന്നു

അവൻ ചോദിച്ചത് വേറൊന്നുമല്ല പ്ലസ് ടു കഴിഞ്ഞൊരുവർഷം ഞാൻ വേറെ എവിടെയും പോയിട്ടില്ല

"ടാ എന്റെ പ്ലസ് ടു എക്സാം കഴിഞ്ഞ സമയത്താ ചേച്ചിക്ക് ഇവിടെ ജോലി കിട്ടിയത്.. ഒറ്റക്ക് എങ്ങനെയാ ഇതുപോലൊരു സിറ്റിയിൽ വന്നു നിൽക്കുന്നതെന്ന് പറഞ്ഞു അച്ഛനും അമ്മയും കൂടെ എന്നെ ഇവളുടെ കൂടെ ഇങ്ങോട്ട് വിട്ടു... പിന്നെ നാട്ടിൽ അഡ്മിഷൻ കിട്ടിയെങ്കിലും ചേച്ചി ഒറ്റക്ക് ആവുമല്ലോ എന്ന് കരുതി പോയില്ല.. ഇവിടുത്തെ ഏതെങ്കിലും കോളേജിൽ തന്നെ ചേരാമെന്ന് കരുതി.. പക്ഷെ അപ്പോഴേക്കും ടൈം കഴിഞ്ഞിരുന്നു..പിന്നെ ഒരുവർഷം വെയിറ്റ് ചെയ്തു.. അങ്ങനെ ആണ് ആ വർഷം പോയത്.."

അമിത : ശെരിക്കും ഇപ്പൊ നിനക്ക് എത്ര വയസ്സുണ്ടിപ്പോ...

"വയസ്സൊക്കെ എന്തിനാടി.. എന്തായാലും നിന്നെക്കാളും ഒരു വയസ്സിനു മൂപ്പ് കാണും.."

അമ്മു : അയ്യെടാ... ദേ നോക്കിയേ ജെസ്നേ.. മൂപ്പുള്ള ഒരാൾ

എന്നെ കളിയാക്കികൊണ്ട് എല്ലാം കൂടിരുന്നു ചിരിക്കാൻ തുടങ്ങി... എനിക്ക് എന്തിന്റെ കേടായിരുന്നു ഈ മണ്ടൂസുകളുടെ അടുത്ത് ജീവചരിത്രം എഴുന്നള്ളിക്കാൻ

അപ്പോളേക്കും എല്ലാവർക്കുമുള്ള ചായയുമായി ചേച്ചി തിരിച്ചു വന്നിരുന്നു

അഖിൽ : എന്താ ദയേച്ചി ഇന്ന് സ്പെഷ്യൽ...?

ഈ മലരൻ വാ തുറക്കുന്നത് തിന്നാനും ചളിയടിക്കാനും മാത്രമാണോ..

ചേച്ചി : ബിരിയാണി ഉണ്ടാക്കാടാ...

ജെസ്ന : ശെരിക്കും...

ജെസ്ന ഇരുന്നിടത്തു നിന്ന് തുള്ളിച്ചാടാൻ തുടങ്ങി

"നിനക്കൊക്കെ ബിരിയാണി ഇത്രക്ക് ഇഷ്ടാണോ...?

അമിത : ഞങ്ങൾക്കല്ല ജോ.. അമ്മുവിന്.. ബിരിയാണിയെന്ന് പറഞ്ഞാ പെണ്ണ് ചാവും

ഞാൻ അമ്മുവിനെ നോക്കി...ആദ്യരാത്രിയിൽ ചെക്കന്റെ മുൻപിലിരിക്കുമ്പോൾ പെണ്ണിന്റെ മുഖത്തു കാണുന്നത് പോലൊരു നാണം അവളുടെ മുഖത്തു കണ്ടു

അഖിൽ : ആഹ്.. പെണ്ണിന്റെ നാണം നോക്കിക്കേ... ബിരിയാണി കൊതിച്ചി ആണോടി നീ

"എന്നാ മിക്കവാറും ആ കൊതി ഇന്ന് മാറും... ചേച്ചി ഉണ്ടാക്കുന്ന ബിരിയാണിയാ... നിനക്ക് പിന്നെ ജീവിതത്തിലിനി ബിരിയാണി തിന്നണമെന്ന് തോന്നില്ല.."

കിട്ടിയ അവസരത്തിൽ ചേച്ചിയെ ഒന്ന് കളിയാക്കിയത് ആണെങ്കിലും ചേച്ചിയുടെ മുഖം കണ്ടപ്പോ ഏറ്റില്ല എന്ന് മനസിലായി

സാധാരണ ദേഷ്യം പിടിക്കാറാണ് പതിവ് പക്ഷെ ഇന്നെന്തോ ചേച്ചി ഒന്നും മിണ്ടാതെ ചെറിയൊരു ചിരിയോടെ നിൽക്കുകയാണ് ചെയ്തത്

മുഖത്തു ചിരി ഉണ്ടെങ്കിലും ഉള്ളിലെവിടെയോ എന്തോ ഒരു വിഷമം ഉള്ളതായി എനിക്ക് തോന്നി

എന്റെ തോന്നൽ തെറ്റായിരുന്നില്ല.. ചിരിക്കുന്ന ചുണ്ടുകൾ ഉണ്ടെങ്കിലും ചേച്ചിയുടെ കണ്ണുകൾ ചെറുതായി ചുവന്നത് ഞാൻ കണ്ടു

പെട്ടെന്ന് തന്നെ ചേച്ചി തിരിഞ്ഞു നടന്നു.. എന്തോ ആ പോക്ക് കണ്ടപ്പോ എനിക്കൊരു വയ്യായിക തോന്നി

ബാക്കി ഉള്ളവരെ നോക്കിയപ്പോ എല്ലാവരും അവരവരുടെതായ ലോകത്ത് ആയിരുന്നു

ഞാൻ വേഗം എണീറ്റു അടുക്കളയിലേക്ക് പോയി

പക്ഷെ അടുക്കളയിൽ ചേച്ചി ഉണ്ടായിരുന്നില്ല

ചേച്ചിയുടെ മുറിയിൽ പോയി നോക്കി.. അവിടെയും കണ്ടില്ല.. തിരിച്ചിറങ്ങാൻ തുടങ്ങുമ്പോൾ ആയിരുന്നു ബാത്‌റൂമിൽ നിന്ന് വെള്ളം വീഴുന്ന ശബ്ദം കേട്ടത്

അപ്പൊ മനസിലായി ആളതിൽ കാണുമെന്നു

ചേച്ചി തിരിച്ചിറങ്ങുന്നത് വരെ ഞാൻ അവിടെ കാത്തു നിന്നു

അല്പം കഴിഞ്ഞപ്പോ വാതിൽ തുറന്നവൾ പുറത്തിറങ്ങി

ഒരു റോസ് ബനിയൻ ആയിരുന്നു ഇട്ടിരുന്നത്.. അതിലൊക്കെ വെള്ളം വീണ പാടുകൾ കാണാമായിരുന്നു

മുഖം കഴുകി ഇറങ്ങിയതാണ് ചേച്ചി.. മുഖത്തു വെള്ളത്തുള്ളിൽ ഇപ്പോഴും അവശേഷിച്ചിരുന്നു.. കണ്ണുകളൊക്കെ ചുവന്നു കലങ്ങി തന്നെ ആണ് കിടക്കുന്നത്

അത് കണ്ടപ്പോ എനിക്ക് തന്നെ വിഷമം തോന്നി

ചേച്ചി : നീയെന്താ ജോ ഇവിടെ നിൽക്കുന്നെ.. അവരൊക്കെ അവിടെ ഇരിക്കുവല്ലേ

എനിക്ക് നേരെ മുഖം തരാതെ ചേച്ചി പറഞ്ഞു...

എന്നെ നോക്കിയാൽ കരഞ്ഞു കലങ്ങിയ കണ്ണുകൾ ഞാൻ കണ്ടുപിടിച്ചാലോ എന്ന പേടിയാണ്

ഞാൻ ചേച്ചിയുടെ മുൻപിലേക്ക് നിന്നു

സാധാരണയായി ഞാൻ നിൽക്കുന്നതിലും അടുത്തായി ഞാൻ നിന്നു

എന്താ എന്ന ഭാവത്തിൽ ചേച്ചി എന്നെ മുഖമുയർത്തി നോക്കി

ചേച്ചിയുടെ കവിളിൽ പറ്റിയിരുന്ന വെള്ള തുള്ളികൾ ഇടതു കൈ കൊണ്ട് ഞാൻ തുടച്ചു

എന്തോ.. എനിക്ക് അപ്പൊ അങ്ങനെ ചെയ്യാനാണ് തോന്നിയത്

ചേച്ചി ഇപ്പോഴും അനങ്ങാതെ നിൽപ്പാണ്.. എന്നെ തന്നെ നോക്കി

"ഞാൻ കാരണമാണോ ഈ കണ്ണ് നിറഞ്ഞത്..?

അതികം ശബ്ദമില്ലാതെ ഞാൻ ചോദിച്ചു

അപ്പോഴേക്കും ചേച്ചിയുടെ കണ്ണുകൾ നിറഞ്ഞിരുന്നു... കരച്ചിലിന്റെ വക്കോളാം എത്തിയെങ്കിലും അവളത് പിടിച്ചു നിർത്തി

എങ്കിലും കടിച്ചു പിടിച്ചു ചുണ്ടുകൾ വിറക്കുന്നുണ്ടായിരുന്നു

ചേച്ചിയുടെ ചുവന്ന ചുണ്ടുകൾ ആദ്യമായാണ് ഞാൻ ഇത്രയും അടുത്ത് നിന്ന് കാണുന്നത്

"ഞാൻ കാരണമാണോ..?

ഒന്ന് കൂടെ ഞാൻ ചോദിച്ചു

നിറഞ്ഞ കണ്ണും വിറക്കുന്ന ചുണ്ടുമായി അല്ല എന്നാ ഭാവത്തിൽ ചേച്ചി പതിയെ ഇരുവശത്തേക്കും തല ചരിച്ചു കാണിച്ചു

"കള്ളം പറയണ്ട... എനിക്കറിയാം ഞാൻ കാരണമാണെന്ന്....സോ..

സോറി പറയാൻ വേണ്ടി വന്നതും ചേച്ചി വലം കൈ കൊണ്ടെന്റെ വാ പൊത്തി പിടിച്ചു

ചേച്ചി : വേണ്ട ജോ.. ഞാൻ കരഞ്ഞതൊന്നുമല്ല...കണ്ണില്...

"കണ്ണില് കരട് പോയത് കൊണ്ടായിരിക്കും... അല്ലേ...?

ചേച്ചിയുടെ കൈ തട്ടി മാറ്റി ഞാൻ ചോദിച്ചു

അതിനവൾക്ക് ഉത്തരമൊന്നും ഉണ്ടായിരുന്നില്ല പറയാൻ

തല കുനിച്ചു നിന്നു... ആ നിൽപ്പ് കണ്ടപ്പോ എനിക്ക് ചിരിയാണ് തോന്നിയത്

"പോട്ടെടി ചേച്ചി.. വിട്ട് കള... ഞാൻ വെറുതെയൊരു തമാശക്ക് വേണ്ടി പറഞ്ഞതല്ലേ അങ്ങനെയൊക്കെ... അല്ലേലും അമ്മേടെ അടുത്ത് നിന്നല്ലേ നീ ബിരിയാണി ഉണ്ടാക്കാൻ പഠിച്ചേ... അപ്പൊ അതെങ്ങനാ മോശം ആകുന്നെ..."

ചേച്ചി : അപ്പൊ നീയല്ലേ കൊറച്ചു മുന്നേ പറഞ്ഞത്..?

അപ്പോളേക്കും അവളുടെ മുഖത്തെ വിഷാധ ഭാവമൊക്കെ മാറി ജന്മനാ ഉള്ള കുട്ടിത്തഭാവം

വന്നിരുന്നു

"അത് വെറുതെ.. നിന്റെ ദേഷ്യം കാണാൻ വേണ്ടി... പക്ഷെ കണ്ടതോ..ഇവിടെ വന്നിരുന്നു കരയുന്ന ഒരുത്തിയെയും.."

ചേച്ചി : പോടാ... ഞാൻ കരഞ്ഞൊന്നുമില്ല

രണ്ടു കൈ കൊണ്ടുമെന്നേ ചുറ്റി പിടിച്ചുകൊണ്ടു ചേച്ചി പറഞ്ഞു

"പിന്നെ നീയിവിടെ വന്നു പത്രം വായിക്കുകയായിരുന്നോടി ചേച്ചി.."

ചേച്ചി : അയ്യോ..

പെട്ടെന്ന് എന്നെ തള്ളിമാറ്റിക്കൊണ്ട് ചേച്ചി നിലവിളിച്ചു...

"എന്താടി...?

ആധിയോടെ ഞാൻ ചോദിച്ചു

ചേച്ചി : അടുപ്പത്ത് പാത്രം വെച്ചിട്ടാ ഞാൻ വന്നേ... മറന്നു പോയാ കാര്യം..

സ്വയം തലക്ക് അടിച്ചുകൊണ്ട് ചേച്ചി തിരിഞ്ഞു നടന്നു

ചേച്ചി പോകുന്നതും നോക്കി ഞാനവിടെ നിന്നു

പിന്നെ ഞാൻ ഹാളിലേക്ക് ചെന്നു ബാക്കി ഉള്ളവരുടെ കൂടെ കൂടി

ഇടക്ക് അമ്മുവും ബാക്കി പെണ്ണുങ്ങളും അടുക്കളയിൽ പോയി സഹായിക്കും.. ഞാനും അഖിലും ഓരോന്ന് പറഞ്ഞു വെറുതെ ടീവി കണ്ടിരുന്നു

ഇടക്ക് അടുക്കളയിലേക്ക് പോകുമെങ്കിലും അപ്പൊ തന്നെ ചേച്ചി എന്നെ അവിടുന്ന് ഓടിച്ചു വിടും

ചേച്ചിക്കറിയാം ഞാൻ അവളെയോ അമ്മുവിനെയോ കാണാൻ വേണ്ടി പോകുന്നത് അല്ലെന്ന്

ബിരിയാണിയിൽ ഇടാൻ വേണ്ടി അണ്ടിപ്പരിപ്പും മുന്തിരിയും നെയ്യിൽ വറത്തു മാറ്റി വെച്ചത് ഒണ്ടാവും അടുക്കളയിൽ

പണ്ട് മുതൽക്കേ ഉള്ള ശീലമാണ് അതിൽ നിന്ന് ഓരോന്ന് പെറുക്കി തിന്നുക എന്ന്.. വീട്ടിൽ നിന്നാണെങ്കിൽ അമ്മയുടെ കയ്യിൽ നിന്നടി കിട്ടും ഇവിടെ ആണെങ്കിൽ ചേച്ചിയുടെ കയ്യിൽ നിന്നും

വന്നു വന്നിപ്പോ ഒരെണ്ണം പോലും എടുക്കാൻ പറ്റാത്ത അവസ്ഥയായി

കൊറേ നേരമിരുന്നു സംസാരിച്ചു കഴിഞ്ഞപ്പോ അഖിലും എണീറ്റ് പെണ്ണുങ്ങളുടെ കൂടെ അടുക്കയിലേക്ക് പോയി

എനിക്കവിടം ഇന്ന് നിരോധിത മേഖല ആയതുകൊണ്ട് ഞാൻ ബാൽക്കണിയിൽ നിന്ന് കാറ്റ് കൊള്ളാൻ തുടങ്ങി

കൊറേ നേരം അവിടെ തന്നെ നിന്ന് ഓരോന്നാലോചിക്കാൻ തുടങ്ങി

ഇടക്കെപ്പോഴോ ചേച്ചി എന്റെ അടുത്തു വന്നു നിന്നിരുന്നു... കാര്യാമായി എന്തോ ആലോചനയിൽ ആയിരുന്ന ഞാൻ അവളെ കണ്ടില്ല

പിന്നെ കാറ്റത്ത് അവളുടെ മുടി എന്റെ മുഖത്തു വന്നടിച്ചപ്പോ ആണ് ഞാൻ അറിഞ്ഞത്

ചേച്ചി : എന്താ ജോ വല്യ ആലോചനയിൽ ആയിരുന്നല്ലോ

"ഏയ്യ് ഒന്നുമില്ലെടി ചേച്ചി.. ഞാൻ ഇങ്ങനെ വെറുതെ നിന്ന് കാറ്റ് കൊള്ളുവായിരുന്നു..."

പുറത്തേക്ക് തന്നെ നോക്കിക്കൊണ്ട് ഞാൻ പറഞ്ഞു.. അത് അവൾ മൂളിക്കേട്ട് കൊണ്ട് നിന്നു

അമിത : ദയേച്ചി ഒന്ന് ഇങ്ങട് വരോ...?

അടുക്കളയിൽ നിന്ന് അമിത വിളിച്ചു ചോദിച്ചു

ചേച്ചി : ഹാ വരാം...

തിരിച്ചു മറുപടി പറഞ്ഞുകൊണ്ട് ചേച്ചി എന്നെന്നോക്കി

"എന്താ..?

അപ്പോളാണ് ചേച്ചിയുടെ ചുരുട്ടി പിടിച്ച വലം കൈ എനിക്ക് നേരെ നീതിയത്

എന്താണെന്ന ഭാവത്തിൽ ഞാനവളെ നോക്കി

എന്റെ നോട്ടം മനസിലാക്കിയെന്നവണ്ണം ചേച്ചി കൈ തുറന്നു

ചുരുട്ടി പിടിച്ചു കയ്യിൽ ഒരുപിടി അണ്ടിപ്പരിപ്പും മുന്തിരിയും ആയിരുന്നു

നെയ്യിൽ വറുത്തത് കൊണ്ട് അവളുടെ കൈ വെള്ളയിൽ എണ്ണ പറ്റിയിരുന്നു.. വെട്ടമടിച്ചത് തിളങ്ങുന്നതായി തോന്നി

ചേച്ചി : എടുത്തോ... ഇനി ഇത് കിട്ടിയില്ലെന്നു പറഞ്ഞു കൊതികുത്തി നടക്കണ്ട

ഞാൻ അത് വാങ്ങാതെ കൈ കെട്ടി നിന്നു

ഇനിയെന്താ എന്ന ഭാവത്തിൽ അവളെന്നെ നോക്കി

അപ്പോൾ ഞാൻ വാ പൊളിച്ചു കാണിച്ചു

അത് കണ്ട് ഒന്ന് ചിരിച്ചുകൊണ്ട് കയ്യിലുള്ളതെല്ലാം എനിക്ക് വായിൽ വെച്ചു തന്നു

എന്നിട്ട് കയ്യിലെ എണ്ണ മുഴുവൻ എന്റെ കുറ്റി താടിയിൽ തേച്ചിട്ട് ചേച്ചി ഓടി

"ടി ചേച്ചി.."

അവളുടെ പിറകെ ഓടാൻ പോകുന്നത് പോലെ ഞാൻ ഭാവിച്ചു.. അപ്പോളേക്കും അവൾ അടുക്കളയിൽ എത്തിയിരുന്നു

പിന്നെ വായിൽ ഉള്ളത് ചവച്ചുകൊണ്ട് ഞാൻ കവിളിലെ എണ്ണ തുടച്ചുകൊണ്ട് നിന്നു

ഞാൻ പോലുമറിയാതെ മനസ്സൊക്കെ നിറഞ്ഞത് പോലെ... സന്തോഷം മാത്രം തോന്നുന്ന നിമിഷങ്ങൾ.. ശെരിക്കും ഞാനതെല്ലാം ആസ്വധിക്കുകയായിരുന്നു

ഉച്ചയാവറായപ്പോഴേക്കും ഭക്ഷണമൊക്കെ റെഡിയായി ഞങ്ങൾ കഴിക്കാൻ തുടങ്ങിയിരുന്നു... ഞാൻ അമ്മുവിനോട് പറഞ്ഞത് പോലെയൊന്നുമായിരുന്നില്ല ചേച്ചിയുടെ ബിരിയാണി

ഞാൻ കുറ്റം പറഞ്ഞത് കൊണ്ടാണെന്നു തോന്നുന്നു അവൾ വേറെന്തെക്കെയോ ചേർത്തിട്ടുണ്ട് ഇതിൽ...എന്നത്തേയും പോലെയല്ല.. വേറെന്തോ ഒരു പ്രത്യേക രുചി

എല്ലാം കഴിഞ്ഞൊരു മൂന്ന് മണിവരെ അവർ ഞങ്ങടെ കൂടെ ഉണ്ടായിരുന്നു

ഹാളിലിരുന്നെല്ലാവരും ഓരോ തമാശകൾ പറയാൻ തുടങ്ങി

അതെല്ലാം കേട്ട് എന്റെ അടുത്തിരുന്ന് ചേച്ചി ചിരിച്ചു മറിയുകയായിരുന്നു

അവരെല്ലാം പോയി കഴിഞ്ഞപ്പോ പെട്ടെന്നൊരു ശാന്തത വെന്നത് പോലെ തോന്നി..ഒരുതരം ഒറ്റപ്പെടൽ

പക്ഷെ അത് പോകാൻ അധികം നേരമൊന്നും വേണ്ടി വന്നില്ല... ഞാനും ചേച്ചിയും കൂടി പഴയ പരുപാടി തന്നെ തുടങ്ങി

ഒടുക്കമൊരു തല്ലും കഴിഞ്ഞ് എല്ലാം ഒതുങ്ങി വന്നപ്പോഴേക്കും രാത്രി എട്ട് മണി കഴിഞ്ഞിരുന്നു

ഉച്ചക്കത്തേതിന്റെ ബാക്കിയും കഴിച്ച് ഞാൻ കേറി കിടന്നു

പിന്നെ എപ്പോഴോ ചേച്ചിയും വന്നെന്റെ അടുത്തുകിടന്നു

സമയം ഏറെ കഴിഞ്ഞിട്ടും എനിക്ക് ഉറക്കം വരുന്നില്ലായിരുന്നു... ചേച്ചിയും ഉറങ്ങി കാണില്ലെന്ന് എനിക്ക് തോന്നി

അന്നത്തെ ദിവസത്തെ സംഭവങ്ങൾ എല്ലാം കൂട്ടിയും കിഴിച്ചും നോക്കിയിട്ടേ പുള്ളിക്കാരി സാധാരണ ഉറങ്ങാറുള്ളു

ഇപ്പോളും എന്തേലുമൊക്കെ ആലോചിച്ചു കിടക്കുക തന്നെ ആവും

സംശയം തെറ്റിയില്ല... മെല്ലെ തിരിഞ്ഞു നോക്കിയപ്പോ കണ്ടു മുകളിലേക്ക് നോക്കി കണ്ണു തുറന്നുകിടക്കുന്ന ചേച്ചിയെ

"ടി നീ ഉറങ്ങിയില്ലേ..?

ചേച്ചി : ഇല്ലെടാ ഉറക്കം വരുന്നില്ല

"അതെന്താ ഇപ്പൊ അങ്ങനെ...?

ചേച്ചി : വെറുതെ.. ഓരോന്നാലോചിച്ചു കിടക്കുവായിരുന്നു..

"നീയിപ്പോ അമ്മുവിനെക്കുറിച്ചല്ലേ ഓർത്തത്..?

വെറുതെ ഒരു വഴക്കിടാൻ വേണ്ടി ഞാൻ അമ്മുവിന്റെ പേരെടുത്തിട്ടു

പക്ഷെ എന്റെ പ്ലാനുകൾ എല്ലാം എട്ട് നിലയിൽ പൊട്ടി താഴെ പോയി

അത്ഭുതത്തോടെ വാ പൊളിച്ചെന്നെ നോക്കുവായിരുന്നു ചേച്ചി

ചേച്ചി : നിനക്കെങ്ങനെ മനസിലായി..?

"ഏഹ്.. ഇതൊക്കെ എന്ത്.... ഞാനിങ്ങനെ ഇടക്കിടെ മൈൻഡ് റീഡിങ് ഓക്കേ നടത്താറുണ്ട്.."

അല്പം ജാടയിട്ടുകൊണ്ട് ഞാൻ പറഞ്ഞു

ചേച്ചി : ഒന്ന് പോടാ.. മൈൻഡ് റീഡിങ്.. വെറുതെ ചക്ക ഇട്ടപ്പോ മുയല് ചത്തെന്ന് പറഞ്ഞത് പോലെയാ നിന്റെ കാര്യം

എന്റെ ജാഡയെ പുച്ഛിച്ചു തള്ളിക്കൊണ്ട് ചേച്ചി പറഞ്ഞു

"ചക്കയാണോ മുയലാണോ എന്നൊന്നും എനിക്കറിയുകേല.. പക്ഷെ ഞാൻ പറഞ്ഞത് സത്യം ആയിരുന്നു... നീ അമ്മുവിനെക്കുറിച്ചോർത്തു കൊണ്ട് കിടക്കുവായിരുന്നു... ഇനി പറ എന്താ ആലോചിച്ചത്..?

ചേച്ചി : കാര്യമായി ഒന്നുമോർത്തില്ല... വെറുതെ നിനക്ക് ഇഷ്ടം തോന്നാൻ മാത്രം എന്താ അവൾക്കുള്ളത് എന്ന് ആലോചിക്കുവായിരുന്നു

ചേച്ചി നഖം കടിച്ചുകൊണ്ട് ചോദിച്ചു

"അതിന് നീയിവിടെകിടന്ന് ആലോചിച്ചിട്ട് എന്ത് കാര്യം.. എന്നോട് ചോദിച്ചാൽ പോരെ.."

ചേച്ചി : ആണോ... എന്നാ പറ... അവൾക്ക് എന്താ ഇത്ര സ്പെഷ്യൽ ആയിട്ടുള്ളത്..?

മുത്തശ്ശി കഥ കേൾക്കാനിരിക്കുന്ന കുട്ടിയുടെ ഭാവത്തോടെ ചേച്ചിയെന്റെ വാക്കുകൾക്ക് വേണ്ടി കാത്തിരുന്നു

"അധികമൊന്നുമില്ല...ആരും നോക്കി പോകുന്ന സൗന്ദര്യം ഒണ്ട് അമ്മുവിന്.."

അത് കേട്ടപ്പോ സ്ത്രീജനഹമായി കണ്ടു വരുന്ന കുശുമ്പിന്റെ അസുഖം ചേച്ചിയിലും മുളയിട്ടു

ചേച്ചി : അതെന്താ അങ്ങനെ...നിന്റെ പറച്ചിൽകേട്ടാൽ തോന്നും എനിക്കൊന്നും സൗന്ദര്യം ഇല്ലെന്ന്...

ചേച്ചി പറഞ്ഞതിലും കാര്യമുണ്ട്.. ഇവരെ രണ്ടു പേരെയും പിടിച്ചു നിർത്തിയാൽ അല്പം കൂടെ സൗന്ദര്യം കൂടുതൽ ചേച്ചിക്ക് ആണ്.. എങ്കിലും നമ്മള് വിട്ട് കൊടുക്കാൻ പാടില്ലല്ലോ

"അതൊന്നും പറഞ്ഞിട്ട് കാര്യമില്ല മോളെ... എന്തോ അവൾക്ക് ഒരു പ്രത്യേക തരം ആകർഷണം ഒണ്ട്.."

ചേച്ചി : ഹ്മ്... വേറെ എന്തൊക്കെ ഒണ്ട്

അല്പം നിരാശ ഭാവത്തോടെ ചേച്ചി എന്നോട് ചോദിച്ചു

ചേച്ചിയുടെ ഈ ഭാവമെല്ലാം എന്റെ മനസ്സിലെ സംശയം കൂട്ടികൊണ്ടേ ഇരുന്നു... ഇന്നും ഇന്നലെയും തുടങ്ങിയ സംശയം അല്ല.. കൊറച്ചു കാലമായി തുടങ്ങിയത്

"നല്ലൊരു പേഴ്സണാലിറ്റി ഒണ്ട്..."

ഇതെല്ലാം ചേച്ചി മൂളി കേൾക്കുക മാത്രമാണ് കേൾക്കുന്നത്

"ചേച്ചി ഞാനൊരു കാര്യം ചോദിക്കട്ടെ.... നിനക്ക് ഒരാളോട് ഇഷ്ടം തോന്നാൻ എന്തൊക്കെ കാര്യങ്ങൾ ആവും ആദ്യം ശ്രദ്ധിക്കുക...?

എന്റെ ചോദ്യം കേട്ട് ചേച്ചി എന്നെ സംശയഭാവത്തോടെ നോക്കി

"വെറുതെ അറിയാൻ വേണ്ടി ചോദിച്ചതാ..."

ചേച്ചി : മ്മ്... എന്റെ കാര്യം ആണെങ്കിൽ നിന്നെപ്പോലെ സൗന്ദര്യം ഒന്നും ഞാൻ നോക്കുകേല...

"പിന്നെ എന്താ നോക്കുക..?

ചേച്ചി : സ്വഭാവം.. ചിന്താഗതി.. അങ്ങനെയൊക്കെ

"ചിന്താഗതിയോ... അതെങ്ങനാ നോക്കുന്നെ..?

ചേച്ചി : അത് ഉണ്ടായിരുന്നേൽ നീയീ ചോദ്യം ചോദിക്കുകലായിരുന്നു ജോ

അതും പറഞ്ഞു ചേച്ചി ചിരിക്കാൻ തുടങ്ങി

"ഓ... എനിക്കാ സാധനം കൊറച്ചു കുറവാ.."

ചേച്ചി : കുറച്ചു കുറവോ...കുറച്ചതികം

"ടി മതി മതി.. നിർത്തിക്കോ.."

അവളുടെ ഒടുക്കത്തെ ചിരി സഹിക്കാൻ വയ്യാതെ ഞാൻ പറഞ്ഞു

"അല്ലെടി ചേച്ചി.. ചേട്ടൻ പോയിട്ട് കൊറേ ആയില്ലേ... നിന്റെ ഈ സ്വഭാവവും ചിന്താഗതിയുമുള്ള ആരെയും പിന്നെ കണ്ടില്ലേ..."

എന്റെയാ ചോദ്യം ചിരിച്ചുകൊണ്ടിരുന്ന അവളെ നിശബ്ദതയാക്കി

എനിക്കറിയാമായിരുന്നു ആ ചോദ്യത്തിനൊരുത്തരം ചേച്ചിക്കുണ്ടാവില്ലെന്ന്

ചേച്ചി : കണ്ടു ജോ

പതിയെയാണ് പറഞ്ഞതെങ്കിലും അവളുടെ പ്രതികരണം എന്നെ ഞെട്ടിച്ചു കളഞ്ഞിരുന്നു

"പോടീ... ചുമ്മാ തള്ളി മറിക്കല്ലേ.."

വിശ്വസിക്കാനാവാതെ ഞാൻ പറഞ്ഞു.. അതിനൊരു മങ്ങിയ ചിരി മാത്രമാണ് തിരിച്ചു കിട്ടിയത്

ചേച്ചി : കണ്ടിട്ടുണ്ട് ജോ.. പക്ഷെ അവനീ ഞാൻ പറഞ്ഞ ചിന്താഗതി ഒന്നുമില്ലായിരുന്നു...

"അപ്പൊ അവനെ വിട്ടോ..?

അറിയാനുള്ള ആഗ്രഹത്തിൽ ഞാൻ ചോദിച്ചു

ചേച്ചി : വിടാൻ ഞാൻ കൊറേ ശ്രമിച്ചു... പറ്റിയില്ല

"ഇനിയെന്ത് ചെയ്യും.. അവനോടു തുറന്നു പറഞ്ഞൂടെ.. നിന്നെ എന്തായാലും ഇഷ്ടവും..."

ചേച്ചി : ഇല്ലെടാ.. എനിക്കങ്ങനെ പറയാൻ ഒന്നും പറ്റുകേല...

"പറ്റുകേലന്നോ... പോയാൽ ഒരു വാക്ക്.... പക്ഷെ കിട്ടിയാലോ...?

ചേച്ചി : കിട്ടില്ല... അതുകൊണ്ട് തന്നാ ഞാൻ പറയാത്തത്...

"അതെന്താ എന്നാ ഞാൻ ചോദിക്കുന്നത്..?

ചേച്ചി : നീ അതിനെക്കുറിച്ചൊന്നും കൂടുതൽ ചോദിക്കണ്ട ജോ..ഞാൻ ഓർക്കാൻ കൂടെ ഇഷ്ടപ്പെടുന്നില്ല ഇപ്പൊ..

അതും പറഞ്ഞവൾ തിരിഞ്ഞു കിടന്നു

"അപ്പൊ നിനക്കിനി കല്യാണം ഒന്നും വേണ്ടേ.. അമ്മ ഓരോ തവണ വിളിക്കുമ്പോഴും ഓർമ്മിപ്പിക്കുന്നില്ലേ.. ഏറിയാൻ ഈ വർഷം കൂടെ നോക്കും അവർ.."

അത് കേട്ടതും ചേച്ചി കട്ടിലിൽ നിന്നെണീറ്റ് എന്നോട് ദേഷ്യത്തിൽ സംസാരിക്കാൻ തുടങ്ങി

സംസാരിക്കുകയായിരുന്നില്ല...കരച്ചിലും ദേഷ്യവും ഓക്കേ കൂടെ കൂടി കലർന്നൊരു ഭാവം

ചേച്ചി : ഇല്ല ജോ... അങ്ങനെ ഒരു കാര്യം ഈ ജന്മത്തിൽ നടക്കില്ല... നിന്റെ ചേട്ടൻ പോയ അന്ന് ഞാൻ മനസ്സിൽ കുറിച്ചിട്ടത...

ആദ്യമായിയാണ് ചേച്ചി ഈ കാര്യത്തിന്റെ പേരിൽ ദേഷ്യപ്പെടുന്നത് കാണുന്നത്

"എടി അമ്മ പറഞ്ഞില്ലേ.."

ചേച്ചി : ആരുടെ അമ്മ... എനിക്ക് അമ്മയില്ലെന്ന് നിനക്ക് അറിയാവുന്നതല്ലേ...

"ഓ നിനക്കിപ്പോ എന്റെ അമ്മ നിന്റെയമ്മ എന്നൊക്കെ ആയോ..."

അവളുടെ വാക്കുകൾ ഇഷ്ടപ്പെടാതെ ഞാൻ പറഞ്ഞു.. സാധാരണ ഇങ്ങനെ കേട്ടാൽ ഏത് വഴക്ക് ആണെങ്കിലും നിർത്തുമായിരുന്ന ചേച്ചിക്ക് ഇപ്രാവശ്യം കൈ വിട്ട് പോയിരുന്നു

ഇവളെ സ്വന്തം മകളായി കണ്ട അമ്മയെയും അച്ഛനെയും അവൾ തള്ളി പറഞ്ഞു... അവളുടെ കല്യാണക്കാര്യം തീരുമാനിക്കാൻ അവർക്കാർക്കും ഒരാവകാശം ഇല്ലെന്ന് വരെ പറഞ്ഞു

അത് കൂടെ കേട്ടപ്പോ എന്റെ കണ്ട്രോളും പോയി

"നീ പിന്നെ ആരുടെ ഉണ്ട കാണാൻ ആയിരുന്നടി ഇക്കണ്ട കാലം മുഴുവൻ എന്റെ വീട്ടിൽ താമസിച്ചത്.... സ്വന്തമായി ജോലിയും കോപ്പുമൊക്കെ ആയപ്പോ ഞങ്ങളൊക്കെ പുറത്ത് അല്ലേ...സ്വന്തം മകളായി കണ്ടു നിനക്കൊരു ജീവിതം ഉണ്ടാകട്ടെ എന്നെ കരുതിയത് ആണോടി എന്റെ അമ്മയുമച്ഛനും ചെയ്ത തെറ്റ്.. അതോ വീടും കൂടും വിട്ട് ഇവിടെ വന്നു നിൽക്കാൻ തുടങ്ങിയപ്പോ ഞങ്ങളൊന്നും നിനക്ക് ചേരാത്തതായി തോന്നിയോ.."

സമനില തെറ്റിയവനെപ്പോലെ ഞാൻ നിന്നലറി

ഇതെല്ലാം കേട്ടിട്ടും ദേഷ്യത്തിൽ ഒരു കുറവും ഇല്ലാതെ കടിച്ചമർത്തിയ പല്ലുകളുമായി ചേച്ചി എന്നെ നോക്കി

പല്ലുകൾ കടിച്ചു ഞെരിക്കുമ്പോളുണ്ടാകുന്ന ഒരു ശബ്ദം ഉണ്ടല്ലോ... ദേഷ്യത്തിന്റെ അങ്ങേ അറ്റത്തു നിൽക്കുമ്പോ ആ ശബ്ദം ഉള്ളിലെ ദേഷ്യത്തിന്റെ കാഠിന്യം കൂട്ടുകയെ ഉള്ളു

ചേച്ചി : ജോ നീ ഇല്ലാത്തതൊന്നും പറയാൻ നിൽക്കണ്ട...

"എന്ത് ഇല്ലാത്തത് എന്നാടി നീ പറയുന്നേ... നിനക്ക് തോന്നുന്നത് പോലെയൊക്കെ ചെയ്യാം.. നിന്റെ കാര്യങ്ങൾ ഒന്നും തീരുമാനിക്കാൻ എന്റെ വീട്ടുകാർക്ക് ഒരവകാശവും ഇല്ല... പിന്നെ എന്ത് മൈരിനാടി നീ എന്നെ ഭരിക്കാൻ വന്നോണ്ടിരുന്നത്.... അന്ന് ഞാൻ പ്രേമിക്കാൻ പോകുവാണെന്നു പറഞ്ഞപ്പോളേക്കും നീ ഇവിടെ കിടന്ന് കുറെ തുള്ളിയല്ലോ...നിനക്കൊക്കെ എന്തുമാവാം അല്ലേ... ഒരുത്തൻ തേച്ചെന്ന് കരുതി എന്റെ ഇഷ്ടങ്ങൾക്ക് ഒടക്ക് വെക്കാൻ നിന്നോട് ആരാ പറഞ്ഞെ..?

കുറച്ചു കാലമായി ചേച്ചിയുടെ സ്വഭാവത്തിൽ ഉണ്ടായ മാറ്റങ്ങളും എന്റെ സംശയങ്ങളുമെല്ലാം എന്റെയുള്ളിൽ കിടന്നു പുകഞ്ഞു.. അതെല്ലാം വാക്കുകളുടെ രൂപത്തിൽ പുറത്തേക്ക് വന്നു

ചേച്ചി : ജോയലിന്റെ കാര്യം നീ പറയണ്ട.. അവനോട് എനിക്കൊരു കുന്തവും ഇല്ലായിരുന്നെന്ന് നിനക്കറിയാം

എന്റെ അതേ വീറും വാശിയോട് ചേച്ചി എന്നോട് അലറി

"പിന്നെ ഏത് കുണ്ണയോട് ആടി നിനക്കീ മൈരൊക്കെ തോന്നിയത്... എന്ത് ഊമ്പാനാടി എന്നെ ഭരിക്കാൻ വന്നത്.."

പറഞ്ഞു തീർന്നതും ചെവിക്കല്ല് കൂട്ടിയൊരടിയായിരുന്നു മറുപടി... പൊന്നീച്ച പറക്കുമെന്നൊക്കെ കേട്ടിട്ടേ ഉണ്ടായിരുന്നൊള്ളു.. ജീവിതത്തിൽ ആദ്യമായി അത് അനുഭവിച്ചു

ഇടതു കവിൾ പൊത്തി പിടിച്ചുഞാനവിടെ കൊറച്ചു നേരം നിന്നു... കണ്ണൊക്കെ നിറഞ്ഞൊഴുകാൻ തുടങ്ങി

ദേഷ്യത്തോടെ പതിയെ മുഖമുയർത്തി നോക്കിയപ്പോ കണ്ടു വലതുകൈ വേദനകൊണ്ട് കുടയുന്ന ചേച്ചിയെ

ഇത്തവണ അവളുടെ മുഖത്തു ദേഷ്യം ഉണ്ടായിരുന്നില്ല.. പകരം കരച്ചിൽ മാത്രം ആയിരുന്നു

കണ്ണും മുഖമെല്ലാം ചുവന്നു ഏങ്ങലടിച്ചുകൊണ്ട് ചേച്ചി എന്നെ നോക്കി

ഇതെല്ലാം കണ്ടിട്ടും ചങ്ങലക്കിട്ട വെട്ട് പോത്തിന്റെ ദേഷ്യമായിരുന്നു എനിക്ക്

എല്ലാം കൈ വിട്ട് പോകുന്നത് പോലെ തോന്നി എനിക്ക്... ഞാൻ അറിയാതെ ആണെങ്കിൽ പോലും ഈ ദേഷ്യത്തിൽ ചേച്ചിയെ എന്തെങ്കിലും ചെയ്തു പോകുമോ എന്ന നേരിയ ഭയം ഉള്ളിലെവിടെയോ ഉണ്ടായിരുന്നു

ജീവിതത്തിൽ ആദ്യമായിട്ടാണ് ഞാൻ ഇങ്ങനെ..ചേച്ചിയുടെ അവസ്ഥയും മറിച്ചൊന്നുമല്ലായിരുന്നു

ഒന്നും വേണ്ട എന്നുണ്ട് പക്ഷെ അവളുടെ മുഖം കാണുമ്പോൾ ദേഷ്യം ഇരട്ടിച്ചുവന്നു

"നീയെന്നെ തല്ലുമല്ലെടി....ഇത്രയൊക്കെ സഹിച്ചു നിൽക്കാൻ ഞാൻ നിന്റെ അടിമ ആണെന്ന് കരുതിയോടി..?

അവൾക്ക് നേരെ കൈ ചൂണ്ടി പറഞ്ഞു..അതിനൊക്കെ മുൻപേ ചേച്ചി എന്നെ വട്ടം പിടിച്ചിരുന്നു

ചുഴലിക്കാറ്റ് പോലെ പാഞ്ഞുവന്നെന്നെ കെട്ടിപിടിച്ചുകൊണ്ട് ചേച്ചി അലറി കരയാൻ തുടങ്ങി

ഉടുമ്പ് പിടിച്ചതിലും കഷ്ടമായിരുന്നു എന്റെ അവസ്ഥ... എല്ല് ഒടിഞ്ഞു നുറുങ്ങിപോകുമെന്ന് തോന്നി അവളുടെ പിടിത്തം കണ്ട്

എങ്കിലും ദേഷ്യമൊക്കെ കുറഞ്ഞു വരുന്നത് ഞാൻ അറിഞ്ഞു

ചേച്ചിയെ ശ്രദ്ധിച്ചപ്പോ അലറി കരഞ്ഞുകൊണ്ട് എന്തൊക്കെയോ പറയുന്നുണ്ട് പാവം.. അമ്മയോടും അച്ഛനോടും സോറി പറയുന്നതൊക്കെ കേൾക്കാം.. എന്നെ തല്ലിയതിൽ നല്ല വിഷമമുള്ളതായി എനിക്ക് തോന്നി

പിന്നെ എന്തൊക്കെയോ അവൾ പറയുന്നുണ്ടായിരുന്നു..കരച്ചിലിന്റെ ശബ്ദം കാരണം ഒന്നും അത്ര വക്തമായി കേൾക്കുന്നില്ല

ഞാൻ അല്പം കൂടെ ശ്രദ്ധിച്ചു കേൾക്കാൻ ശ്രമിച്ചു

ചേച്ചി : സോറി.. ജോ... ഞാൻ.. ഞാൻ അറിയാതെ ചെയ്തതാ... എനി.. എനിക്ക് ഒന്നും അറിയില്ല ജോ എന്താ ഇങ്ങനെന്ന്... നീ എന്തിനാ അങ്ങനെ... അങ്ങനെയൊക്കെ പറഞ്ഞത്.. നിനക്കറിയോ... എനിക്കെന്ത് ഇഷ്ടാണെന്ന് അറിയോ നിന്നെ.... അതല്ലേ നീ അമ്മുവിനെ... അവളെ പറഞ്ഞപ്പോ അങ്ങനെയൊക്കെ പറഞ്ഞത്..."

"അമ്മുവോ... നീ എന്തൊക്കെയാടി പറയുന്നേ...?

കെട്ടി പിടിച്ചു നിന്ന അവളെ എന്നിൽനിന്നകറ്റി നിർത്തികൊണ്ട് ഞാൻ ചോദിച്ചു

ചേച്ചി : പറ്റില്ല ജോ എനിക്കിനി... പറയണ്ടെന്ന് കരുതിയതാ... ഇനിയും പറഞ്ഞില്ലേ ഞാൻ ചത്തു പോവുമെടാ... എനിക്ക് നീയില്ലാതെ പറ്റില്ലെടാ...സത്യമായിട്ടും...ഒരുപാട് ഇഷ്ടവാ നിന്നെ...നീയില്ലെ ഞാൻ ചത്തു പോവുമെടാ.. ഉറപ്പായും..

"നീയെന്താ പറഞ്ഞെ.... ഇഷ്ടാണെന്നോ.... അതൊന്നും ശരിയാവുകേല.."

വേഗന്ന് ഞാൻ അവളിൽ നിന്ന് വിട്ടുമാറി ബെഡിൽ ഇരുന്നു

ഇവളെന്തൊക്കെയാ വിളിച്ചു പറയുന്നേ.. ദേഷ്യം ആണെന്ന് കരുതി

ഞാൻ എന്റെ ചേച്ചിയെ പോലെയേ കണ്ടിട്ടുള്ളു ഇത്രയും കാലം... പക്ഷെ അവളെന്നെ ഒരനിയനെപോലെ തന്നെ അല്ലേ കാണുന്നത് എന്നെ എനിക്ക് സംശയം തോന്നാൻ തുടങ്ങിട്ട് കൊറച്ചു കാലമായി

എങ്കിലും എന്റെ വെറും സംശയം മാത്രമാവും അതെല്ലാമെന്ന് കരുതി ഞാൻ സമാധാനിച്ചുരുന്നു

തലക്ക് കൈ കൊടുത്തിരുന്നുഞാൻ ഇപ്പൊ നടന്നതെല്ലാം ആലോചിക്കാൻ തുടങ്ങി

പെട്ടെന്ന് ചേച്ചി നിലത്തേക്ക് വീണെന്റെ കാല് പിടിച്ചു

മുൻപത്തെതിലും ഉറക്കെ കരഞ്ഞുകൊണ്ട് എന്റെ കാലുരണ്ടും കൂട്ടി പിടിച്ചു കിടക്കുവാണ് ചേച്ചി

അവളെ തട്ടി മാറ്റാൻ ഞാൻ ശ്രമിച്ചു പക്ഷെ പിടിക്കുന്നതിന്റെ ശക്തി കൂടിയതല്ലാതെ ഒരല്പം പോലും കുറഞ്ഞില്ല

ചേച്ചി : പ്ലീസ് ജോ... എനിക്ക് മറക്കാൻ പറ്റില്ലെടാ നിന്നെ... ഒരുപാട് തവണ ഞാൻ ശ്രമിച്ചു നോക്കിയതാ.. പക്ഷെ... പക്ഷെ പറ്റിയില്ലെടാ.. നീയെന്നെ വിട്ട് പോകുമോന്ന പേടി കാരണമാ ജോ ഞാനൊന്നും പറയാതിരുന്നേ... എനിക്കറിയാം നിന്നെക്കെന്നെ വേറൊരു രീതിയിലും കാണാൻ പറ്റുകേലന്ന്... പക്ഷെ പറ്റിപ്പോയെടാ...

കരഞ്ഞു കൊണ്ട് ചേച്ചി ഓരോന്ന് പറയാൻ തുടങ്ങി

"മാറി നില്ലെടി..."

സകല ശക്തി എടുത്തു ഞാൻ ചേച്ചിയെ തള്ളി മാറ്റി... ഓർക്കപ്പുറത്ത് കിട്ടിയൊരു തള്ളലിൽ ചേച്ചി തെറിച്ചു വീണു

എവിടെയോ ഇടിക്കുന്ന ശബ്ദം കേട്ടെങ്കിലും തിരിഞ്ഞു പോലും നോക്കാതെ ഞാൻ റൂമിൽ നിന്ന് ഇറങ്ങി നടന്നു

കണ്ണുകളൊക്കെ പതിവിലധികം നിറഞ്ഞു വന്നു... മുമ്പിൽ കാഴ്ചകളൊക്കെ മങ്ങുന്നത് പോലെ... കാലുകളെ തളർച്ച പിടി കൂടി തുടങ്ങി

അങ്ങനൊരാവസ്ഥയിലായിരുന്നിട്ടും പോലും ഞാൻ കാറുമെടുത്ത് പുറത്തേക്കിറങ്ങി

ചേച്ചിയുടെ വാക്കുകൾ അത്രയേറെ എന്നെ വിഷമിപ്പിച്ചിരുന്നു

എവിടേക്ക് പോണമെന്നു അറിയാതെ ഞാൻ നിന്നു.. പിന്നെ അഖിലിന്റെ ഹോസ്റ്റലിലേക്ക് വണ്ടി വിട്ടു

വേറെ എവിടെ പോകണമെന്ന് എനിക്ക് അറിയില്ലായിരുന്നു... അവനെ ഫോണിൽ വിളിച്ചു വരാൻ പറഞ്ഞു ഞാൻ കാറിലിരുന്നു കരയാൻ തുടങ്ങി

സ്റ്റിയറിങ്ങിൽ തലതല്ലി കരയുന്ന എന്നെ കണ്ടുകൊണ്ടാണ് അഖിൽ ഓടി വന്നത്

ജീവിതത്തിൽ ആദ്യമായിട്ടാണ് ഞാനിതുപോലൊരാവസ്ഥയിലൂടെ കടന്നു പോകുന്നത്.. അതുകൊണ്ട് തന്നെ ഇതിനെയെങ്ങനെ മറികടക്കണമെന്ന് എനിക്കൊരു എത്തും പിടിയും കിട്ടിയില്ല

പാതി ബോധത്തിൽ ഞാനറിഞ്ഞു ആരൊക്കെയോ കൂടിയെന്നെ താങ്ങിയെടുത്തൊരു ബെഡിൽ കിടത്തുന്നത്

ഇടക്കെപ്പോഴോ ബോധം വന്നപ്പോ മങ്ങിയ കാഴ്ച്ചയിൽ കണ്ടു തലയ്ക്കു മുകളിൽ കറങ്ങുന്ന ഫാൻ

അതിന്റെ തണുപ്പിൽ ഞാനൊന്ന് മയങ്ങി

പിന്നെ കണ്ണ് തുറക്കുന്നത് അഖിലിന്റെ ശബ്ദം കേട്ടാണ്

ഉറക്കച്ചടവിൽ ഞാൻ പാതി എണീറ്റ് നോക്കിയപ്പോ കണ്ടു വാതിൽക്കൽ നിന്നുകൊണ്ടവൻ ആരോടോ ഫോണിൽ സംസാരിക്കുന്നത്

മെല്ലെ എണീറ്റിരുന്ന് ഞാൻ ചുറ്റിനും നോക്കി

അതികം വലുപ്പമില്ലാത്ത ഒരു മുറിയും ഒരു കട്ടിലും.. അതിലാണ് ഞാൻ കിടക്കുന്നത്

അടുത്തായുള്ള ബെഞ്ചിലും ഷെൽഫിലും നിരന്നു കിടക്കുന്ന പുസ്തകങ്ങളും തുണികളും

തുറന്നിട്ട ജനലിലൂടെ എന്റെ മുഖത്തേക്കടിക്കുന്ന സൂര്യപ്രകാശം എനിക്ക് ശല്യമായി തോന്നി

പെട്ടെന്നാണ് ഇന്നലത്തെ കാര്യങ്ങൾ എല്ലാം എന്റെ ഓർമ്മയിലേക്ക് വന്നത്

നടന്നതൊക്കെ ഓർത്തെന്റെ കണ്ണ് നിറഞ്ഞു.. ചേച്ചിയുടെ വാക്കുകൾ ഓർമ്മ വന്നപ്പോ മനസ്സിലെവിടെയോ ഒരു ദേഷ്യം ഉടലെടുത്തു

അപ്പോളാണ് ഞാൻ മറ്റൊരു കാര്യം ഓർത്തത്

ഇപ്പൊ നേരം വെളുത്തിരിക്കുന്നു

ഞാൻ ഇന്നലെ ഫ്ലാറ്റിൽ നിന്നിറങ്ങിയപ്പോ രാത്രി ആയിരുന്നു.. ഇത്രയും സമയം ഞാൻ അഖിലിന്റെ കൂടെ ആയിരുന്നു

മനസ്സിലേക്ക് ചേച്ചിയുടെ വാക്കുകൾ കേറി വന്നു

"എനിക്ക് നീയില്ലാതെ പറ്റില്ലെടാ...സത്യമായിട്ടും...ഒരുപാട് ഇഷ്ടമാ നിന്നെ...നീയില്ലെ ഞാൻ ചത്തു പോകുമെടാ.. ഉറപ്പായും.."

ചേച്ചിയുടെ അപ്പോഴത്തെ മാനസികാവസ്ഥ എനിക്കിപ്പോഴാണ് മനസിലായത്...

ഞാൻ ആണെങ്കിൽ അപ്പോഴത്തെ ദേഷ്യത്തിൽ ഇറങ്ങി പോരുകയും ചെയ്തു

ചേച്ചി പറഞ്ഞത് പോലെ എന്നെ നഷ്ടമായി എന്ന തോന്നലിൽ അവളെന്തെങ്കിലും ചെയ്തു കാണുമോ എന്ന് ഞാൻ ഭയന്നു

എന്റെ കൈകൾ വിറക്കാൻ തുടങ്ങി.. എണീക്കാൻ ശ്രമിച്ചെങ്കിലും പറ്റുന്നുണ്ടായിരുന്നില്ല

അവസമായി മുറിവിട്ടിറങ്ങുമ്പോൾ ഞാൻ കേട്ടത് ശക്തിയായി എവിടെയോ എന്തോ ഇടിക്കുന്ന ശബ്ദവും ചേച്ചിയുടെ അടക്കി പിടിച്ചുള്ള കരച്ചിലുമാണ്...

അവളുടെ നിലവിളി എന്റെ തലക്ക് ചുറ്റും കറങ്ങുന്നതായി എനിക്ക് തോന്നി

ശക്തിയായി ബെഡിൽ അടിച്ചുകൊണ്ട് ഞാൻ ചാടി എണീറ്റു.. എങ്കിലും ബാലൻസ് തെറ്റി ഞാൻ വീഴാൻ പോയി

അപ്പോളേക്കും അഖിലെന്നെ വന്നു പിടിച്ചിരുന്നു

അഖിൽ : ജോ നീ ഓക്കേ അല്ലേ...കൊഴപ്പമൊന്നുമില്ലല്ലോ..?

അവനെന്നോട് ചോദിച്ചു.. എന്റെയീ അവസ്ഥ

കണ്ടുള്ള ഒരു പേടി അവന്റെ ശബ്ദത്തിൽ നിഴലിച്ചിരുന്നു

"കൊഴപ്പമില്ലെടാ.. എനിക്ക് പോണം... ചേച്ചി.. ചേച്ചിയവിടെ ഒറ്റക്ക..."

അവനെ പിടിച്ചു നിന്നുകൊണ്ട് ഒരുവിധം ഞാൻ പറഞ്ഞൊപ്പിച്ചു

അഖിൽ : നീയൊന്ന് ആദ്യം ഇവിടെ ഇരിക്ക്...ഒന്ന് വിശ്രമിക്ക് നീ

അവനെന്നെ ആശ്വസിപ്പിക്കാൻ ശ്രമിക്കുന്നുണ്ടായിരുന്നില്ല.. പക്ഷെ അതൊന്നും എന്റെ തലയിൽ കേറിയില്ല.. ചേച്ചിക്ക് എന്തോ സംഭവിച്ചെന്ന് എന്റെ മനസ്സ് പറഞ്ഞുകൊണ്ടിരുന്നു

"വേണ്ടെടാ..ചേച്ചി ഒറ്റക്ക..."

അഖിൽ : ദയേച്ചി ഒറ്റക്കല്ല...ഇന്നലെ അമ്മുവും അമിതയും ചേച്ചിയുടെ കൂടെ ഉണ്ടായിരുന്നു

അവൻ പറഞ്ഞത് കേട്ട് വിശ്വാസം വരാതെ അവനെ ഞാൻ നോക്കി

അഖിൽ : നേരാ ജോ.. ഇന്നലെ നീ ഇവിടെ വന്ന അവസ്ഥ നിനക്ക് ഓർമ്മ ഒണ്ടോ... കരഞ്ഞു തളർന്നു നിനക്ക് വല്ലതും ആയിപോകുമോ എന്ന് വരെ ഞാൻ പേടിച്ചുപോയി... പിന്നെ ഞാനും സെക്യൂരിറ്റിയും കൂടിയ നിന്നെ ഇവിടെ കൊണ്ട് വന്നു കിടത്തിയത്

ഇതെല്ലാം എനിക്ക് പുതിയ അറിവായിരുന്നു

"അതെന്താ..?

അഖിൽ : എന്താന്നോ... എണീറ്റു നിക്കാൻ പോലും പറ്റാത്ത വിധം നീ തളർന്നു പോയിരുന്നു... അല്ല മോനെ.. ആ അവസ്ഥയിൽ നീയെങ്ങനാ വണ്ടിയൊടിച്ചു ഇവിടെ വരെ വന്നത്

"എനിക്ക് അറിയില്ലെടാ ഒന്നും.. ഓർമ്മ കിട്ടുന്നില്ല..."

തലക്ക് കൈ വെച്ചുകൊണ്ട് ഞാൻ കട്ടിലിൽ ഇരുന്നു... അമ്മുവും അമിതയും ചേച്ചിയുടെ കൂടെ ആണെന്ന് അറിഞ്ഞപ്പോ മനസ്സിലെവിടെയോ ഒരാശ്വാസം തോന്നി

"അല്ല.. ഞാനും ചേച്ചിയും തമ്മിൽ വഴക്കായ കാര്യം നിനക്കെങ്ങനെ അറിയാം..?

ഞാൻ അവനോട് ചോദിച്ചു.. അതിനവൻ ഒന്ന് ചിരിച്ചുകൊണ്ട് എന്റെ അടുത്ത് വന്നിരുന്നു

അഖിൽ : നിന്നെ ഇന്നലെ ഇവിടെ വന്നു കിടത്തിയപ്പോ തൊട്ട് എന്തൊക്കെയോ പിച്ചും പേയും പറയുന്നുണ്ടായിരുന്നു.. ഇടക്ക് ചേച്ചിയുടെ കാര്യവും.. അപ്പൊ തന്നെ എനിക്ക് കാര്യം ഏകദേശം പിടി കിട്ടി.. അപ്പൊ തന്നെ അമ്മുവിനെ വിളിച്ചു നിന്റെ ഫ്ലാറ്റിലേക്ക് വിട്ടു

"ചേച്ചിയെ കണ്ടോ..?

അഖിൽ : മ്മ്... നീ അവളെ തല്ലിയോ ഇന്നലെ..?

അല്പം ഗൗരവത്തിൽ അവൻ ചോദിച്ചു... തല്ലിന്റെ കാര്യം പറഞ്ഞപ്പോ ആദ്യം കൈ പോയത് ഇടതു കവിളിലേക്ക് ആയിരുന്നു

"ഞാൻ തല്ലിയില്ല.. പക്ഷെ എനിക്ക് കിട്ടി കനത്തിൽ ഒരെണ്ണം.."

അഖിൽ : നീ തല്ലാതെ എങ്ങനാ മൈരേ ചേച്ചിയുടെ നെറ്റി മുറിഞ്ഞത്...?

"നെറ്റി മുറിഞ്ഞെന്നോ... എങ്ങനെ.."

അപ്പോളാണ് ഇന്നലെ അവളെപ്പിടിച്ചു തള്ളിയത് ഓർമ്മ വന്നത്... അപ്പൊ തലയെവിടെയോ തട്ടിയ ശബ്ദമാണ് കേട്ടത്

കുറ്റബോധത്തോടെ ഞാൻ അവനെ നോക്കി

അഖിൽ : ഇനി അതോർത്ത് ഇരിക്കുകയൊന്നും വേണ്ട... ചെറിയ ഒരു മുറിവാ... അപ്പോ തന്നെ അമ്മുവത് മരുന്നൊക്കെ വെച്ചു കെട്ടികൊടുത്തു.. അങ്ങനയല്ലേ നിങ്ങൾ തമ്മിലുള്ള വഴക്കിന്റെ കാര്യം അറിഞ്ഞത്..

"മ്മ്... എനിക്കൊന്നും ചേച്ചിയെ കാണണമെടാ..."

അവന്റെ കൈ പിടിച്ചുഞാൻ പറഞ്ഞു

അഖിൽ : എന്തിനാടാ ഇനിയും.. ആ പാവത്തിനെ വിഷമിപ്പിക്കാനോ...

"ഞാൻ എങ്ങനെ വിഷമിപ്പിക്കാനാ അഖിലേ... എന്റെ വിഷമം ഒന്നും ആരും അറിയുന്നില്ലല്ലോ..."

നിറഞ്ഞ കണ്ണുകൊണ്ടു ഞാൻ പറഞ്ഞു

അത് കണ്ട അഖിൽ എന്റെ തോളിൽ കൈ വെച്ചു

എന്താണെന്ന അർത്ഥത്തിൽ ഞാൻ അവനെ നോക്കി

അഖിൽ : നീ ആലോചിച്ചു നോക്ക് ജോ... ചേച്ചി എല്ലാം ഞങ്ങളോട് പറഞ്ഞു...ആരുമില്ലാതെ ജീവിതത്തിനൊരു ലക്ഷ്യവും ഇല്ലാതെ നിന്ന അവൾക്ക് കൂടെ ആരെങ്കിലും ഓക്കേ ഉണ്ടെന്നു തോന്നിപ്പിച്ചത് നീയാ... ആ നിന്നെ സ്വന്തം ജീവനേക്കാൾ സ്നേഹിച്ചതാണോ ജോ ചേച്ചി ചെയ്ത തെറ്റ്...

അവൻ പറഞ്ഞ കാര്യങ്ങൾ ഓക്കേ ഞാൻ മനസിലാക്കാൻ ശ്രമിച്ചു

അഖിൽ : എനിക്കറിയാം നീ അവളെ ചേച്ചിയെന്ന് വിളിക്കുന്നത് എന്ത് അർഥത്തിൽ ആണെന്ന്..പക്ഷെ എങ്ങനെ ആണേലും സ്വന്തം ചേച്ചി ആവില്ലല്ലോ.. പിന്നെ എന്താ പ്രശ്നം

അവനെന്നെ പറഞ്ഞു മനസിലാക്കാൻ ശ്രമിച്ചു

"എടാ.. പക്ഷെ..."

അഖിൽ : ഒരു പക്ഷെയും ഇല്ല.. നീ നിന്റെ മനസ്സിനോട് തന്നെ ചോദിക്കാൻ ശ്രമിക്ക്...ചേച്ചിയുടെ വാക്കുകൾ തലകൊണ്ട് മനസിലാക്കാൻ ശ്രമിക്കാതെ ഹൃദയം കൊണ്ട് ശ്രമിക്ക്...

എന്റെ നെഞ്ചിൽ കൈ വെച്ചുകൊണ്ടവൻ പറഞ്ഞു

അഖിൽ : വാ... നിന്നെ കൊണ്ടാക്കാം..

അതും പറഞ്ഞു അഖിൽ എണീറ്റു നടന്നു

പിറകെ ഞാനും

വണ്ടി ഓടിച്ചത് അഖിലായിരുന്നു... ആ സമയമെല്ലാം ഞാൻ കണ്ണടച്ചു കിടന്നു

അഖിൽ പറഞ്ഞത് പോലെ ഞാൻ ചേച്ചിയെ മനസിലാക്കാൻ ശ്രമിച്ചു

ഏറെ നേരത്തെ ആലോചനക്കൊടുവിൽ എനിക്ക് പല കാര്യങ്ങളും മനസിലായി

അല്പം സമയത്തിനുള്ളിൽ ഞങ്ങൾ ഫ്ലാറ്റിൽ എത്തി

താഴെ പാർക്കിങ്ങിൽ തന്നെ അമ്മുവിന്റെ സ്കൂട്ടി ഉണ്ടായിരുന്നു

അവരിതുവരെ പോയില്ലെന്ന് എനിക്ക് മനസിലായി

റൂമിനോട് അടുക്കുന്തോറും എനിക്ക് ടെൻഷൻ കൂടി വന്നു

ചേച്ചിയെ എങ്ങനെ ഫേസ് ചെയ്യുമെന്ന പേടി ആണ് അതിന് കാരണം

ഫ്ലാറ്റിന്റെ വാതിൽ തുറന്ന് അഖിൽ ആദ്യം അകത്തു കയറി

പിന്നാലെ അല്പം മടിയോടെ ഞാനും

അവിടെ കണ്ട കാഴ്ച എന്റെ കിളി പറത്തി എന്നത് ആവും സത്യം

ഒരു യുദ്ധഭൂമിക്ക് സമാന്തരം ആയിരുന്നു അവിടുത്തെ അവസ്ഥ

മറിഞ്ഞു കിടക്കുന്ന കസേരകളും പൊട്ടിയ ഗ്ലാസ്സും പത്രങ്ങളുമെല്ലാം വാരി കൂട്ടുന്ന തിരക്കിൽ ആയിരുന്നു അമ്മു

എന്നെ കണ്ടതും മുഖത്തൊരു മങ്ങിയ ചിരിയുമായി അവൾ എന്റെ അടുക്കലേക്ക് വന്നു

അമ്മു : അവിടെ തന്നെ നിക്കാതെ കേറി വാടാ

ഉള്ളിലേക്ക് കയറിയതും എന്റെ റൂമിൽ നിന്ന് കാറ്റ് പോലെ ഇറങ്ങി വരുന്ന അമിതയെ ആണ് കണ്ടത്

മുഖമൊക്കെ കടന്നല് കുത്തിയത് പോലെ വീർപ്പിച്ചു പിടിച്ചാണ് വരുന്നത്

അവളെ കണ്ട് ചിരിക്കാൻ ഒരു ശ്രമം നടത്തിയെങ്കിലും അത് വിചാരിച്ചത്ര നടന്നില്ല

അമിത എന്റെ മുൻപിൽ വന്നതും വലതു കൈ കൊണ്ട് തലേന്ന് ചേച്ചി അടിച്ച അതേ കവിളിൽ തന്നെ ശക്തിയായി ഒരു കുത്ത് തന്നു

സകല ദൈവങ്ങളെയും ഒരൊറ്റ നിമിഷം വിളിച്ചുകൊണ്ടു ഞാൻ സോഫയിൽ ഇരുന്നു

അമിത : എന്തിനാടാ തെണ്ടി നീ ചേച്ചിയെ ഇങ്ങനെ കരയിപ്പിച്ചത്

ചേച്ചിയുടെ കാര്യവും കവിളിലേ വേദനയും കൂടെ ചേർന്നപ്പോ കണ്ണൊക്കെ നിറഞ്ഞൊരു പരുവം ആയിരുന്നു

"സോറിടി... വേണന്നു വെച്ചിട്ടല്ലായിരുന്നു... പറ്റിപ്പോയി..."

അമ്മു : വിട്ട് കള ജോ... നീ ചെറിയൊരു പ്രശ്നം വരുമ്പോൾ തന്നെ ഇങ്ങനെ തളരാതെ

എന്റെ അടുക്കൽ വന്നിരുന്നുക്കൊണ്ട് അമ്മു എന്നോട് പറഞ്ഞു

"അമ്മു സോറി...ഞങ്ങടെ വഴക്കിനിടയിൽ ഞാൻ നിന്നെയും പിടിച്ചിട്ടു.."

അമ്മുവിന്റെ പേരും പറഞ്ഞു വഴക്കുണ്ടാക്കിയത് ഓക്കേ ഓർത്തു ഞാൻ പറഞ്ഞു... അതെല്ലാം ഒരു ചിരിയോടെ കേട്ടിരിക്കുക മാത്രമാണ് അവൾ ചെയ്തത്

"എടി എനിക്ക് ചേച്ചിയെ ഒന്ന് കാണാൻ പറ്റുമോ...?

ചേച്ചിയെ കാണാനുള്ള ആഗ്രഹം കൊണ്ട് ഞാൻ ചോദിച്ചു

അമിത : കാണുന്നതൊക്കെ കൊള്ളാം... വിളിച്ചെണീപ്പിക്കരുത്... രാവിലെവരെയിരുന്നു കരഞ്ഞിട്ട് ഇപ്പൊ ആണ് ഒന്ന് മയങ്ങിയത്

ഞാൻ എണീറ്റെന്റെ മുറിയിലേക്ക് നടന്നു

വാതിക്കൽ എത്തുന്നത് വരെ എനിക്ക് അറിയില്ലായിരുന്നു... ചേച്ചി ആയി കാണണോ അതോ അവളുടെ ഇഷ്ടം പോലെ എന്റെ പെണ്ണായി കാണണോ എന്ന്...

മനസ്സിൽ ആകെ പാടെ ഒരു വടം വലി തന്നെ നടക്കുകയായിരുന്നു... തല്ക്കാലം എല്ലാവരെയും മാറ്റി നിർത്തി ഒരു ദീർഘ നിശ്വാസം എടുത്തിട്ട് ഞാൻ വാതിൽ തുറന്നു

അകത്തു കയറിയതെ കണ്ടു എന്റെ നിക്കറും ബനിയനുമിട്ട് ബെഡിൽ ചുരുണ്ടു കൂടി കിടക്കുന്ന ചേച്ചിയെ

ഗർഭപത്രത്തിൽ കുഞ്ഞു കിടക്കുന്നത് പോലെ കാൽമുട്ട് രണ്ടും മുൻപിലേക്ക് മടക്കി ആണ് കിടക്കുന്നത്

ചെറിയ സ്പീഡിലുള്ള ഫാനിന്റെ കാറ്റിൽ മുടിയിഴകൾ പാറി പറന്നു കിടക്കുകയാണ്

ഞാൻ ചേച്ചിയുടെ അരികിൽ മുട്ടുകുത്തി നിന്നു

നെറ്റിയിൽ ചെറിയൊരു ബാൻഡ് എയ്ഡ് ഒട്ടിച്ചിട്ടുണ്ട്.. മെല്ലെ അതിൽ തൊട്ട് നോക്കി

വേദന കൊണ്ടാണെന്നു തോന്നുന്നു നെറ്റി മടക്കികൊണ്ട് വീണ്ടും ചുരുണ്ടു കൂടി കിടക്കാൻ ശ്രമിച്ചു

കാറ്റത്തു പാറുന്ന മുടിയൊക്കെ ഒരു വശത്തേക്ക് ആക്കികൊണ്ട് ഞാൻ അവിടെ തന്നെ ഇരുന്നു

"മറ്റാരേക്കാളും നിന്നെ മനസിലാക്കാൻ പറ്റുമെന്ന് കരുതി നടന്നവനാ ഞാൻ... ആ എനിക്ക് മനസിലാക്കാൻ പറ്റാതെ പോയല്ലോടി ചേച്ചി നിനക്ക് എന്നോടുള്ള ഇഷ്ടം.."

ചേച്ചിയുടെ തലയിൽ തലോടിക്കൊണ്ട് ഞാൻ അത് പറയുമ്പോൾ എന്റെ കണ്ണ് നിറഞ്ഞിരുന്നു

അങ്ങനെ അവളുടെ കൂടെ ഇരിക്കുമ്പോൾ ഞാൻ അറിയുകയായിരുന്നു എനിക്ക് അവളോടുള്ള ഇഷ്ടം എന്തായിരുന്നെന്ന്... ചേച്ചി എനിക്ക് ആരായിരുന്നു എന്ന്

"ജോ...!

തലകുനിച്ചിരിക്കുമ്പോൾ ആയിരുന്നു ചേച്ചിയുടെ വിളി കേട്ടത്... പതിയെയുള്ള വിളിയിൽ നിന്ന് തന്നെ മനസിലാക്കാം ചേച്ചി എത്ര മാത്രം അവശയായിരുന്നെന്ന്

ഞാൻ നോക്കുമ്പോൾ കണ്ടത് എന്നെ നോക്കി കണ്ണ് നിറച്ചു കിടക്കുന്ന ചേച്ചി ആയിരുന്നു

അത് കൂടെ കണ്ടപ്പോ എന്ത് പറയണമെന്നറിയാതെ ഞാൻ ഇരുന്നു

എങ്കിലും അവളുടെ കൈ രണ്ടും കൂട്ടിപ്പിടിച്ചുകൊണ്ട് പറഞ്ഞു

"സോറി..."

അത് മാത്രമേ എനിക്ക് പറയാൻ ഉണ്ടായിരുന്നുള്ളു

ചേച്ചി : എന്തിനാ ജോ... ഞാനല്ലേ അത് പറയേണ്ടത്... എല്ലാത്തിനും കാരണം ഞാനല്ലേ... ആർക്കും വേണ്ടാത്ത ഒരു പാഴ് ജന്മത്തിന് ജീവിക്കാൻ ഒരവസരം കൊടുത്തത് കൊണ്ടല്ലേ ഇങ്ങനെ ഓക്കേ ഉണ്ടായത്... അല്ലായിരുന്നെങ്കിൽ എന്നേ അവസാനിപ്പിച്ചേനെ ഈ ജീവിതം...

കരച്ചിലടക്കാൻ പാട് പെട്ടുകൊണ്ട് ചേച്ചി പറഞ്ഞു

അവളുടെ കയ്യിൽ ഒരല്പം ബലത്തിൽ തന്നെ ഞാൻ പിടിച്ചു.. പിന്നെ മുഖത്തൊരു ചിരി വരുത്തികൊണ്ട് ചേച്ചിയുടെ ചെവിയിൽ പതിയെ പറഞ്ഞു

"അങ്ങനെ ചത്താൽ എനിക്ക് പിന്നെ ആരുണ്ടെടി ചേച്ചി.."

കേട്ടത് വിശ്വസിക്കാനാവാതെ എന്നെ തന്നെ നോക്കി കിടക്കുകയായിരുന്നു ചേച്ചി...

എൻെറ വാക്കുകളുടെ അർത്ഥം മനസിലാക്കിയതും

അടക്കി പിടിക്കാൻ ശ്രമിച്ച കരച്ചിൽ ഒറ്റയടിക്ക് അണപൊട്ടി പുറത്തേക്കൊഴുക്കികൊണ്ടെന്നേ കെട്ടി പിടിച്ചു

ഇന്നലെ പിടിച്ചതിലും ശക്തിയിൽ

ചേച്ചിയുടെ ചൂടിലും കെട്ടിപ്പിടിത്തത്തിലും എനിക്ക് വീർപ്പുമുട്ടിയെങ്കിലും ഞാനതെല്ലാം ആസ്വദിക്കാൻ തുടങ്ങിയിരുന്നു

ഇതാണെന്റെ ചേച്ചി... ഞാൻ സ്നേഹിച്ച...

എന്നെപ്പോലുമറിയിക്കാതെ എന്നെ സ്നേഹിച്ച എന്റെ ചേച്ചി... ജോമോന്റെ മാത്രം ചേച്ചി

അന്ന് മുതൽ ഞാൻ അറിയാനും അനുഭവിക്കാനും ശ്രമിക്കുകയായിരുന്നു ചേച്ചിയെ... മുൻപത്തേക്കാൾ എത്രയോ മനോഹരമായിരുന്നു പിന്നീടുള്ള ജീവിതം

പക്ഷെ അധിക കാലം അത് തുടർന്ന് പോയില്ല.. ചേച്ചിയുടെ കല്യാണം നിശ്ചയിക്കാൻ അച്ഛനുമമ്മയും കൂടി തീരുമാനിച്ചു

ഇതറിഞ്ഞ ദിവസം എന്നെ ചുറ്റിപ്പിടിച്ചു കരഞ്ഞ ചേച്ചിയുടെ മുഖം ഒരിക്കലും ഞാൻ മറക്കില്ല... ഇനിയും ആ കണ്ണുകൾ നിറയാതിരിക്കാൻ ഞാൻ ഒരു തീരുമാനമെടുത്തു

ചേച്ചി അറിയാതെ ഞാൻ നാട്ടിലേക്ക് പോയി.. അമ്മയെയും അച്ഛനെയും കണ്ടു

വരുന്നത് വരട്ടെ എന്ന് കരുതി ഞങ്ങൾ തമ്മിലുള്ള ഇഷ്ടത്തേക്കുറിച്ച് പറഞ്ഞു

വിചാരിച്ചത് പോലെ തന്നെ വലിയൊരു ഭൂകമ്പം തന്നെ ഉണ്ടായെങ്കിലും എന്റെ അമ്മയും അച്ഛനുമല്ലേ അവർ....പിന്നെ ഞാൻ സ്നേഹിച്ചത് മറ്റാരെയും അല്ലല്ലോ.... ഈ കുടുംബത്തിൽ തന്നെ വളർന്ന ഒരുവളെ അല്ലേ

വീട്ടിൽ നിന്ന് പച്ചക്കൊടി കിട്ടിയത അടുത്ത നിമിഷം തന്നെ ട്രെയിൻ കയറി ബാംഗ്ലൂരിലേക്ക്

എന്നത്തെയും പോലൊരു വഴക്കും കഴിഞ്ഞു പിണങ്ങി മാറി നിന്ന ചേച്ചിയോട് നാട്ടിൽ പോയ കാര്യവും അമ്മയും അച്ഛനും സമ്മതിച്ച കാര്യവും പറഞ്ഞു

അന്ന് ചേച്ചിയുടെ കണ്ണിൽ കണ്ട തിളക്കം പിന്നീട് ഞാൻ കാണുന്നത് ഒന്നര വർഷത്തിന് ശേഷം നാട്ടിലെ പള്ളിയിൽ വെച്ച് അപ്പന്റെയും അമ്മയുടെയും ചേട്ടന്റെയും ചേട്ടത്തിയുടേം പിന്നെ അവരുടെ വാവയുടയും മുൻപിൽ വച്ച് അവളുടെ കഴുത്തിൽ മിന്ന് കെട്ടുമ്പോൾ ആയിരുന്നു

പടുത്തത്തിൽ ഉഴപ്പ് കാണിക്കുമ്പോഴും വികൃതി കാണിക്കുമ്പോഴും അവളെന്നിക്ക് ചേച്ചി ആണ്.. അല്ലാത്തപ്പോ പറഞ്ഞറിയിക്കാൻ പറ്റാത്ത വേറെ എന്തൊക്കെയോ ഒരു വികാരമാണെനിക്ക്

ചേച്ചിയോടുള്ള എന്റെ ഇഷ്ടം മനസിലാക്കിയ നിമിഷം മുതൽ ഞാൻ ആകെ മാറിപോയിരുന്നു... കാരണം....

"പ്രണയം എന്നും ഒരു പൈങ്കിളി ആണ്...!